## വികസന നയവും സമീപനവും

21/03/2023

ബഹുമാന്യരെ,

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ രണ്ടര ദശാബ്ദം പിന്നിടുമ്പോൾ വികസന മുന്നേറ്റത്തിന്റെ നൂതന മാതൃകകളുമായി പുതിയൊരു വാർഷിക ബഡ്ജറ്റ് കൂടി അവതരിപ്പിക്കുകയാണ് മലപ്പുറം ജില്ലാ പഞ്ചായത്ത്.

1992 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 73,74 ഭരണ ഘടനാ ഭേദഗതി പ്രകാരം 1994 ഏപ്രിൽ 24 ന് കേരളത്തിൽ നിലവിൽ വന്ന പഞ്ചായത്തീ രാജ് സംവിധാനം വിജയകരമായ 27 വർഷം പിന്നിടുമ്പോൾ അഭിമാനകരമായ നിരവധി നേട്ടങ്ങളുടെ നെറുകെയിലാണ് മലപ്പുറം.

വികസനത്തിന് വേണ്ടി യാചിച്ചിരുന്ന ഒരു ഭൂപ്രദേശത്തിന് പ്രാദേശിക ഭരണാധികാരത്തിന്റെ ചെങ്കോൽ ലഭിച്ചപ്പോൾ, ഒറ്റക്കെട്ടായ മുന്നേറ്റത്തിലൂടെയും ഒരുമയോടെയുള്ള രാഷ്ട്രീയ നീക്കങ്ങളിലൂടെയും നാം ആർജ്ജിച്ചെടുത്ത നേട്ടങ്ങൾ കേരളത്തിൽ തന്നെ പകരം വെക്കാനില്ലാത്തതാണ്.

ആരോഗ്യ വിദ്യാഭ്യാസ മേഖലയിലും, പ്രാദേശിക സാമ്പത്തിക വികസനത്തിലും സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിലും കാർഷിക വ്യാവസായിക മേഖലയിലും മലപ്പുറം ജില്ലയിൽ വേറിട്ട നിരവധി പദ്ധതികളാണ് കഴിഞ്ഞ കാലങ്ങളിൽ ആവിഷ്കരിക്കപ്പെട്ടത്.

സംസ്ഥാനത്ത് ജന സംഖ്യയിൽ ഒന്നാം സ്ഥാനത്തും വിസ്തൃതിയിൽ മൂന്നാം സ്ഥാനത്തുമായ മലപ്പുറം ജില്ല പക്ഷേ ആഗോള വാർത്താ ഏജൻസിയായ 'ദി ഇക്കണോമിസ്റ്റി'ന്റെ കണ്ടെത്തൽ പ്രകാരം ലോകത്ത് അതി വേഗം വികസിക്കുന്ന പ്രദേശമെന്ന ഖ്യാതിയിലേക്ക് ഉയരുന്നത് കേവല യാദൃശ്ചികതയായി ആരും കരുതേണ്ടതില്ല. ജില്ലയുടെ രാഷ്ട്രീയ നേതൃത്വവും പ്രാദേശിക ഭരണകൂടങ്ങളും ആസൂത്രണ പ്രക്രിയയെ സമഗ്രവും സക്രിയവുമായി

ഉപയോഗപ്പെടുത്തിയപ്പോഴാണ് പുരോഗതിയുടെ പുത്തൻ വാതായനങ്ങൾ വെട്ടിത്തുറക്കാൻ നമുക്ക് കഴിഞ്ഞത്.

2011 ലെ സെൻസസ് പ്രകാരം ജില്ലയുടെ ജനസംഖ്യ 41, 10,956 ആണ്. ഇത് കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 12 ശതമാനത്തോളം വരും. അത് കൊണ്ട് തന്നെ നിലവിലെ വ്യവസ്ഥിതി പ്രകാരം സർക്കാരിന്റെ വികസനക്ഷേമ പദ്ധതികൾ ജില്ലയിലെ എല്ലാ ജനങ്ങൾക്കും ഒരു പോലെ എത്തുന്നില്ല എന്നത് വലിയ യഥാർത്ഥ്യമാണ്. എന്നാൽ ഈ കുറവ് നികത്തുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ കഴിവിനും പരിധിക്കുമപ്പുറത്തുള്ള ഇടപെടൽ നടത്തേണ്ടി വരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അത് കൊണ്ട് തന്നെ ജില്ലയുടെ മൊത്തത്തിലുള്ള വെല്ലു വിളികൾ പരിഹരിക്കുന്നതിനും സാമൂഹ്യ സാമ്പത്തിക പുരോഗതിക്കും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ബഹു മുഖപദ്ധതികൾ ദീർഘ വീക്ഷണത്തോടെ ഏറ്റെടുക്കേണ്ടത് പുതിയ കാലത്തിന്റെ അനിവാര്യത ആയിരിക്കുന്നു.

ഈ വീക്ഷണ കോണിൽ നിന്നു കൊണ്ടാണ് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആറാമത്തെതും നിലവിലുള്ളതുമായ ഭരണ സമിതിയുടെ മൂന്നാമത്തെ ബഡ്ജറ്റിനു രൂപം നൽകിയിട്ടുള്ളത്.

ഉൽപ്പാദന മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതികളും, സേവന മേഖലയിലെ സമഗ്രമായ ഉടപെടലും, സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനുള്ള ശക്തമായ സമീപനങ്ങളും വിദ്യാഭ്യാസ രംഗത്തെ നൂതന വൽക്കരണവും, കായിക രംഗത്തെ കാലാനുസൃതവും കാലേകൂട്ടിയുമുള്ള പരിശീലനരീതികളും, തൊഴിൽ മേഖലക്ക് പ്രാമുഖ്യം നൽകുന്ന വകയിരുത്തലുകളും ഈ ബജറ്റിന്റെ സവിശേഷതയായിരിക്കും.

സർക്കാരിന്റെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഇടം പിടിച്ചിട്ടും ഇപ്പോഴും പാർപ്പിട സൗകര്യത്തിനായി കേഴുന്ന ജില്ലയിലെ പതിനായിരക്കണക്കിന് കുടുംബങ്ങൾ, ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ കുറവുകൾ അനുഭവപ്പെടുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ സങ്കേതങ്ങൾ, വിധി

വൈപരീത്യം കൊണ്ട് മാത്രം സമൂഹത്തിന്റെ മുഖ്യ ധാരയിൽ നിന്ന് മാറി നിൽക്കുന്ന ഭിന്നശേഷിക്കാർ, തുടങ്ങി എല്ലാ വിഭാഗത്തെയും പരിഗണിച്ചു കൊണ്ടുള്ള സാമ്പത്തിക വിന്യാസമാണ് ബജറ്റിന്റെ ലക്ഷ്യം.

ജില്ലാ പഞ്ചായത്തിന് ലഭ്യമാവുന്ന പരിമിതമായ സാമ്പത്തിക സ്രോതസ്സുകളുടെ പരിധിക്കുള്ളിൽ നിന്ന് കൊണ്ട് തന്നെ ജില്ലയുടെ നിലവിലുള്ള മുഴുവൻ പ്രശ്നങ്ങളെയും വെല്ലുവിളികളെയും പരമാവധി അഭിസംബോധന ചെയ്യുന്നതും, വികസന മുന്നേറ്റവും ചൂഷണമുക്തമായ സാമ്പത്തിക വളർച്ചയും ലക്ഷ്യം വെക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ അടങ്ങിയതുമായ സമ്പൂർണ്ണമായ ബജറ്റാണു 2023-24 സാമ്പത്തിക വർഷത്തേക്ക് ജില്ലക്കായി തയ്യാറാക്കിയിട്ടുള്ളത്. ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് നമുക്കൊരുമിച്ചു നിൽക്കാം എന്ന അഭ്യർത്ഥനയോടെ......

(ഒപ്പ് )

**എം. കെ. റഫീഖ**

പ്രസിഡന്റ്, മലപ്പുറം ജില്ലാ പഞ്ചായത്ത്

**********************

## മലപ്പുറം ജില്ലാ പഞ്ചായത്ത്

## 2023-24 വാർഷിക ബജറ്റ് സംഗ്രഹം

ജഗന്നിയന്താവായ പരമേശ്വരന് മുന്നിൽ സകലമാന സ്തോത്രങ്ങളുമർപ്പിച്ചു കൊണ്ട് മലപ്പുറം ജില്ലാ പഞ്ചായത്ത് 2020-25 ഭരണ സമിതിയുടെ മൂന്നാമത്തെ വാർഷിക ബജറ്റും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷ ബജറ്റും ഈ സഭക്ക് മുൻപാകെ സമയബന്ധിതമായി അവതരിപ്പിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷവും ചാരിതാർഥ്യവും ആദ്യമേ പങ്കു വെക്കുന്നു.

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ചരിത്രത്തിലെ 28-ാം മത്തെബജറ്റും ഈ ഭരണ സമിതിയുടെ മൂന്നാമത്തെ വാർഷിക ബജറ്റും ഭരണ സമിതി മുൻപാകെ അവതരിപ്പിക്കുമ്പോൾ നിലവിലുള്ള അവസ്ഥകൾ യാഥാർത്ഥ്യ ബോധത്തോടെ വിശകലനം ചെയ്യുന്നതിനും തദനുസൃതമായി പുതിയ കാലത്തേക്ക് കരുതലോടെയുള്ള കാഴ്ചപ്പാടുകൾ രൂപപ്പെടുത്തിയെടുക്കുന്നതിനും ഏറെ ശ്രദ്ധയോടെയുള്ള ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് ആമുഖമായി ഇവിടെ സൂചിപ്പിക്കുന്നു.

ജില്ല രൂപീകരിച്ചതിന്റെ സുവർണ്ണ ജൂബിലിയും, അധികാര വികേന്ദ്രീകരണത്തിന്റെയും ആസൂത്രണ പ്രസ്ഥാനത്തിന്റെയും രജത ജൂബിലിയും പിന്നിട്ട് പുരോയാനത്തിന്റെ പുതിയ ഗിരി ശൃംഗങ്ങളിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്ന മലപ്പുറത്തിന്റെ സ്വപ്നങ്ങൾക്ക് പൂർണ്ണ തോതിലല്ലെങ്കിലും ആവും വിധത്തിൽ സാക്ഷാൽക്കാരമേകുന്നതിന് ഈ ബജറ്റിൽ പരമാവധി ശ്രമിച്ചിട്ടുണ്ട്.

സമീപ ഭാവിയിൽ തന്നെ ജില്ലയുടെ നിഖില മേഖലകളിലും സമഗ്രമായ വികസനവും പുരോഗതിയും ലക്ഷ്യം വെക്കുന്ന പുതിയൊരു വാർഷിക ബജറ്റ് കൂടി സമർപ്പിക്കപ്പെടുമ്പോൾ, ജില്ല പിന്നിട്ട നാൾ വഴികളിലേക്കും കടന്നു വന്ന സംഭവ ബഹുലമായ ചരിത്രങ്ങളുടെ ദശാ സന്ധികളിലേക്കും ചെറിയ രീതിയിലുള്ള ഒരെത്തിനോട്ടം നടത്തുന്നത് ഉചിതമായിരിക്കും.

അര നൂറ്റാണ്ടു മുൻപ് വികസനത്തിന്റെ വെള്ളി വെളിച്ചെമെത്താതെ കിടന്നിരുന്ന ഒരു മലമ്പ്രദേശം..

സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുടെ പോർക്കളങ്ങൾ കൊണ്ട് ധന്യമായിരുന്നെങ്കിലും വെള്ളപ്പട്ടാളത്തിന്റെ കരാളമായ തേരോട്ടങ്ങൾ കൊണ്ട് ചവിട്ടി മെതിക്കപ്പെട്ട ഭൂ പ്രദേശമായിരുന്നു മലപ്പുറം.

വൈദേശിക ആധിപത്യത്തിനെതിരെ ജാതി മത വർണ്ണ വർഗ വ്യത്യാസങ്ങൾക്കതീതമായി ഒറ്റക്കെട്ടായി പട പൊരുതിയ ദേശ സ്നേഹികളുടെ നാട്..

അദമ്യമായ ദേശ സ്നേഹവും അതിശക്തമായ ബ്രിട്ടീഷ് വിരോധവും കൊണ്ട് ജീവിക്കാനും ജീവിതം ആസ്വദിക്കാനും മറന്നു പോയ ഒരു ജനത തിങ്ങിത്താമസിക്കുന്ന മലബാറിന്റെ ഹൃദയഭൂമി.....

ടാറിടാത്ത റോഡുകളും വൈദ്യുതിയും വെളിച്ചവുമെത്താത്ത ഗ്രാമങ്ങളും മാത്രമുണ്ടായിരുന്നയിരുന്ന തീർത്തും അവികസിതമായ നാട്.....

അടിസ്ഥാന സൗകര്യങ്ങളുടെയും ആരോഗ്യ സംവിധാനങ്ങളുടെയും അപര്യാപ്തത കൊണ്ട് വീർപ്പു മുട്ടിയിരുന്ന പഴയ കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ ജില്ലകളുടെ ഭാഗമായിരുന്ന ഈ പ്രദേശത്തെ 'മലപ്പുറം' എന്ന ഒരു ജില്ലയാക്കി പരിവർത്തിപ്പിച്ചതോടെയാണ് അഭൂതപൂർവമായ വികസനമുന്നേറ്റത്തിന്റെ തിരയിളക്കം ജില്ലക്കാർക്ക് ദർശിക്കാനായത്.

പഞ്ചായത്ത് രാജ് നഗര പാലികാ ബില്ലിന്റെ പിൻബലത്തിൽ 1994 ൽ മുഖ്യമന്ത്രി എ. കെ. ആന്റണിയുടെയും തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി സി. ടി. അഹമ്മദാലിയുടെയും കാർമികത്വത്തിൽ പ്രാദേശിക ഭരണ കൂടങ്ങൾ രൂപീകരിക്കുന്നതിനുള്ള നിയമ നിർമ്മാണം നടക്കുകയും, അധികാരം വികേന്ദ്രീകരിക്കപ്പെടുകയും ചെയ്തതോടെ അതിർ വരമ്പുകളില്ലാത്ത വികസന വിപ്ലവത്തിന്റെ പുതിയ സൂര്യോദയത്തിനാണ് ജില്ല സാക്ഷ്യം വഹിച്ചത്.

നിയന്ത്രിതമായ അളവിലാണെങ്കിലും ലഭ്യമായ അധികാരങ്ങൾ വിവേക പൂർവം ഉപയോഗപ്പെടുത്താൻ മുൻ ഗാമികൾ കാണിച്ച ദീർഘ വീക്ഷണവും സമർപ്പണ ബോധവും ജില്ലക്ക് നൽകിയത് നിഖില മേഖലകളിലുമുള്ള അത്ഭുതപൂർവമായ പുരോഗതിയും മുന്നേറ്റവുമാണ്.

അനവധി ചരിത്രപ്പെരുമകളും വൈജാത്യങ്ങളും അപൂർവതകളും ഉൾക്കൊള്ളുന്ന മലപ്പുറത്തിന്റെ പെരുമക്കും ഗരിമക്കുമൊത്ത സമഗ്രമായ വികസനലക്ഷ്യം ഇനിയും സമ്പൂർണ്ണമായി സാക്ഷാൽക്കരിച്ചിട്ടുണ്ടെന്ന് പറയാനാവില്ലെങ്കിലും ജില്ല രൂപീകൃതമായതിന് ശേഷം 1970 മുതലുള്ള ചരിത്രം അതിർ വരമ്പുകളില്ലാത്ത സാമൂഹ്യ ഐക്യപ്പെടലിന്റെയും അടിവരയിട്ടു പറയേണ്ട അടിസ്ഥാന സൗകര്യ വികസനത്തിന്റേതുമായിരുന്നുവെന്ന് അഭിമാനപൂർവ്വം നമുക്ക് പറയാനാകും.

ജില്ലയുടെ രൂപീകരണത്തെ പിന്തിരിപ്പൻ പ്രചരണങ്ങളുമായി പരിഹസിച്ചവർക്കും അധിക്ഷേപിച്ചവർക്കും മുന്നിൽ ഉദാത്തമായ സാംസ്കാരിക ബോധത്തിന്റെയും ഉജ് വലമായ ഐക്യ ബോധത്തിന്റെയും ഉന്നതമായ മാനവിക സ്നേഹത്തിന്റെയും മനോഹരമായ മാതൃക തീർക്കാൻ മുൻകഴിഞ്ഞ കാലങ്ങളിൽ നമ്മുടെ കൂട്ടായ്മക്ക് സാധിച്ചു എന്നത് വർത്തമാന കാല ഇന്ത്യൻ സാഹചര്യങ്ങളിൽ ശ്രദ്ധേയമായി പ്രതിപാതിക്കപ്പെടേണ്ട മഹാ അധ്യായമാണെന്ന കാര്യത്തിൽ സംശയമില്ല.

വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പക പോക്കലിന്റെയും പുതിയ രാഷ്ട്രീയ സംസ്കാരം രൂപപ്പെട്ടു കൊണ്ടിരിക്കുന്ന വർത്തമാന കാല ഭാരതീയ രാഷ്ട്രീയ നഭസ്സിന് സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും നല്ല പാഠങ്ങൾ പകർന്നു നൽകാൻ കഴിയുന്ന ജില്ല ഒരു പക്ഷേ മലപ്പുറം മാത്രമായിരിക്കുമെന്ന് സധൈര്യം നമുക്ക് പറയാൻ കഴിയും. വൈദേശികാധിപത്യത്തിൽ നിന്ന് ജന്മ നാടിനെ മോചിപ്പിക്കുന്നതിന് വേണ്ടി ബ്രിട്ടീഷ് പട്ടാളത്തോട് സന്ധിയില്ലാ സമരം പ്രഖ്യാപിച്ച മലപ്പുറത്തിന്റെ പൂർവ കാല ചരിത്രം പക്ഷെ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ സാമുദായിക സൗഹാർദ്ധത്തിന്റെയും സഹജീവി സ്നേഹത്തിന്റെയും

ഒത്തൊരുമയിലൂടെയുള്ള വികസന മുന്നേറ്റത്തിന്റെയും പുതിയൊരു മലപ്പുറം മോഡലായി പരിവർത്തനം ചെയ്തുവെന്നത് ഒരു ദേശത്തിന്റെയും ജനതയുടെയും മഹിതമായ പാരമ്പര്യത്തെ അടയാളപ്പെടുത്തുന്ന.., മലനാടിന് മാത്രം അവകാശപ്പെട്ട സുകൃതവും പൈതൃകവുമാണ്.

ഒരു കാലത്ത് ഏറെ പിന്നോക്കാമായിരുന്ന ജില്ല സംസ്ഥാനത്ത് തന്നെ ഭൂവിസ്തൃതിയിൽ മൂന്നാം സ്ഥാനത്തും ജന സംഖ്യയിൽ ഒന്നാം സ്ഥാനത്തുമായിട്ട് പോലും അധികാര വികേന്ദ്രീകരണത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക വഴി കാർഷിക, വ്യവസായിക, വിദ്യാഭ്യാസ മേഖലകളിലും പശ്ചാത്തല വികസനത്തിലും വലിയ പുരോഗതിയാണ് കൈവരിച്ചത്. ദാരിദ്ര്യ നിർമാർജന രംഗത്തും പാർപ്പിട മേഖലയിലും മികച്ച മുന്നേറ്റം തന്നെ ഉണ്ടായി. ഗ്രാമീണ മേഖലയുടെ സമഗ്രമായ പുനരുദ്ധാരണത്തിനും സ്ത്രീകളുടെയും കുട്ടികളുടെയും വയോജനങ്ങളുടെയും ശാക്തീകരണത്തിനും നിരവധി പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടു. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന ജില്ലയെന്ന അപഖ്യാതിയും അപകർഷതാ ബോധവും 2001 മുതൽ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന "വിജയ ഭേരി" പദ്ധതിയിലൂടെ നമ്മൾ പിഴുതെറിഞ്ഞു. എസ് എസ് എൽ സി പരീക്ഷയിലും, ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രവേശന പരീക്ഷകളിലും മത്സര പരീക്ഷകളിലും ഏറ്റവും ഉയർന്ന സ്കോറും റാങ്കും നേടുന്ന ജില്ലയായി മലപ്പുറം മുന്നേറുമ്പോൾ നമുക്ക് അഭിമാനിക്കാൻ വക ഏറെയാണ്.

അക്ഷരങ്ങൾ അറിയുന്നതും പേന കൊണ്ട് ചേർത്ത് വെക്കുന്നതുമാണ് "സാക്ഷരത" യുടെ നിർവചനമെന്ന് ഗണിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിന്റെ ചിന്താ ഗതിയെ സമൂലമായി മാറ്റി മറിച്ച കൊണ്ടായിരുന്നു 'അക്ഷയ' പദ്ധതി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തത്. കൊച്ചു കുഞ്ഞുങ്ങൾ മുതൽ കറുപ്പ് സൂപ്പം കാച്ചിത്തുണിയുമുടുത്ത വല്ല്യുമ്മമാരുടെയും മുത്തശ്ശിമാരുടെയും കൈകളിൽ വരെ കമ്പ്യൂട്ടറിന്റെ മൗസ് പിടിപ്പിച്ച ഈ പദ്ധതിയിലൂടെ വിരൽ തുമ്പ് കൊണ്ട് വിശാലമായ ലോകത്തെ കൈപ്പിടിയിലൊതുക്കാൻ കഴിയുന്ന വിവര

സാങ്കേതിക വിദ്യ അഭ്യസിക്കലാണ് നവ ലോകക്രമത്തിലെ സാക്ഷരതയെന്ന് കാലേക്കൂട്ടി പ്രഖ്യാപിക്കാൻ നമ്മുടെ ആശയങ്ങൾക്ക് സാധിച്ചു.

കേരളത്തിന്റെയും ഇന്ത്യയുടെ തന്നെയും വിവര സാങ്കേതിക വിദ്യയുടെ ചരിത്രത്തിൽ തങ്ക ലിപികളാൽ എഴുതപ്പെട്ട വിപ്ലവ ചരിതമായിരുന്നു 'അക്ഷയ' പദ്ധതിയിലൂടെ നമ്മൾ ഏറ്റെടുത്ത് വിജയിപ്പിച്ചത്.

സേവന മേഖലയിൽ കനിവിന്റെയും കാരുണ്യത്തിന്റെയും, സമർപ്പണത്തിന്റെയും കര സ്പർശമായി മാറിയ മഹാ പദ്ധതിയായിരുന്നു നമ്മൾ രൂപം നൽകിയ "പരിരക്ഷ" പദ്ധതി. ജീവിതത്തിന്റെ സായം സന്ധ്യയിൽ നിരാശ്രയരായി മാറാരോഗങ്ങൾക്കടിപ്പെട്ട് കിടപ്പിലായവർക്ക് വേണ്ടി നമ്മൾ തുടക്കമിട്ട ഗൃഹ കേന്ദ്രീകൃത സാന്ത്വന പരിചരണം സംസ്ഥാനമൊട്ടുക്കും ലോകം തന്നെയും ഏറ്റെടുത്ത സർക്കാർ തല പാലിയേറ്റീവ് പ്രസ്ഥാനത്തിന്റെ മഹാ മാതൃകയായി.

നൂറ്റാണ്ടിന്റെ മഹാമാരിയെന്ന് വിശേഷിപ്പിക്കപ്പെട്ട കോവിഡ് 19 താണ്ഡവമാടിയപ്പോഴും, മഹാ പ്രളയങ്ങളുടെ കെടുതികളിൽ നാട് ദുരിതമനുഭവിച്ചപ്പോഴും, പ്രതിരോധ പ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ജില്ല കാണിച്ച മാതൃകയും മനുഷ്യ സ്നേഹവും ലോകത്ത് തന്നെ പകരം വെക്കാനില്ലാത്തതാണ്. ജീവ വായുവിന് വേണ്ടി തെരുവോരങ്ങളിൽ തല തല്ലിവീഴുന്ന മനുഷ്യരുടെ ഗദ്ഗദങ്ങൾ മഹാമാരിക്കാലത്തെ മനുഷ്യ ജീവിതത്തിന്റെ പരിച്ഛേദമായി മാറിയപ്പോഴും.., നിമിഷാർദ്ധം കൊണ്ട് മനുഷ്യ ജീവനുകൾ നക്കിത്തുടച്ച മഹാ പ്രളയത്തിന്റെ മലവെള്ളപ്പാച്ചിലിലിൽ മണ്ണിലമർന്ന കബന്ധങ്ങൾ കണ്ടെത്താനാവാതെ നാട് വിറങ്ങലിച്ചപ്പോഴും... കനിവിന്റെ കൈകൾ കോർത്തു പിടിച്ചു കൊണ്ട് പ്രതിരോധം തീർത്ത മഹാ വിസ്മയം മാതൃ രാജ്യത്തിന്റെ രാഷ്ട്രീയ നഭസ്സിൽ മലപ്പുറത്തിന്റെ മാത്രം സുകൃതവും സുഭഗവുമായി വാഴ്ത്തപ്പെട്ടതാണ്.

സ്ത്രീ ശാക്തീകരണ രംഗത്ത് രാജ്യത്തിനു തന്നെ മാതൃകയായി വളർന്ന 'കുടുംബശ്രീ' പ്രസ്ഥാനത്തിന്റെ ഉദയവും മലപ്പുറത്തിന്റെ മണ്ണിൽ

നിന്നായിരുന്നുവെന്നത് എടുത്ത് പറയേണ്ട നേട്ടമാണ്. പഴഞ്ചനെന്ന മുദ്ര കുത്തി ഒരു ദേശത്തെ അപമാനിക്കാൻ ഒരു പറ്റം ഉൽപദിഷ്ഠുക്കൾ കൊണ്ട് പിടിച്ച ശ്രമിക്കുമ്പോഴും മലപ്പുറത്ത് നിന്ന് തുടങ്ങിയ ഈ കൂട്ടായ്മ പെൺ കരുത്തിന്റെ മഹാ പ്രവഹമായി സംസ്ഥാനത്ത് മുഴുവൻ പടർന്നു പന്തലിച്ച കൊണ്ടിരിക്കുന്നത് എല്ലാവരുടെയും കണ്ണ് തുറപ്പിക്കാൻ പര്യാപ്തമായതാണ് .

ഒരു കാലത്ത് അടുക്കളയിൽ മാത്രം ഒതുങ്ങിക്കൂടിയിരുന്ന മലപ്പുറത്തെ മങ്കമാരിപ്പോൾ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കടന്നു വന്നിരിക്കുന്നു എന്നതിനപ്പുറം ആധുനിക സമൂഹത്തെ മുന്നിൽ നിന്ന് നയിക്കാൻ പോലും പ്രാപ്തി നേടിയിരിക്കുന്നുവെന്നത് ഏറെ അഭിമാനത്തിന് വക നൽകുന്നതാണ്. മലപ്പുറം ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ നിരവധി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തലപ്പത്ത് സ്ത്രീകൾ ശോഭിക്കുന്നു എന്നത് വനിതാ മുന്നേറ്റ ചരിത്രത്തിലെ എടുത്ത് പറയേണ്ട വിജയ ഗാഥയാണ്.

73, 74 ഭരണ ഘടനാ ഭേദഗതിയുടെ ചുവടു പിടിച്ച് 1994 ൽ പഞ്ചായത്ത് വകുപ്പ് മന്ത്രിയായിരുന്ന സി. ടി. അഹമ്മദലി കൊണ്ട് വന്ന പഞ്ചായത്തീരാജ് നഗര പാലികാ ബില്ലിലൂടെയാണ് സ്ത്രീകൾക്കും കുട്ടികൾക്കും പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം നീക്കി വെക്കുന്ന രീതിയിലേക്ക് കേരളത്തിന്റെ വികസന സങ്കൽപങ്ങളെയും ആസൂത്രണത്തെയും മാറ്റി മറിച്ചത്. കേരളത്തിൽ ഇന്ന് കാണുന്ന അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ആദ്യകാല ശില്പി മലപ്പുറത്തിന്റെ അഭിമാനമായിരുന്ന എം.പി.എം. ബാപ്പു കുരിക്കളായിരുന്നു എന്നത് ഇന്ന് പലർക്കും അറിയാത്തതും എന്നാൽ കേരളം ആസ്വദിച്ച കൊണ്ടിരിക്കുന്ന അധികാര വികേന്ദ്രീകരണ സൗഭാഗ്യത്തിന് മലപ്പുറത്തിന്റെ കയ്യൊപ്പ് ചാർത്തുന്ന യഥാർത്ഥ ചരിത്രരേഖയും വസ്തുതയുമാണ്. പിന്നീട് മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാരുടെ കാലത്താണ് ജനകീയാസൂത്രണമെന്ന പേരിൽ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയത് .

സ്ത്രീകളെപ്പോലെ തന്നെയോ അതിനേക്കാളുപരിയോ പരിഷ്കൃത സമൂഹത്തിന്റെ പ്രത്യേക ശ്രദ്ധ പതിയേണ്ട വിഭാഗമാണ് ട്രാൻസ്ജെൻഡേഴ്സ്. സമൂഹത്തിൽ എപ്പോഴും അവഗണനക്കും പരിഹാസങ്ങൾക്കും വിധേയരാകുന്ന ഇവരിൽ പലരും നിത്യ ജീവിതം തള്ളി നീക്കുന്നതിന് വേണ്ടി അധാർമിക പ്രവണതകളിലേക്ക് നീങ്ങുന്നതിന്റെ ഉത്തരവാദിത്തം നമുക്ക കൂടിയുള്ളതാണ്. ഇവരുടെ മാനസികവും ശാരീരികവുമായ പ്രത്യേകതകൾക്കനുസരിച്ച് ആവശ്യമായ ശ്രദ്ധയും പരിഗണനയും നൽകി പുനരധിവസിപ്പിക്കുകയും ചികിത്സ വേണ്ടവർക്ക് പ്രത്യേക ക്ലിനിക്കുകൾ ഒരുക്കുന്നതിനും ശസ്ത്ര ക്രിയ നടത്താൻ താല്പര്യപ്പെടുന്നവർക്ക് ആയതിനുള്ള പിന്തുണ നൽകുന്നതിനും ഇവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടു വരുന്നതിനും സമൂഹത്തിന് ഇവരോടുള്ള മനോഗതിയിൽ മാറ്റം വരുത്തുന്നതിനുള്ള ബോധവത്കരണ പരിപാടികൾക്കും പ്രത്യേകം പദ്ധതി വിഭാവനം ചെയ്യേണ്ടതുണ്ട്.

കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലയളവുകളിൽ ഉത്പാദന മേഖലയിൽ ഗണ്യമായ പുരോഗതിയാണ് ജില്ല കൈവരിച്ചത്. ഇടക്കാലത്ത് കാർഷിക ഭൂമിയിൽ കയ്യേറ്റങ്ങളും അനധികൃതമായ നികത്തലുകളും മൂലം കൃഷി ഭൂമിയിൽ വലിയ തോതിലുള്ള കുറവുണ്ടായെങ്കിലും 12,13 പഞ്ചവത്സര പദ്ധതി കാലയളവിൽ ഇവ തിരിച്ചു പിടിക്കുന്നതിനും കൂടുതൽ നിലം കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുന്നതിനും ഫലപ്രദമായ ഇടപെടൽ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. തരിശു ഭൂമിയിൽ കൃഷിയിറക്കുന്നതിനും കാർഷിക വൃത്തിയിൽ നിന്ന് പിന്തിരിഞ്ഞു നിന്നിരുന്നവരെ തിരികെ കൊണ്ടു വരുന്നതിനും നമ്മുടെ ഇടപെടൽ കൊണ്ട് കഴിഞ്ഞു. ജല സേചന സംവിധാനങ്ങൾ പുനരുദ്ധരിക്കുന്നതിനും പാരമ്പരാഗത ജല സ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രാധാന്യം നൽകിയതിലൂടെ അന്യം നിന്നു പോയിക്കൊണ്ടിരുന്ന കാർഷിക സംസ്കാരത്തെ മലപ്പുറത്തിന്റെ മണ്ണിലേക്കും മനസ്സിലേക്കും തിരിച്ചു പിടിക്കാൻ കഴിഞ്ഞത് ഏറെ പ്രതീക്ഷക്ക് വക നൽകുന്നതാണ്. എന്നിരുന്നാലും കാർഷികോൽപന്നങ്ങളുടെ വിലക്കുറവ്, കാർഷിക മേഖലയിലെ വർധിച്ച കൂലിച്ചെലവ്, കർഷക തൊഴിലാളികളുടെ

ദൗർലഭ്യം, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ എന്നിവ കൃഷിയെ ആധായകരമല്ലാതാക്കിയിരിക്കുന്നു.

പുതിയ സാഹചര്യത്തിൽ കുടുംബശ്രീ മാതൃകയിൽ  യുവാക്കളുടെ കൂട്ടായ്മ രൂപീകരിച്ച് കൃഷിയെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും ആയതിലൂടെ കാർഷിക മേഖലയിലും ഒപ്പം തൊഴിൽ മേഖലയിലും സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമുള്ള പദ്ധതികൾക്കാണ് ബഡ്ജറ്റ് ലക്ഷ്യമിടുന്നത്.

ആരോഗ്യ രംഗത്തും ജില്ല കൈവരിച്ച നേട്ടം ഏറെ വലുതാണ്. സർക്കാറിന് കീഴിൽ ഒരു മെഡിക്കൽ കോളേജും ജില്ലാ പഞ്ചായത്തിന് കീഴിൽ മൂന്ന് ജില്ലാ ആശുപത്രികളും ഒരു ആയുർവേദ ആശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും വണ്ടൂരിൽ പ്രത്യേക ഹോമിയോ കാൻസർ സെന്ററും പ്രവർത്തിക്കുന്നു. ജില്ലാ ആശുപത്രികളിൽ രോഗികൾക്കായി മികച്ച ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ജില്ലാ പഞ്ചായത്ത് പരമാവധി തുക വിനിയോഗിക്കുന്നുണ്ടെങ്കിലും ആവശ്യമായ ജീവനക്കാരുടെ അഭാവം വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിക്കിണ്ടിരിക്കുകയാണ്.

പുതിയ നൂറ്റാണ്ടിൽ പൊതു ജന ആരോഗ്യ രംഗത്ത് ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് ജീവിത ശൈലീ രോഗങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കാണ്.  മനുഷ്യനെ കൊല്ലാതെ കൊല്ലുന്ന ജീവിത ശൈലീ രോഗങ്ങൾക്കെതിരെ സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കേണ്ടത് അനിവാര്യമായിരിക്കുന്നു. മാറുന്ന ഭക്ഷണക്രമങ്ങളും വ്യായാമകുറവും മൂലം സമൂഹത്തെ മെല്ലെ മെല്ലെ മരണത്തിലേക്ക് നയിക്കുന്ന നിരവധി രോഗങ്ങൾക്ക് അകാലത്തിൽ തന്നെ മനുഷ്യൻ അടിമപ്പെടുകയാണ്. ഏറെ ഗുരുതരമായി കാണേണ്ട ഈ പ്രതിഭാസത്തെ നിയന്ത്രിക്കാൻ പുതിയൊരു ആരോഗ്യ സംസ്കാരം വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ കഴിയൂ. അതിനായി പുതിയ പദ്ധതികൾ വിഭാവനം ചെയ്യേണ്ടതുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ ജില്ല കൈവരിച്ച പുരോഗതി എടുത്ത് പറയേണ്ടതാണ്. മലപ്പുറം ജില്ല പഴയ കാലത്ത് പിന്നോക്കമായിപോയതിന് തന്നെ കാരണം വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥയായിരുന്നു. ബ്രിട്ടീഷുകാരോടുള്ള വിരോധം മൂലം മലബാർ മേഖലയിലെ മാപ്പിളമാർ ഇംഗ്ലീഷ് വിദ്യാഭ്യാസം ബഹിഷ്കരിക്കുകയും ബ്രിട്ടീഷുകാർക്ക് കീഴിലെ ഉയർന്ന ഉദ്യോഗങ്ങൾ വേണ്ടെന്നു വെക്കുകയും ചെയ്തു. ഇത് മൂലം പിൽകാലത്ത് മാപ്പിളമാർ ഏറെയുള്ള മലപ്പുറം ജില്ല വിദ്യാഭ്യാസ രംഗത്തും ഉദ്യോഗ രംഗത്തും പിന്നാക്കം പോയി. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് മലപ്പുറത്തിന്റെ പ്രതിനിധികളായി കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സി.എച്ച്. മുഹമ്മദ് കോയ, ചാക്കീരി അഹമ്മദ് കുട്ടി, ഇ. ടി. മുഹമ്മദ് ബഷീർ, നാലകത്ത് സൂപ്പി, പി. കെ. അബ്ദുറബ്ബ് എന്നിവരുടെ കാലത്ത്  മലപ്പുറത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് നടത്തിയ മികച്ച ഇടപെടൽ വലിയൊരാളാവോളം വിജയം കണ്ടു. ഒപ്പം ജില്ലയിലെ വിദ്യാർത്ഥികളുടെ വിജയ ശതമാനം ഉയർത്തുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ വിജയഭേരി ഉൾപ്പെടെയുള്ള പദ്ധതികൾ അധ്യയന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് കാരണമായി. ഒരു കാലത്ത് എസ്. എസ്. എൽ. സി, പ്ലസ് ടു വിജയ ശതമാനത്തിൽ സംസ്ഥാനത്ത് തന്നെ ഏറ്റവും പിന്നിലായിരുന്ന നമ്മുടെ ജില്ല കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാന ശരാശരിക്ക് മുകളിൽ വിജയം നേടുകയും ഏറ്റവും അധികം എ. പ്ലസുകാരെ വാർത്തെടുക്കുകയും ചെയ്യുന്ന ജില്ലയായി മാറിയിരിക്കുന്നു എന്നത് അഭിമാനപൂർവ്വം ഇവിടെ സൂചിപ്പിക്കുന്നു.

വിദ്യാഭ്യാസ മേഖലയിൽ ഈ ഭരണസമിതി തുടക്കമിട്ട  "100 K മലപ്പുറം കോഡേഴ്സ് " എന്ന അതി നൂതനമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പദ്ധതി അതിവേഗത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനിക വൈജ്ഞാനിക രംഗത്തും വിവര സാങ്കേതിക വിദ്യയിലും  ആഗോള സൈബർ സമൂഹത്തിന് മുന്നിൽ നടക്കാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് വേണ്ടിയുള്ളതാണ്. ജില്ലയിൽ ആകമാനം അമ്പതിനായിരത്തിലധികം കുട്ടികൾ ഇതിനകം തന്നെ ഈ കോഴ്സ് പൂർത്തീകരിച്ചു കഴിഞ്ഞു.

കേന്ദ്ര സർവകലാശാലകളിൽ പ്രവേശനം നേടുന്നതിന് കേന്ദ്ര സർക്കാർ പുതിയതും ഏകീകൃതവുമായ പ്രവേശന പരീക്ഷാ സംവിധാനം (സി.യു.ഇ.ടി ) കൊണ്ട് വന്നപ്പോൾ 'വിങ്സ് മലപ്പുറം' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് ജില്ലയിലെ വിദ്യാർത്ഥികളെ പ്രവേശന പരീക്ഷക്ക് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള വേറിട്ട ഇടപെടലാണ് മലപ്പുറം ജില്ലാ പഞ്ചായത്ത് നടത്തിയത്. ഇത്തരത്തിൽ ഇടപെടൽ നടത്തിയ ഒരേയൊരു തദ്ദേശ ഭരണസ്ഥാപനം മലപ്പുറം ജില്ലാ പഞ്ചായത്ത് ആയിരുന്നു. ഈ ഉദ്യമത്തിന്റെ ഫലമായി ജില്ലയിൽ നിന്ന് 200 ലധികം കുട്ടികൾക്കാണ് വിവിധ കേന്ദ്ര സർവ്വ കലാശാലകളിൽ പ്രവേശനം ലഭിച്ചത് എന്ന കാര്യം അഭിമാന പൂർവ്വം ഇവിടെ സൂചിപ്പിക്കുന്നു.

ഉദ്യോഗ രംഗത്ത് കൂടി ജില്ലക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഉറപ്പാക്കുക എന്നതാണ് ഇനി നമുക്ക് ഏറ്റെടുക്കാനുള്ള ഏറ്റവും വലിയ ദൗത്യം. കേരളത്തിലെ തന്നെ ഏറ്റവും വലിയ മനുഷ്യ വിഭവ ശേഷിയുള്ള ജില്ലയിൽ സർക്കാർ ഉദ്യോഗങ്ങളിൽ എത്തിപ്പെട്ടവർ ജന സംഖ്യക്ക് ആനുപാതികമായ തോതിലോ മറ്റ ജില്ലകളെ അപേക്ഷിച്ചോ നാലിലൊന്ന് പോലും ഇല്ല. ഇതിനായി പി.എസ്.സി, യൂ.പി.എസ്.സി, സിവിൽ സർവീസ്, കെ.എ.എസ് തുടങ്ങിയ മത്സര പരീക്ഷകൾക്ക് ജില്ലയിലെ യോഗ്യതയുള്ള ചെറുപ്പക്കാരെ പ്രാപ്തരാക്കുന്നതിന് വേണ്ടിയുള്ള പ്രത്യേക ഇടപെടൽ അനിവാര്യമാണ്. ഇക്കാര്യത്തിലും ജില്ലാ പഞ്ചായത്ത് പ്രത്യേകം പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്.

തൊഴിൽ രംഗത്ത് മലപ്പുറം ജില്ലാ പഞ്ചായത്ത് നടത്തിയ വേറിട്ടതും മാതൃകാ പരവുമായ പരിശ്രമമായിരുന്നു ജോബ് ഫെയർ. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള രജിസ്റ്റർ ചെയ്ത 14000 ത്തോളം ഉദ്യോഗാർത്ഥികൾക്കായി 100 ഓളം തെരെഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ഗ്രൂമിങ് സെഷനുകൾ സംഘടിപ്പിക്കുകയും തുടർന്ന് നടത്തിയ അഭിമുഖത്തിൽ 4000

ത്തോളം പേർക്ക് വിവിധ കമ്പനികളിൽ ജോലി നൽകുകയും ചെയ്തത് തദ്ദേശ സ്ഥാപനങ്ങളുടെ ചരിത്രത്തിൽ ഇന്ത്യയിൽ തന്നെ ആദ്യത്തെതായിരുന്നു.

"ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്. രാഷ്ട്രം എന്നത് ദരിദ്രരായ മനുഷ്യരുടെ കണ്ണീരൊപ്പലാണ്" എന്നതായിരുന്നു രാഷ്ട്ര പിതാവ് മഹാത്മാ ഗാന്ധിയുടെ ദർശനം. ഈ തത്വം പ്രയോഗവൽക്കരിക്കുന്നതിന് വേണ്ടി ഗ്രാമീണ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് ജില്ലാ പഞ്ചായത്ത് വലിയ പ്രാധാന്യമാണ് കഴിഞ്ഞ കാലങ്ങളിൽ നൽകിപ്പോന്നത്. കുടിവെള്ള ദൗർലഭ്യം അനുഭവപ്പെട്ടിരുന്ന പ്രദേശങ്ങളിലും കോളനികളിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കി. പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികളിലൂടെ ഇത്തരം പിന്നോക്ക വിഭാഗക്കാർ ഏറെ സമുദ്ധരിക്കപ്പെട്ടു. പട്ടിക ജാതി കോളനികൾ ഉൾപ്പെടെ ജില്ലയിലെ മുഴുവൻ കോളനികളും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹൗസിങ് കോളനികളാക്കി മാറ്റുന്നതിന് സർക്കാരിന്റെ അനുമതി ലഭിക്കുന്നതിന് വേണ്ടിയുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ് മലപ്പുറം ജില്ലാ പഞ്ചായത്ത്.

പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് പി.എസ്.സി കോച്ചിങ്ങിനു വേണ്ടിയുള്ള പ്രത്യേക പദ്ധതിക്കും ജില്ലാ പഞ്ചായത്ത് തുടക്കം കുറിച്ചിട്ടുണ്ട്.

കിഡ്നി രോഗം മൂലം ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് വർഷങ്ങളായി ജില്ലാ പഞ്ചായത്ത് നൽകി വന്നിരുന്ന സഹായം ഇടക്കാലത്ത് സർക്കാർ ഇടപെടൽ മൂലം നിർത്തേണ്ടി വന്നെങ്കിലും കോവിഡ് സീസണിൽ സർക്കാരിൽ നിന്ന് പ്രത്യേക അനുമതി നേടിക്കൊണ്ട് ജില്ലയിലെ ഡയാലിസിസ് ചെയ്യുന്ന മുഴുവൻ രോഗികൾക്കും ധന സഹായം നൽകാൻ നമുക്ക് കഴിഞ്ഞു.

ഒപ്പം കരൾ മാറ്റ ശസ്ത്രക്രിയക്ക് വിധേയരായ മുഴുവൻ രോഗികൾക്കും സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതിക്കും നമ്മൾ തുടക്കമിട്ടു.

സർക്കാർ ഉത്തരവുകളിലെ സാങ്കേതികത്വങ്ങളെ തുടർന്ന് രണ്ട് വർഷമായി ധന സഹായം ലഭിക്കാത്ത ഡയാലിസിസ് രോഗികൾക്ക് വേണ്ടിയുള്ള നിരന്തരമായ ഇടപെടൽ ജില്ലാ പഞ്ചായത്ത് നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

പട്ടികവർഗ വിഭാഗങ്ങളിൽ ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ടത് ആദിവാസി ഗോത്രങ്ങളെയാണ്. സാമൂഹ്യവും, സാമ്പത്തികവും രാഷ്ട്രീയവുമായ ഒറ്റപ്പെടൽ അനുഭവിക്കുന്ന ഈ ഗോത്ര സമൂഹത്തിന്റെ കാര്യത്തിൽ സർക്കാർ തലത്തിലും ത്രിതല പഞ്ചായത്ത് തലത്തിലും നിരവധി പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇത് വരെയും വേണ്ടത്ര ഫലപ്രദമായിരുന്നു എന്ന് പറയാനാകില്ല. അത് കൊണ്ട് തന്നെ ഇവരുടെ പ്രശ്നങ്ങൾ യഥാർഥ്യബോധത്തോട് കൂടി ഉൾക്കൊണ്ടു കൊണ്ടുള്ള 'ഗോത്രാമൃതം' പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് തുടക്കം കുറിച്ചിട്ടുണ്ട്.

അതോടനുബന്ധിച്ച കൊണ്ട് തന്നെ ഭൂമിശാസ്ത്രപരവും, സാമൂഹ്യവുമായ ഇവരുടെ ഏകത്വവും വ്യതിരിക്തതയും സംരക്ഷിച്ച കൊണ്ടുള്ള നൂതന പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് പുതിയ വർഷം ജില്ലാ പഞ്ചായത്ത് പ്രത്യേകം പരിഗണന നൽകുന്നതിന് ലക്ഷ്യമിടുന്നു.

ഈ വർഷത്തോടെ മലപ്പുറം സമ്പൂർണ ബാല സൗഹൃദ ജില്ലയായി മാറുന്നതിന് ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നുണ്ട്. ഇതിനാവശ്യമായ തുക വകയിരുത്തുന്നതോടൊപ്പം ഭിന്നശേഷി സൗഹൃദ ജില്ലയെന്ന ലക്ഷ്യം സമഗ്രമായി സാക്ഷാൽക്കരിക്കുന്നതിനും പ്രത്യേകം മുൻഗണന നൽകുന്നുണ്ട്. ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും, ബഡ്സ് ആൻഡ് റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് വാഹന സൗകര്യം ഒരുക്കുന്നതിനും, ഭിന്ന ശേഷിക്കാർക്ക് മാത്രമായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, കുടുംബശ്രീയുമായി ചേർന്ന് ഭിന്നശേഷിക്കാർക്ക് ഫിസിയോ തെറാപ്പി സെന്ററുകൾ തുടങ്ങുന്നതിനും ഈ വർഷം തുക വകയിരുത്തുന്നുണ്ട്.

കഴിഞ്ഞ കാലങ്ങളിൽ ഭേദപ്പെട്ട നിലയിൽ ലഭ്യമായിരുന്ന വിഭവ സ്രോതസ്സുകളും സംവിധാനങ്ങളും പരമാവധി പ്രയോജനപ്പെടുത്തി മികച്ച മുന്നേറ്റം കാഴ്ച വെക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടെങ്കിലും, പുതിയ പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷത്തിലേക്ക് കാലെടുത്തു വെക്കുമ്പോൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് ഏറെ ശുഷ്കിച്ചതും വെട്ടിക്കുറച്ചതുമായ പദ്ധതി വിഹിതമാണ് ലഭ്യമായിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് തലത്തിൽ ആസ്തി രജിസ്റ്ററുകൾ കാലികമാക്കുന്നതും ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നം പരിഹരിക്കാത്തത് കൊണ്ട് തന്നെ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ച തുകയുടെ നാലിലൊന്ന് മാത്രമേ അനുവദിച്ചിട്ടുള്ളൂ. അത് കൊണ്ട് തന്നെ ഇല്ലായ്മയുടെയും വല്ലായ്മയുടെയും വിഭവ ദൗർലഭ്യങ്ങൾക്ക് നടുവിലാണ് അടുത്ത ഒരു വർഷത്തെ വികസന സ്വപ്നങ്ങൾക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കേണ്ടി വന്നിട്ടുള്ളത് എന്ന് പറയേണ്ടി വന്നതിൽ അതിയായ പ്രയാസമുണ്ട്. മുൻ വർഷങ്ങളിൽ നിന്ന് വിഭിന്നമായി ഓരോ വർഷവും ലഭ്യമാവേണ്ട 10 ശതമാനം അധിക വിഹിതം സംസ്ഥാന സർക്കാർ അനുവദിച്ചിട്ടില്ല എന്ന കാര്യം വലിയ ആശങ്കയോടെയും അതീവ ഗൗരവത്തോടെയുമാണ് ഇവിടെ സൂചിപ്പിക്കേണ്ടി വരുന്നത്. ഇത്തരത്തിൽ ഫണ്ട് വെട്ടിക്കുറക്കുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ അന്തസ്സത്തയുടെ കടക്കൽ കത്തി വെക്കുന്നതും അധികാര കേന്ദ്രീകരണത്തിന് കാരണമാകുന്നതാണെ ന്നും പറയാതെ വയ്യ.

മൂന്ന് പതിറ്റാണ്ടിലേക്ക് അടുക്കുന്ന അധികാര വികേന്ദ്രീകരണ പ്രസ്ഥാനത്തെ കൂടുതൽ വിഹിതം നൽകി പരിപോഷിപ്പിക്കുന്നതിന് പകരം ന്യായമായ വിഹിതം പോലും നൽകാതെ ക്ഷയിപ്പിക്കുന്ന നടപടി ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല എന്ന് കൂടി ഇവിടെ സൂചിപ്പിക്കേണ്ടി വന്നതിൽ ഏറെ ദുഃഖമുണ്ട്.

മഹാ പ്രളയങ്ങളും മഹാ മാരിയും പഠിപ്പിച്ച പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ട് പഴയ കാലത്തെ വികസന കാഴ്ചപ്പാടുകളിൽ നിന്ന് മാറി നവീനമായ വികസന

സങ്കൽപ്പങ്ങളും സമീപനങ്ങളും രൂപപ്പെടുത്തേണ്ട സാഹചര്യത്തിലാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വികസന പരിപ്രേക്ഷ്യം നമ്മൾ രൂപപ്പെടുത്തിയിട്ടുള്ളത്. അതിനാൽ വികസനം സംബന്ധിച്ച പഴയ കാല സ്ഥാപിത കാഴ്ചപ്പാടുകളെ പൂർണ്ണമായും തിരുത്തി മനുഷ്യന്റെ ജീവൽസമ്പന്ധിയായ പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകുന്ന വിധത്തിലാണ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം ക്രമീകരിച്ചിട്ടുള്ളത്.

സമീപ കാലങ്ങളിൽ പ്രകൃതിയിലെ ആവാസ വ്യവസ്ഥകൾക്കും ജൈവ വൈവിദ്യങ്ങൾക്കും പോറലേൽപ്പിക്കുന്ന വിധത്തിൽ മനുഷ്യർ നടത്തിയ കയ്യേറ്റങ്ങളുടെയും കച്ചവട താല്പര്യങ്ങളുടെയും കെടുതികൾ പ്രകൃതി ദുരന്തങ്ങളായും മഹാ മാരികളായും നിരന്തരം നാടിന് മേൽ ആപതിച്ചു കൊണ്ടിരിക്കുമ്പോൾ തിരിച്ചറിവിലേക്കുള്ള ഒരു തിരിച്ചു പോക്ക് നമുക്ക് അനിവാര്യമായിരിക്കുന്നു. അനുദിനം സംഭവിച്ചു കൊണ്ടിരിക്കുന്ന കാലാവസ്ഥവ്യതിയാനങ്ങളും രൂക്ഷമായിക്കൊണ്ടിരിക്കുന്ന ആഗോള താപനവും വരും തലമുറയുടെ ജീവന് നേരെയാണ് ഭീഷണി ഉയർത്തുന്നത്. വിണ്ടു കീറുന്ന നെല്പാടങ്ങളും, വറ്റി വരണ്ട ജലാശയങ്ങളും കണ്ണു നീരായൊഴുകുന്ന നദികളും നമുക്ക് മുന്നിൽ ഉത്തരം കിട്ടാത്ത ചോദ്യചിഹ്നങ്ങളാണ്. അത് കൊണ്ട് തന്നെ നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന പ്രകൃതിയും ജൈവ വൈവിദ്യങ്ങളും തിരിച്ചു പിടിക്കാൻ നമുക്ക് ജാഗ്രത പുലർത്തണം. ഇന്ന് കാണുന്ന പ്രകൃതിയും പച്ചപ്പും കാടും കാട്ടാറും പൂക്കളും പുഴകളും മലകളും മൺ വഴികളും എങ്ങിനെയാണോ നമുക്ക് ലഭിച്ചത് അതേ രൂപത്തിൽ തന്നെ വരും തലമുറക്ക് കൈമാറാൻ നമുക്ക് പദ്ധതികളാവിഷ്കരിക്കണം .

അതോടൊപ്പം തന്നെ വാണിജ്യ വ്യവസായ മേഖലകൾക്ക് കൂടുതൽ പ്രചോദനം നൽകുന്ന നടപടികൾ ആവിഷ്കരിക്കുന്നതിനും കായിക മേഖലക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും ബഡ്ജറ്റ് ലക്ഷ്യമിടുന്നുണ്ട്.

മലപ്പുറത്തിന്റെ സംസ്കാരിക, ചരിത്ര പൈതൃകങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആയതിലൂടെ ജില്ലയിലെ ടൂറിസം രംഗത്ത്

പുത്തനുണർവ്വ് സൃഷ്ടിക്കുന്നതിനും കഴിഞ്ഞ വർഷം മുതൽ തുടക്കം കുറിച്ച പദ്ധതികൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന് തുക വകയിരുത്തും. ചരിത്ര പ്രസിദ്ധമായ തിരുനാവായ മാമാങ്കം വിദേശികളായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിൽ വിപുലമായ വ്യാപാര വാണിജ്യ മേളയായി പുനരാവിഷ്കരിക്കുന്നതിന് ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലുമായി ചേർന്ന് സ്ഥിരം പദ്ധതിയാവിഷ്കരിക്കും. ഇതിലൂടെ ജില്ലാ പഞ്ചായത്തിന് തനത് വരുമാനവും ലക്ഷ്യമിടുന്നു. അതോടൊപ്പം ജില്ലയിലെ മാമാങ്ക സ്മാരകങ്ങൾ ഉൾപ്പെടെയുള്ള ചരിത്ര ശേഷിപ്പുകളുടെ സംരക്ഷണത്തിനും പദ്ധതി പ്രവർത്തനങ്ങൾ ത്വരിത ഗതിയിലാക്കും.

സ്വാതന്ത്ര്യ സമര ചരിത്രത്തിൽ മലപ്പുറത്തെ അടയാളപ്പെടുത്തിയ പൂക്കോട്ടൂർ യുദ്ധത്തിന്റെ സ്മരാണർത്ഥവും, ധീര ദേശാഭിമാനിയും അധിനിവേശ വിരുദ്ധ പോരാട്ടത്തിൽ രക്ത സാക്ഷിയുമായ വാരിയങ്കുന്നത് കുഞ്ഞാഹമ്മദ് ഹാജിയുടെ സ്മരാണർത്ഥവും സമുചിതമായ സ്മാരകം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഏറ്റെടുക്കുന്ന നടപടികൾ തുടങ്ങിക്കഴിഞ്ഞു. ആയതിനു വേണ്ട തുക വകയിരുത്തും.

പുലിക്കോട്ടിൽ ഹൈദർ കലാ പഠന കേന്ദ്രവുമായി സഹകരിച്ചു കൊണ്ട് ജില്ലയിലെ കലാ അഭിരുചിയുള്ള ചെറുപ്പക്കാർക്ക് മാപ്പിള കലാ പരിശീലന പദ്ധതി ആരംഭിക്കുന്നതിന് കഴിഞ്ഞ വർഷം വിഭാവനം ചെയ്ത പദ്ധതി യഥാർഥ്യമാക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നുണ്ട്.

മുൻ കാലങ്ങളിൽ നിഖില മേഖലകളിലും പുത്തനുർവ്വ് സൃഷ്ടിക്കും വിധം ഭാവനാ സമ്പന്നമായ പദ്ധതികൾ ആവിഷ്കരിച്ച മലപ്പുറം ജില്ലാ പഞ്ചായത്തിനെ ആഗോള തലത്തിൽ തന്നെ ഭരണ നൈപ്പുണ്യത്തിന്റെയും സേവന തല്പരതയുടെയും മാതൃകയാക്കി മാറ്റിയ മുൻ ഗാമികൾക്കും, വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് അകമഴിഞ്ഞ പിന്തുണ നൽകിയ പൊതു ജനങ്ങൾക്കും, പദ്ധതി നിർവഹണത്തിന് ആത്മാർത്ഥമായി കൂടെ നിന്ന ഉദ്യോഗസ്ഥർക്കും, വിലമതിക്കാനാവാത്ത പ്രോത്സാഹനം നൽകിയ വാർത്താ മാധ്യമങ്ങൾക്കും,

നിറഞ്ഞ പിന്തുണയും നല്ല നിർദേശങ്ങളും നൽകി കൂടെ നിന്ന ജില്ലയിലെ എം. പി. മാർ, എം. എൽ. എ മാർ, ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ എല്ലാവരോടും പ്രത്യേകം നന്ദിയും കടപ്പാടും രേഖപ്പെടുത്തിക്കൊണ്ട് 2023–24 വർഷത്തേക്കുള്ള ബജറ്റിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

*******************

## ബജറ്റ് തുകയുടെ വിശദാംശങ്ങൾ

### പ്രതീക്ഷിത വരവ്

മുനിസിപ്പാലിറ്റികൾ ഒഴികെ ജില്ലയുടെ മൊത്തത്തിലുള്ള ഭരണം നിർവഹിക്കുന്ന ഏറ്റവും വലിയ പ്രാദേശിക ഭരണ കൂടമാണെങ്കിലും സംസ്ഥാന സർക്കാറിനെ ആശ്രയിച്ച് മാത്രം പ്രവർത്തിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനമാണ് ജില്ലാ പഞ്ചായത്ത്. സ്വന്തമായി വരുമാനമുണ്ടാക്കാൻ ഒരു തരത്തിലുമുള്ള നികുതികൾ പിരിച്ചെടുക്കുന്നതിനുമുള്ള അധികാരം ജില്ലാ പഞ്ചായത്തിന് ഇത് വരെയും കൈമാറിത്തന്നിട്ടില്ല. ഒരു സ്ഥാപനത്തിനും ലൈസൻസ് നൽകുന്നതിനുള്ള അധികാരവും ജില്ലാ പഞ്ചായത്തുകൾക്കില്ല. സംസ്ഥാന സർക്കാർ ബജറ്റിൽ പ്രഖ്യാപിക്കുന്ന വിഭവസ്രോതസ്സ് ആശ്രയിച്ചാണ് ജില്ലാ പഞ്ചായത്ത് മിക്ക വികസന പദ്ധതികളും ആസൂത്രണം ചെയ്യുന്നത്. ഇതു കൂടാതെ ജില്ലാ പഞ്ചായത്തിന്റെ ഫാമുകളിൽ നിന്നുള്ള വരുമാനവും ഫോറം വിൽപ്പന, ഉപയോഗശൂന്യമായ ആസ്തികളുടെ ലേലം, കെട്ടിട വാടക എന്നിവയിൽ നിന്നുമുള്ള വളരെ ചെറിയ വരുമാനവും ലഭിക്കുന്നു.

### കാറ്റഗറി എ ഫണ്ട്

2022–23 സാമ്പത്തിക വർഷത്തേക്ക് സംസ്ഥാന സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ (എൽ.എസ്.ജി.ഡി ബഡ്ജറ്റ്) ജില്ലാ

പഞ്ചായത്തിന് വികസന ഫണ്ടായി വകയിരുത്തിയിട്ടുള്ള തുകയാണ് കാറ്റഗറി എ ഫണ്ട്. ഇത് പ്രകാരം ജനറൽ വിഭാഗത്തിൽ **52,85,78,000/- രൂപയും** അമ്പത്തിരണ്ട് കോടി എൺപത്തി അഞ്ച് ലക്ഷത്തി എഴുപത്തി എണ്ണായിരം രൂപയും) പ്രത്യേക ഘടക പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിന് **23,26,82,000/- രൂപ** (ഇരുപത്തി മൂന്ന് കോടി ഇരുപത്തി ആറ് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപയും) പട്ടികവർഗ്ഗ ഉപപദ്ധതി ഇനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിനായി **176,87,000/- രൂപയും** (ഒരു കോടി എഴുപത്തിയാറ് ലക്ഷത്തി എൺപത്തി ഏഴായിരം രൂപയുമാണ് മലപ്പുറം ജില്ലാ പഞ്ചായത്തിന് 2022-23 വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത്.

ഇതു കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രന്റ് (ബേസിക്) ഇനത്തിൽ **8,65,54,000/- രൂപയും** (എട്ട് കോടി അറുപത്തി അഞ്ച് ലക്ഷത്തി അമ്പത്തി നാലായിരം രൂപയും) ടൈഡ് ഗ്രാന്റിനത്തിൽ **10,50,31,200/- രൂപ** (പത്ത് കോടി അൻപത് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി ഇരുന്നൂറു രൂപയും) അനുവദിച്ചിട്ടുണ്ട്.

ഇതിനു പുറമെ നഗര സഞ്ചയം ഗ്രാന്റ് ഇനത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്തിന് 2023-24 സാമ്പത്തിക വർഷത്തിൽ **40,00,00,000/- രൂപ** (നാൽപത് കോടി രൂപ) ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>കാറ്റഗറി ബി ഫണ്ട്</u>**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാന സർക്കാർ നടപ്പിലാക്കുകയും നിർവഹണം നടത്തുകയും ചെയ്യുന്ന വിവിധ പദ്ധതികൾക്കായി അനുഭവിക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടാണ് കാറ്റഗറി ബി ഫണ്ട്. ഈ തുക വിനിയോഗിക്കുന്നതും പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതും പ്രാദേശിക ഭരണ കൂടമാണെങ്കിലും പദ്ധതികൾ തയ്യാറാക്കുന്നത് സംസ്ഥാന സർക്കാരാണ്. ഇതിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് മുഖേന നിർവ്വഹണം നടത്തി വിതരണം ചെയ്യുന്ന ഓർഫനേജ് ഗ്രാന്റിനായി സാമൂഹ്യനീതി വകുപ്പിൽ നിന്നും **5,50,00,000/- രൂപ** (അഞ്ചു കോടി അമ്പത് ലക്ഷം രൂപ) 2023-24 വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കാറ്റഗറി സി ഫണ്ട്

സംസ്ഥാന സർക്കാരിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയി കിട്ടിയിട്ടുള്ള സ്ഥാപനങ്ങൾ, ആസ്തികൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി ലഭ്യമാകുന്ന മെയിന്റനൻസ് ഗ്രന്റാണ് കാറ്റഗറി സി ഫണ്ട്.

സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം തുക വകയിരുത്തുന്നു. ജില്ലാപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികൾ, സ്കൂളുകൾ, റോഡുകൾ തുടങ്ങിയ ആസ്തികൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഈ ഫണ്ട് വിനിയോഗിക്കുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങളിലെ അവ്യക്തതയും മാനദണ്ഡങ്ങൾ നിശ്ചയിച്ചതിലും പരിശോധന നടത്തിയതിലുമുള്ള വിഴ്ചകളും മൂലം സംസ്ഥാനത്തെ മുഴവൻ ജില്ലാ പഞ്ചായത്തുകൾക്കും റോഡ് മെയിന്റനൻസ് ഇനത്തിൽ ഭീമമായ തുകയാണ് ഈ വർഷം കുറഞ്ഞു പോയിട്ടുള്ളത്. റോഡുകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി മുൻ വർഷം ഏകദേശം 29 കോടി ലഭിച്ചിരുന്നുവെങ്കിലും ഈ വർഷം **8,14,73000/- രൂപ** (എട്ട് കോടി പതിനാലു ലക്ഷത്തി എഴുപത്തി മുവായിരം) മാത്രമാണ് ലഭിക്കുന്നത്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷവും ഇത്തരത്തിൽ സർക്കാർ റോഡ് മെയിന്റനൻസ് ഗ്രാൻഡ് വെട്ടിക്കുറച്ചിരുന്നെങ്കിലും പിന്നീട് പുനസ്ഥാപിച്ചിരുന്നു. റോഡിതര ആസ്തികളുടെ പരിപാലനത്തിനായി **32,53,42,000/- രൂപ** (മുപ്പത്തി രണ്ട് കോടി അമ്പത്തി മൂന്നു ലക്ഷത്തി നാൽപ്പത്തി രണ്ടായിരം) രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കാറ്റഗറി ഡി ഫണ്ട്

സംസ്ഥാന സർക്കാരിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ദൈനം ദിന ചെലവുകൾക്കും നടത്തിപ്പിനുമായി അനുഭവിക്കുന്ന പ്രത്യേക തുകയാണ് ജനറൽ പർപ്പസ് ഗ്രാൻഡ്. ജീവനക്കാരുടെ ശമ്പളം, ഓണറേറിയം, മറ്റു ഭരണച്ചെലവുകൾ, ദൈനംദിന ചെലവുകൾ, തുടങ്ങിയവക്കായി ലഭിക്കുന്ന ഈ

ഫണ്ടാണ് കാറ്റഗറി ഡി ഫണ്ട്. **4,81,86,000/- രൂപ** (നാല് കോടി എൺപത്തി ഒന്ന് ലക്ഷത്തി എൺപത്തി ആറായിരം) രൂപയാണ് 2023-24 ൽ പ്രതീക്ഷിക്കുന്നത്.

<u>കാറ്റഗറി ഇ ഫണ്ട്</u>

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭിക്കുന്ന വിഹിതമാണ് കാറ്റഗറി ഇ ഫണ്ട്. ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നത് കേന്ദ്ര സർക്കാരാണ്. നിർവഹണ ചുമതല ജില്ലാ പഞ്ചായത്തിനും. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, ശുചിത്വ മിഷൻ പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. 2023-24 സാമ്പത്തിക വർഷം **5,00,00,000/- രൂപ** (അഞ്ച് കോടി രൂപ) ഈ ഇനത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>കാറ്റഗറി എഫ് ഫണ്ട്</u>

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കൈമാറി കിട്ടിയതുമായ സ്ഥാപനങ്ങളിൽ നിന്നും ആസ്തികളിൽ നിന്നുമുള്ള വരുമാനം, ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ ക്രയവിക്രയങ്ങൾ, ചുമത്തുന്ന പിഴകൾ, ഫോറങ്ങളുടെ വില്പന, ലേലങ്ങൾ, വാടക എന്നിങ്ങനെ സ്വയം ആർജ്ജിച്ചെടുക്കുന്ന തനത് ഫണ്ടാണ് കാറ്റഗറി എഫ് ഫണ്ട്. ആയതു പ്രകാരം 2023-24 വർഷത്തിൽ **5,95,24,300/- രൂപ** (അഞ്ച് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി ഇരുപത്തി നാലായിരത്തി മുന്നൂറ് ) രൂപയാണ് പ്രതീക്ഷിക്കുന്നത്.

**********************

## മേഖല അടിസ്ഥാനമാക്കിയുള്ള വകയിരുത്തലുകളും പ്രധാന പദ്ധതികളും

### ഉൽപ്പാദന മേഖലക്ക് 16 കോടി രൂപ

2016–17 ലെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം ജില്ലയിലെ മൊത്തം വിളവെടുപ്പ് വിസ്തീർണ്ണം 237860 ഹെക്ടറും, വിളയുടെ തീവ്രത 137 ഹെക്ടറുമാണ്.

2016–17 ലെ കണക്ക് പ്രകാരം ഏറ്റവും കൂടുതൽ ഉൽപാദിപ്പിച്ച വിളകൾ മരച്ചീനി (185,880 മെട്രിക് ടൺ), തുടർന്ന് വാഴപ്പഴം (58,564 മെട്രിക് ടൺ), റബ്ബർ (40,000 മെട്രിക് ടൺ) എന്നിവയാണ്. 2016–17ൽ 878 ദശലക്ഷം തേങ്ങകളും 19 ദശലക്ഷം ചക്കയും ഉത്പാദിപ്പിച്ചു. എന്നിരുന്നാലും, തെങ്ങ് (102,836 ഹെക്ടർ), റബ്ബർ (42,770 ഹെക്ടർ), കമുക് (18,379 ഹെക്ടർ) എന്നിവയ്ക്ക് പരമാവധി ഭൂമി വിനിയോഗിച്ചിട്ടുണ്ട്.

വിശാലമായ വന്യജീവി ശേഖരണം, പടിഞ്ഞാറോട്ട് ഒഴുകുന്ന നിരവധി ചെറിയ നദികളും അരുവികളും, ചെറിയ കുന്നുകൾ, വനങ്ങൾ, കായൽ, നെല്ല് കമുക്, കശുവണ്ടി, കുരുമുളക്, ഇഞ്ചി, പയർവർഗ്ഗങ്ങൾ, തേങ്ങ, വാഴ, മരച്ചീനി, റബ്ബർ തോട്ടങ്ങൾ എന്നിവയാൽ സമൃദ്ധമാണ് മലപ്പുറം ജില്ല. ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന തേക്ക് തോട്ടമായ കനോലി പ്ലോട്ട് ജില്ലയിലെ നിലമ്പൂരിലാണ്. ലോകത്തിലെ തന്നെ ഏറ്റവും മുന്തിയ ഇനം വെറ്റിലയായ തിരൂർ വെറ്റിലക്ക് ഭൗമസൂചികാ പദവി ലഭിച്ചത് ജില്ലക്ക് ഏറെ അഭിമാനമാണ്. ജില്ലയിലെ 3,554 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ, 1,034 ചതുരശ്ര കിലോമീറ്റർ (399 ചതുരശ്ര മൈൽ) വനമേഖലയാണ്.

എന്നാൽ ജനസഖ്യയിൽ ഒന്നാം സ്ഥാനത്തും ആളോഹരി വരുമാനത്തിൽ പതിനാലാം സ്ഥാനത്തും നിൽക്കുന്ന ജില്ലയാണെന്ന കാര്യം നാം ഗൗരവമായി കാണണം. പഴയ കാലത്ത് നില നിന്നിരുന്ന കാർഷിക സംസ്കാരം ഇടക്കാലത്ത് മെല്ലെ മെല്ലെ നാട്ടു നീങ്ങിയത് ജില്ലയുടെ സാമ്പത്തിക രംഗത്ത് സൃഷ്ടിച്ച അന്തരം ചെറുതല്ല. അത് കൊണ്ട് തന്നെ ഉൽപാദന മേഖലയിലെ ഫലപ്രദമായ ഇടപെടലിലൂടെ ജില്ലയിലെ ആളോഹരി വരുമാനത്തിന്റെ തോത്

വർധിപ്പിക്കുന്നതിനും, കുടിവെള്ള ക്ഷാമം ഉൾപ്പെടെ ജില്ല ഇന്നനുഭവിച്ചു കൊണ്ടിരിക്കുന്ന ജീവൽ സംബന്ധിയായ പ്രശ്നങ്ങൾക്ക് വലിയൊരാളാവോളം പരിഹാരം കാണാൻ കഴിയുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

ഈ കാഴ്ചപ്പാടിൽ നിന്ന് കൊണ്ട് കാർഷിക മേഖലയിലും ഊർജോൽപാദന മേഖലയിലും കാലാനുസൃതമായ മുന്നേറ്റം ലക്ഷ്യം വെച്ചു കൊണ്ടാണ് വരും വർഷത്തെ ബഡ്ജറ്റ് വിഹിതം ക്രമീകരിച്ചിട്ടുള്ളത്. പഴയ കാലത്തെ കാർഷിക സംസ്കാരം തിരിച്ച് കൊണ്ടു വരുന്നതിനും, മണ്ണും മനസ്സും തമ്മിലുള്ള പൊക്കിൾകൊടി ബന്ധം പുന സ്ഥാപിക്കുന്നതിനും ആയതിലൂടെ ജില്ലയിലെ സാമ്പത്തിക മേഖലയിൽ കാർഷിക മേഖലയുടെ മേൽകോയ്മ തിരിച്ച് പിടിക്കുന്നതിനുമുള്ള പദ്ധതികളാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്.

ഉത്പാദന മേഖലയിൽ നെൽകൃഷി, വെറ്റില കൃഷി, പച്ചക്കറി കൃഷി, മൃഗസംരക്ഷണം, ക്ഷീരകൃഷി കോഴിവളർത്തൽ തുടങ്ങിയ എല്ലാ ഇനങ്ങൾക്കും കൂടുതൽ ശ്രദ്ധയും പരിഗണന നൽകുന്നതിന് ബജറ്റ് ലക്ഷ്യമിടുന്നു.

## 'യുവശ്രീ' കാർഷിക മുന്നേറ്റ യജ്ഞം – 6 കോടി

ജില്ലയിൽ നിലവിൽ ലഭ്യമായ കണക്ക് പ്രകാരം ആകെ വിള വിസ്തൃതി 231039.87 ഹെക്ടറാണ്.

ഓരോ വർഷവും വിള വിസ്തീർണ്ണം കുറഞ്ഞു കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷം മാറ്റിയെടുക്കുന്നതിനും യുവാക്കളുടെ കരുത്തും കർമ്മ ശേഷിയും കാർഷിക മേഖലയിലേക്ക് കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള പ്രത്യേക പദ്ധതിയാണ് 'യുവശ്രീ' യിലൂടെ ലക്ഷ്യം വെക്കുന്നത്. കുടുംബശ്രീ മാതൃകയിൽ പഞ്ചായത്ത് തലത്തിൽ യുവാക്കളുടെ കൂട്ടായ്മയും അയൽക്കൂട്ടങ്ങളും രൂപീകരിച്ച് ഓരോ പഞ്ചായത്തിലും തരിശിട്ടിരിക്കുന്ന കൃഷി ഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുന്നതിനും ആയതിലൂടെ ഭൂവുടമസ്ഥനും, കൃഷിക്കാർക്കും വരുമാനം ലഭിക്കുകയും ചെയ്യുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്.

മുൻ വർഷം മുതൽ ആലോചന തുടങ്ങിയ ഇത്തരത്തിലൊരു ബൃഹത്തായ പദ്ധതിക്ക് ഈ വർഷത്തോടെ അന്തിമ രൂപം നൽകി നടപ്പിലാക്കുന്നതിനും നെൽകൃഷിക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനുമായി **2 കോടി രൂപ** നീക്കി വെക്കുന്നു.

ഒപ്പം കാർഷിക അഭിവൃദ്ധിക്ക് വേണ്ടി ജലസേചന കനാലുകളും, തോടുകളും നവീകരിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ തയണകൾ നിർമ്മിക്കുകയും, നിലവിലുള്ള തടയണകൾ നവീകരിക്കുകയും ചെയ്യും. ഇത്തരം പദ്ധതികൾക്കായി **4 കോടി രൂപയും** നീക്കി വെക്കും.

**<u>'കതിരോലം' നെല്ല് മ്യൂസിയം – 50 ലക്ഷം</u>**

പുതിയ കാലത്ത് കുറഞ്ഞ സ്ഥലത്ത് കൂടുതൽ വിളവെടുക്കുന്നതിനും അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിയിറക്കുന്നതിനും പ്രോത്സാഹനം നൽകേണ്ടത് ഏറെ അനിവാര്യമാണ്. ഇതിനായി ജില്ലാ പഞ്ചായത്തിന് കീഴിൽ ചോക്കാട് പ്രവർത്തിക്കുന്ന ഫാമിൽ വിപുലമായ ഒരു നെൽ മ്യൂസിയം സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷി ചെയ്യുന്നതും എന്നാൽ കേരളത്തിന്റെ കാലാവസ്ഥക്കും മണ്ണിനും അനുയോജ്യവുമായതും അത്യുല്പാദന ശേഷിയുള്ളതുമായ വിത്തിനങ്ങൾ ഉൽപാദിപ്പിച്ച് പ്രദർശനവും വിപണനവും നടത്തുന്നതിനും കർഷകർക്ക് ഏത് സമയത്തും കൃത്യമായ പരിശീലനം ലഭ്യമാക്കുന്നതിനും സംവിധാനം ഒരുക്കുന്ന നെൽ മ്യൂസിയമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിൽ നിന്ന് അനുമതി ലഭിക്കുന്ന മുറക്ക് ഇത് യഥാർഥ്യമാക്കുന്നതിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**<u>വെറ്റില കൃഷി പ്രോത്സാഹനം – 1 കോടി</u>**

പഴയ കാലത്ത് ജില്ലയിലെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായിരുന്ന വെറ്റില കൃഷി പുതിയ കാലത്ത് ഏറെക്കുറെ അന്യം നിന്നു പോയിട്ടുണ്ടെങ്കിലും

പല പ്രദേശങ്ങളിലും  നിരവധി കുടുംബങ്ങൾ ഇപ്പോഴും വെറ്റില കൃഷി അവരുടെ കാർഷിക സംസ്കാരമായും ജീവിതോപാധിയായും ഏറ്റെടുത്തവരായിട്ടുണ്ട്.

ഭൌമസൂചിക പദവി നേടിയ തിരൂർ വെറ്റില ഉൾപ്പെട്ട ജില്ലയിലെ മൊത്തതിലുള്ള വെറ്റില ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വെറ്റില ഉത്പാദക സഹകരണ സംഘങ്ങളുമായി ചേർന്ന് ഗുണമേന്മയുള്ള വെറ്റില ഉൽപ്പാദിപ്പിച്ച് കയറ്റുമതി ചെയ്ത് വരുമാന വർദ്ധനവ് യഥാർഥ്യമാക്കുന്നതിനുമായി **1 കോടി രൂപ** വകയിരുത്തുന്നു.

## 'ഹരിതശ്രീ' നവജ ഗ്രാമങ്ങളിൽ ഫല വൃക്ഷ തോട്ടങ്ങൾ – 50 ലക്ഷം

ജില്ലാ പഞ്ചായത്ത് കഴിഞ്ഞ വർഷം മുതൽ നടപ്പിലാക്കിയ നവജ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 100 വാർഡുകളിൽ ഓരോ വാർഡിലും 25 വീടുകൾ തെരെഞ്ഞെടുത്ത് വിവിധ ഇനം ഫല വൃക്ഷങ്ങളുടെ തോട്ടങ്ങൾ സജ്ജീകരിക്കുകയും അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നതിന് ഹരിത ശ്രീ ലക്ഷ്യമിടുന്നു.

നാട്ടിൻ പുറങ്ങളിൽ ഇത്തരത്തിൽ ഫല വൃക്ഷ തോട്ടങ്ങൾ സജ്ജീകരിക്കുന്നതിലൂടെ കൂടുതൽ പേരെ പഴവർഗ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും സമീപ ഭാവിയിൽ കാർഷിക സംസ്കാരം കൂടുതൽ പരിപോഷിപ്പിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. ഇതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## മൃഗ സംരക്ഷണവും ക്ഷീരോൽപ്പാദനവും പരിപോഷിപ്പിക്കൽ – 3 കോടി

കോവിഡ് മഹാമാരിക്ക് ശേഷം മൃഗ സംരക്ഷണം ജീവിത മാർഗമായി സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ കാര്യമായ വർധനവുണ്ടായിട്ടുണ്ട്. ഇവർക്ക് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതുണ്ട്.

ലഭ്യമായ കണക്ക് പ്രകാരം ജില്ലയിലെ ആകെ പാലിന്റെ ഉത്പാദനം 425.99 ടൺ ആണ്. ഉപഭോഗം 625.99 ടണ്ണും. അതായത് ആവശ്യമുള്ളതിന്റെ 68

ശതമാനം മാത്രമാണ് ഉത്പാദനം. 1311.06 ലക്ഷം മുട്ടയാണ് ശരാശരി ഉത്പാദനം. എന്നാൽ ഉപഭോഗമാവട്ടെ 10922.58 മാത്രവും. ഇത് മൊത്തം ചോദനത്തിന്റെ 12 ശതമാനം മാത്രമാണ്. ഇറച്ചിയുടെ കാര്യത്തിലാവാട്ടെ കാളയും പോത്തും ആട്ടുമായി ജില്ലയിലെ ആകെ ഉൾപ്പാദനം 8279 ടണ്ണും ഉപഭോഗം 14,561 ടണ്ണമാണ്. ഇവിടെയും മൊത്തം ആവശ്യത്തിന്റെ 56.86 ശതമാനം മാത്രം ഇവിടെ ഉൽപാദിപ്പിക്കുന്നു.

അത് കൊണ്ട് തന്നെ ഇറച്ചിയുടെയും പാലിന്റെയും മുട്ടയുടെയും ഉത്പാദനം വർധിപ്പിച്ച സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾക്ക് ഈ ബജറ്റ് **3 കോടി രൂപ** നീക്കി വെക്കുന്നു.

**മലപ്പുറം മെഗാ ക്ഷീര മേള - 10 ലക്ഷം**

ക്ഷീര കൃഷിയും മൃഗ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ വ്യത്യസ്തവും നവീനവുമായ രീതികൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് സമഗ്രമായ അറിവുകൾ നൽകുന്നതിനും ലക്ഷ്യം വെക്കുന്നതാണ് ക്ഷീര മേള. കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന ഏറ്റവും മികച്ചയിനം കാലികളെ കർഷകർക്ക് പരിജയപ്പെടുത്തുന്നതിനും ഈ രംഗത്ത് നികയുറപ്പിച്ചിട്ടുള്ളവരും പുതുതായി കടന്നു വരുന്നവർക്ക് കൂടുതൽ ആത്മവിശ്വാസം നൽകുന്നതിനും ഉപകരിക്കുന്ന വിധത്തിലാണ് ക്ഷീര മേള സംഘടിപ്പിക്കുക. ഇതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**വാണിജ്യാടിസ്ഥാനത്തിൽ ഗുണമേന്മയുള്ള മാട്ടിറച്ചി വിതരണ സംവിധാനം - 2 കോടി**

2020-21 ലെ കണക്കനുസരിച്ച് ജില്ലയിൽ പ്രവർത്തിക്കുന്ന 336 ഇറച്ചി വെട്ടു കേന്ദ്രങ്ങളിലായി 4700 കന്നുകാലികളെയും 2900 ആടുകളെയും കശാപ്പ ചെയ്യുന്നുണ്ട്. ഇതിൽ 60 ശതമാനവും പുറത്തു നിന്നായതു കൊണ്ട് തന്നെ മാംസത്തിന്റെ ഗുണ മേന്മ ഉറപ്പ് വരുത്തൽ വലിയ വെല്ലുവിളിയാണ്. ഈ

മേഖലയിൽ പ്രവാസി സംഘങ്ങളുടെയോ, മറ്റ് സ്വകാര്യ സംരംഭകരുടെയോ നേതൃത്വത്തിൽ കന്ന്കാലി വളർത്തു കേന്ദ്രങ്ങളും ശാസ്ത്രീയമായ ഇറച്ചി വിതരണ സംവിധാനവും ആരംഭിക്കുന്നത് മാട്ടിറച്ചിയിൽ നിന്നുള്ള രോഗ ബാധ തടയുന്നതിനും ഗുണമേന്മയുള്ള കന്നുകാലികളും മാട്ടിറച്ചിയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും അതുവഴി ജില്ലയുടെ വാണിജ്യ വ്യവസായ മേഖലക്ക് പുത്തൻ ഉണർവ് പകരാനും സാധിക്കും. ഇവിടെ നിന്ന് ജില്ലയുടെത് മാത്രമായ പ്രത്യേക ബ്രാന്റിൽ സംസ്കരിച്ചതും ഗുണ മേന്മയുള്ളതുമായ ഇറച്ചി വിതരണ സംവിധാനം സ്ഥാപിക്കുന്നതിന് പദ്ധതിയിലൂടെ കഴിയും.

അത് കൊണ്ട് തന്നെ പി. പി. പി. മാതൃകയിൽ സ്വകാര്യ സംരംഭകരുമായി സഹകരിച്ച് ജില്ലയിൽ രണ്ടോ മൂന്നോ വൻകിട കന്നു കാലി വളർത്തു കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഇത്തരം കേന്ദ്രങ്ങളിലേക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനും പ്രത്യേക പദ്ധതിക്കായി **2 കോടി രൂപ** നീക്കി വെക്കുന്നു.

**ക്വാളിറ്റി ചിക്കൻ – 1 കോടി**

ജില്ലയിൽ ആവശ്യമായ കോഴി ഇറച്ചിയുടെ 60 ശതമാനവും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഇവയിൽ പലതും ഗുണ നിലവാരമില്ലാത്ത വളർത്തു കേന്ദ്രങ്ങളിൽ നിന്ന് കൊണ്ടു വരുന്നവയാണ്. അത് കൊണ്ട് തന്നെ ചില പ്രത്യേക സാഹചര്യങ്ങളിൽ രോഗ ബാധ മൂലം റീടെയിൽ കോഴി വില്പനക്കാർക്ക് വലിയ സാമ്പത്തിക നഷ്ടവും പൊതു ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളും സംഭവിക്കാറുണ്ട്. ഇത് ഒരു പരിധി വരെ തടയുന്നതിന് വേണ്ടി വീട്ടു വളപ്പിലോ സൗകര്യപ്രദമായ സ്ഥലത്തോ കോഴി ഫാം നോക്കി നടത്താൻ സന്നദ്ധതയുള്ളവർക്ക് ഫാം സ്ഥാപിച്ചു നൽകി ജില്ലയിൽ കുറഞ്ഞ നിരക്കിൽ ഗുണ മേന്മയുള്ള കോഴിയിറച്ചി ലഭ്യമാക്കുന്നതിനും ജില്ലയെ കോഴിയിറച്ചി ഉത്പാദന രംഗത്ത് സ്വയം പര്യാപ്തമാക്കുന്നതിനുമുള്ള പ്രത്യേക പദ്ധതിക്ക് **1 കോടി രൂപ** വകയിരുത്തുന്നു.

## മത്സ്യ കൃഷി അഭിവൃദ്ധിപ്പെടുത്തൽ – 2.25 കോടി

ജില്ലയിൽ സമീപ കാലത്ത് കൂടുതൽ പേർ കർഷകർ മത്സ്യ കൃഷിയിലേക്ക് വരുന്നത് ഏറെ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് മാരകമായ മരുന്നുകളും, കീടനാശിനി പ്രയോഗങ്ങളും നടത്തി കേരളത്തിലേക്ക് കൊണ്ടു വരുന്ന കടൽ മത്സ്യങ്ങൾ ഭക്ഷിക്കുന്നത് മൂലം നിരവധി ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഒരുപരിധി വരെ ഇത്തരം പ്രശ്നങ്ങളിൽ നിന്ന് സമൂഹത്തെ സംരക്ഷിക്കാനും ആഭ്യന്തര ഉൽപാദത്തിന് മുതൽ കൂട്ടാക്കുന്നതിനും വേണ്ടി പുരയിട മത്സ്യ കൃഷി ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്നതിന് **25 ലക്ഷം രൂപയും** ജില്ലയിൽ തന്നെ ലഭ്യമാകുന്ന കടൽ മത്സ്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള (സ്ഥലം ലഭ്യമാകുന്ന മുറക്ക്) സൌകര്യം ഒരുക്കുന്നതിന് **50 ലക്ഷം രൂപയും**, സർക്കാർ അനുമതി കിട്ടുന്ന മുറക്ക് മത്സ്യ തൊഴിലാളി സൊസൈറ്റികൾക്ക് സബ്സിഡി നിരക്കിൽ വല വിതരണം ചെയ്യുന്നതിന് **50 ലക്ഷം രൂപയും** തീരദേശ മേഖലയിൽ ഫിഷ് പ്ലാന്റിംഗ് സെന്റർ നവീകരിക്കുന്നതിന് **50 ലക്ഷം രൂപയും**, ആഴക്കടലിൽ മത്സ്യ ബന്ധനത്തിന് പോകുന്ന തൊഴിലാളികൾക്ക് ദിശാ സൂചികാ വിളക്കുകളുടെ നിർമാണം പൂർത്തീകരിക്കുന്നതിന് **50 ലക്ഷം രൂപയും** വകയിരുത്തുന്നു.

## മത്സ്യ കൃഷിക്കാർക്ക് വിപണനത്തിനായി ഇൻസുലേറ്റഡ് വെഹിക്കിൾ – 40 ലക്ഷം

മത്സ്യ കൃഷിക്കാർക്ക് പ്രാദേശിക വിപണനം കഴിച്ച് ബാക്കി വരുന്ന മത്സ്യങ്ങൾ കേട്ട കൂടാതെ വിദൂര ദിക്കുകളിലുള്ള വിപണന കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ശാസ്ത്രീയമായ സംവിധാനം ഇത് വരെയും ജില്ലയിൽ ലഭ്യമായിട്ടില്ല. ഇക്കാര്യം കണക്കിലെടുത്ത് കൊണ്ട് തന്നെ പ്രാദേശിക മത്സ്യ വളർത്തു കേന്ദ്രങ്ങളിൽ അധികമായി വിളവെടുക്കുന്ന മത്സ്യങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് കേട്ട കൂടാതെ എത്തിക്കുന്നതിനും കർഷകർക്ക് സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനുമായി അത്യാധുനിക കോൾഡ് സ്റ്റോറേജ് സംവിധാനമുള്ള ഇൻസുലേറ്റഡ് വെഹിക്കിൾ വാങ്ങുന്നതിന് **40 ലക്ഷം രൂപ** വകയിരുത്തുന്നു.

## ആതവനാട് പൗൾട്രി ഫാം ഉൽപാദന വർദ്ധനവിന് – 1.50 കോടി

ജില്ലാ പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന ആതവനാട്ടെ ജില്ലാ പൗൾട്രി ഫാമിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതി ലൂടെ വർഷത്തിൽ 5 മുതൽ 10 ലക്ഷം വരെ കോഴി കുഞ്ഞുങ്ങളെ വിരിയിച്ച് വിതരണം ചെയ്യാൻ കഴിയുമെന്ന് ജില്ലാപഞ്ചായത്ത് നിരീക്ഷിക്കുന്നു. ഇതിനായി എഗ്ഗർ നഴ്സറിയുടെയും ഹാച്ചറിയുടെയും ഉൽപാദന വിതരണ സംവിധാനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനും, പൗൾട്രി ഫാമിൽ മുയലുകളെ വളർത്തി വില്പന നടത്തുന്നതിനുമായി **1 കോടി രൂപയും** വകയിരുത്തിയിട്ടുണ്ട്.

## ഫാം ടൂറിസം – 1 കോടി

ജില്ലാ പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഫർമുകളിൽ വരുമാന വർദ്ധനവും വിള വർദ്ധനവും ലക്ഷ്യമാക്കി കൊണ്ടുള്ള ഫാം ടൂറിസം പദ്ധതി നടപ്പിൽ വരുത്തും. വിശാലമായ സൗകര്യങ്ങളുള്ളതും നെല്ല്, നാളികേരം, മത്സ്യം തുടങ്ങിയ കൃഷി നടന്നു കൊണ്ടിരിക്കുന്നതുമായ ഫാമുകളെ പൊതു ജനങ്ങളുമായി കൂടുതൽ അടുപ്പിക്കുന്നതിനും ജില്ലയിൽ കാർഷിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമുടുന്നത്. ജില്ലയുടെ കാർഷിക മേഖലയിലും വിനോദ സഞ്ചാര മേഖലയിലും ഒരു പോലെ ഉണർവ്വുണ്ടാക്കുന്ന ഈ പദ്ധതിക്കായി ആദ്യം ഘട്ടം **1 കോടി രൂപ** നീക്കി വെക്കുന്നു.

## മലപ്പുറം ഗ്രീൻ കോക്കനട്ട് ഓയിൽ – 1 കോടി

ജില്ലയിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മിക്ക വെളിച്ചെണ്ണകളിലും ഗുരുതരമായ തോതിൽ മായം കലർത്തുകയോ പ്രട്രോളിയം ജെല്ലി ഉൾപ്പെടെയുള്ള രാസ പാദാർത്ഥങ്ങൾ ചേർക്കുകയോ ചെയ്യുന്നുണ്ടെന്ന ആക്ഷേപം ശക്തമാണ്. ഇത് കണ്ടു പിടിക്കുന്നതിനുള്ള ഫലപ്രദവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ വേണ്ടത്ര ലഭ്യമല്ലാത്തത് കൊണ്ട് തന്നെ മലപ്പുറത്തിന്റേത് മാത്രമായി പരിശുദ്ധമായ വെളിച്ചെണ്ണ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നു. പൊതു സ്വകാര്യ

സംയുക്ത പങ്കാളിത്തത്തോടെ നാളികേര കർഷകരിൽ നിന്ന് നേരിട്ട് തേങ്ങ സംഭരിച്ച് ന്യായമായ വിലക്ക് വെളിച്ചെണ്ണ വിപണനം നടത്തുന്നതിന് ലക്ഷ്യമിടുന്ന മലപ്പുറം ഗ്രീൻ കോക്കനട്ട് ഓയിൽ പദ്ധതിക്ക് **1 കോടി രൂപ** വകയിരുത്തുന്നു.

**പാർപ്പിടം – ലൈഫ് ഭൂരഹിതരായ 1000 പേർക്ക് സ്ഥലം വാങ്ങുന്നതിന് ധന സഹായം – 20 കോടി**

അഞ്ചു വർഷത്തിലധികമായി ലൈഫ് ഭവന പദ്ധതിയിൽ വീടിനും സ്ഥലത്തിനും വേണ്ടി കാത്തിരിക്കുന്നവർ നിരവധിയാണ്. ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടം ലൈഫ് 22 എന്ന് വിശേഷിപ്പിക്കുമ്പോഴും ഈ ഘട്ടത്തിൽ വീടും സ്ഥലവും ലഭ്യമല്ലാത്ത പരമ ദരിദ്രർക്ക് ഇത് വരെയും ഭൂമി വാങ്ങുന്നതിന് ലൈഫ് പദ്ധതിയിൽ സംവിധാനം ആയിട്ടില്ല. ഇത്തരത്തിലുള്ള 1000 ഭൂരഹിതരായ ലൈഫ് ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് ധന സഹായം നൽകുന്നതിന് 2023–24 വർഷം ജില്ലാ പഞ്ചായത്ത് **20 കോടി രൂപ** വകയിരുത്തുന്നു.

## സേവന മേഖല

**കുടിവെള്ള ലഭ്യത ഉറപ്പു വരുത്തൽ – 6 കോടി**

ജൽ ജീവൻ മിഷന്റെ ആഭിമുഖ്യത്തിൽ ജില്ല മുഴുവൻ ഉൾക്കൊള്ളുന്ന സമഗ്രമായ കുടിവെള്ള വിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടെങ്കിലും പല മേഖലകളിലും ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ ഇപ്പോഴും ജൽ ജീവൻ മിഷൻ പദ്ധതിയുടെ വിതരണ ലൈനുകളിൽ നിന്നും ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ഇത്തരം പ്രദേശങ്ങളിൽ വാട്ടർ അതോറിട്ടിയുമായി സഹകരിച്ചോ നേരിട്ടോ ചെറുകിട പദ്ധതികൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ള പദ്ധതികൾ അറ്റകുറ്റപണി നടത്തി ജല ലഭ്യത

ഉറപ്പ വരുത്തുന്നതിനും, കോളനികളിൽ പ്രത്യേക കുടിവെള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി **6 കോടി രൂപ** വകയിരുത്തുന്നു.

<u>വിദ്യാഭ്യാസ മേഖലയുടെ ആധുനിക വൽക്കരണം – 20 കോടി</u>

അതിവേഗം മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ആഗോള വിദ്യാഭ്യാസ കാഴ്ച്ചപ്പാടുകൾക്കൊപ്പം നമ്മുടെ വിദ്യാഭ്യാസ രീതികളെയും സംവിധാനങ്ങളെയും ഉയർത്തിക്കൊണ്ട് വരേണ്ടതും, നവീകരിക്കേണ്ടതും അനിവാര്യമാണ്.

മാറുന്ന ലോകത്തിന്റെ അക്കാഡമിക നിലവാരത്തിനൊത്ത് നമ്മുടെ കുട്ടികളെ രൂപപ്പെടുത്തുന്നതിനാവശ്യമായ പഠനാന്തരീക്ഷവും സൗകര്യങ്ങളും, പഠന പ്രക്രിയകളും ഡിസൈൻ ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ക്ലാസ്സ് മുറികൾ, സ്റ്റാഫ് റൂം, ലാബ് സംവിധാനങ്ങൾ, റസ്റ്റ് റൂം, മാനസിക ഉല്ലാസത്തിനുതകുന്ന അടിസ്ഥാന സൗകര്യങ്ങൾ, സുരക്ഷ ഉറപ്പാക്കുന്ന കളി സ്ഥലങ്ങൾ, വൃത്തിയും വെടിപ്പുമുള്ള ശുചി മുറികൾ തുടങ്ങി തീർത്തും അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന പഠന കേന്ദ്രങ്ങളായി നമ്മുടെ സ്കൂളുകൾ പരിവർത്തിപ്പിക്കപ്പെടണം.

ജില്ലയുടെ എസ് എസ് എൽ സി വിജയ ശതമാനത്തിലും പഠന നിലവാരത്തിലും വിപ്ലവകരമായ മുന്നേറ്റത്തിന് കാരണമായ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 'വിജയ ഭേരി' പദ്ധതി ഹയർ സെക്കന്ററിയുടെ പുതിയ വേർഷൻ ഹയർ സെക്കന്ററി, ഉന്നത വിദ്യാഭ്യാസ മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന്റെ മുന്നോടിയായി കഴിഞ്ഞ വർഷം മുതൽ തുടങ്ങി വെച്ച വിങ്സ് മലപ്പുറം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടു പോവും. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാലയാന്തരീക്ഷം ജില്ലയിലെ മുഴുവൻ സ്കൂളുകളിലും യഥാർത്ഥ്യമാക്കുന്നതിനും വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി **20 കോടി രൂപ** നീക്കി വെക്കുന്നു.

## ഹയർ സെക്കന്ററി വിജയഭേരി –  5 കോടി

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഹയർ സെക്കന്ററി, വി. ഇച്ച്. എസ്. ഇ സ്കൂളുകളും വിദ്യാർത്ഥികളുമുള്ള ജില്ലയാണ് മലപ്പുറം. എസ് എസ് എൽ സി വിജയിക്കുന്ന കുട്ടികളുടെ അനുപാതതിനനുസരിച്ച് സീറ്റുകൾ ഇല്ലാത്തതിനാൽ 50 കുട്ടികൾ ഇരിക്കേണ്ട ബാച്ചിൽ 65 ലധികം കുട്ടികളുണ്ട്. അത് കൊണ്ട് തന്നെ പഠന പ്രക്രിയയുടെ ഗുണ നിലവാരം ഉറപ്പാക്കേണ്ടത് അനിവാര്യമായിരിക്കുന്നു.

കഴിഞ്ഞ വർഷം 87 ശതമാനമാണ് ഹയർ സെക്കന്ററി വിജയം. പ്രൈവറ്റ് രജിസ്ട്രേഷനിൽ 60 ശതമാനവും. അത് കൊണ്ട് തന്നെ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നതിനും ഹയർ സെക്കന്ററി, വി. എച്ച്. എസ്. ഇ എല്ലാ സ്ട്രീമിലും 100  ശതമാനം വിജയം ഉറപ്പ് വരുത്തുന്നതിനും ലക്ഷ്യം വെക്കുന്ന പദ്ധതിയാണിത്.

- ✓ വിവിധ മത്സര പരീക്ഷകളെ നേരിടാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക.
- ✓ പഠനത്തോടൊപ്പം ജീവിത നൈപുണികളും പരിശീലിപ്പിക്കുക.
- ✓ വിദ്യാർത്ഥികളിൽ പൗരബോധം വളർത്തുക
- ✓ വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ ഡ്രൈവിംഗ് രീതികളും ഗതാഗത നിയമങ്ങളും പരിശീലിപ്പിക്കുക

തുടങ്ങിയ ബഹു മുഖ പ്രവർത്തന പദ്ധതികൾ ഇതിലൂടെ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി **5 കോടി** രൂപ വകയിരുത്തുന്നു.

## വിങ്സ് മലപ്പുറം – സി. യു. ഇ. ടി ബൂസ്റ്റിംഗ് പ്രോഗ്രാം – 10 ലക്ഷം

കേരളത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്ന ജില്ലയാണ് മലപ്പുറം. ഓരോ വർഷവും അമ്പതിനായിരത്തിലധികം വിദ്യാർത്ഥികൾ ജില്ലയിൽ നിന്നും ഉപരി പഠന യോഗ്യത നേടുന്നു. ഇവരിൽ 10 ശതമാനത്തിൽ താഴെയുള്ളവർക്ക് മാത്രമാണ് പൊതു ക്യാമ്പസുകളിൽ ബിരുദ പഠനത്തിന് അവസരം ലഭ്യമായിട്ടുള്ളത്. കേന്ദ്ര

സർവ്വ കലാശാല നിലവാരത്തിലുള്ള  കോളേജുകൾ ഒന്നും തന്നെ ജില്ലയിൽ ഇല്ല.

അത് കൊണ്ട് തന്നെ കഴിഞ്ഞ വർഷം മുതൽ കേന്ദ്ര സർക്കാർ കേന്ദ്ര സർവകലാശാലകളിലേക്ക് കൊണ്ട് വന്ന ഏകീകൃത പ്രവേശന പരീക്ഷാ സംവിധാനമായ സി. യു. ഇ. ടി പരീക്ഷ നേരിടുന്നതിന് ജില്ലയിലെ വിദ്യാർത്ഥികൾക്കായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ 'വിങ്സ് മലപ്പുറം' പ്രത്യേക പരിശീലന പദ്ധതിയിലൂടെ 200 ലധികം കുട്ടികൾക്ക് വിവിധ കേന്ദ്ര സർവ്വ കലാശാലകളിൽ പ്രവേശനം ലഭിച്ചു.

വരും വർഷം കൂടുതൽ കുട്ടികൾക്ക് മലപ്പുറം ജില്ലയിൽ നിന്ന് കേന്ദ്ര സർവ്വകലാശാലകളിൽ പ്രവേശനം നേടിക്കൊടുക്കുന്നതിന് വിപുലമായ തോതിൽ പദ്ധതി ഏറ്റെടുക്കുന്നതിന്  **10 ലക്ഷം രൂപ** വകയിരുത്തുന്നു.

<u>**വേൾഡ് എഡ്യൂക്കേഷൻ സമ്മിറ്റ്  (വിദ്യാഭ്യാസ പ്രദർശനം) – 25 ലക്ഷം**</u>

ഇന്ത്യയിലെ വിദ്യാഭ്യാസ രീതികളും വിദേശ രാജ്യങ്ങളിലെ വിദ്യാഭ്യാസ രീതികളും തമ്മിൽ വലിയ അന്തരമുണ്ട്. വിദ്യാർത്ഥികൾക്ക് അധിക ഭാരമില്ലാതെ തന്നെ ന്യൂ ജനറേഷൻ കോഴ്സുകൾ നേടാനും പഠനത്തോടൊപ്പം ജോലി ചെയ്ത് വരുമാനം സമ്പാദിക്കുന്നതിനും ആവശ്യമായ നവീനമായ രീതി ഇന്ത്യയിൽ ഇത് വരെയും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. അത് കൊണ്ട് തന്നെ വിദ്യാർത്ഥികൾ വലിയ തുക ചെലവഴിച്ച് യൂറോപ്യൻ നാടുകളിലേക്ക് പലായനം ചെയ്യുന്നത് ഇന്നൊരു ഫാഷൻ ആയിരിക്കുന്നു.

നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ രീതികൾ പരിഷ്കരിക്കേണ്ട ആവശ്യകത വിദ്യാഭ്യാസ വിചക്ഷണന്മാരുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും ഇത് സംബന്ധിച്ച ചർച്ചകൾക്ക് ആക്കം കൂട്ടുന്നതിനും ഒരു വിദ്യാഭ്യാസ ഉച്ചകോടി ആവശ്യമാണ്.

ഇന്ത്യയിൽ തന്നെയുള്ള മികച്ച കേന്ദ്ര സർവ്വകലാ ശാലകളുടെ പ്രവർത്തനങ്ങൾ നേരിട്ട് അറിയുന്നതിനും വിദേശ രാജ്യങ്ങളിൽ നിലവിലുള്ള

വിദ്യാഭ്യാസ സൗകര്യങ്ങൾ അറിയാനും പ്രയോചനപ്പെടുത്താനുമൊക്കെ ഉപകരിക്കുന്ന വിപുലമായ വിദ്യാഭ്യാസ ഉച്ചകോടിക്കായി **25 ലക്ഷം രൂപ** നീക്കി വെക്കുന്നു.

**<u>സ്കൂളുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് ലാബ് സ്ഥാപിക്കൽ – 3 കോടി</u>**

മലപ്പുറം ജില്ലാ പഞ്ചായത്ത് കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയ ശ്രദ്ധേയമായ പദ്ധതിയായിരുന്നു '100 കെ മലപ്പുറം കോഡേഴ്സ്' പദ്ധതി. സാങ്കേതിക വിപ്ലവത്തിന്റെ പുതിയ കാലത്ത് അതിർ വരമ്പുകളില്ലാത്ത വിവര സാങ്കേതിക വിദ്യയുടെ ലോകത്ത് നമ്മുടെ കുട്ടികൾക്കും അവരുടെതായ ഇടം കരസ്ഥമാക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് നടത്തിയ പദ്ധതിയിൽ ഇതിനകം 50000 വിദ്യാർത്ഥികളാണ് വിജയകരമായി കോഴ്സ് പൂർത്തീകരിച്ചത്.

മാനവ കുലത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ വഴിത്തിരിവായിരുന്നു വ്യവസായ വിപ്ലവം കഴിഞ്ഞ നൂറ്റാണ്ടുകളിലെ വ്യവസായ വിപ്ലവം. ഒന്നും രണ്ടും വ്യവസായ വിപ്ലവത്തിന്റെ കാലത്ത് മനുഷ്യൻ ശാരീരികമായി ചെയ്യുന്ന ജോലിയായിരുന്നു യന്ത്രങ്ങൾ ഏറ്റെടുത്തിരുന്നതെങ്കിൽ നാലാം വ്യവസായ വിപ്ലവത്തിന്റേതായ പുതിയ കാലത്ത് മനുഷ്യന്റെ ബുദ്ധിപരമായ പ്രവർത്തനങ്ങൾ കൂടി യന്ത്രങ്ങൾ ഏറ്റെടുക്കുന്നു എന്നത് തൊഴിൽ രംഗത്ത് നേരിടേണ്ടി വരുന്ന വലിയ വെല്ലുവിളിയാണ്. അത് കൊണ്ട് തന്നെ നമ്മുടെ കുട്ടികൾക്ക് ഈ മേഖലയിൽ ചെറുപ്പം മുതലേ പ്രവീണ്യം നൽകുന്നതിന് റോബോട്ടിക്സ്, 3 ഡി പ്രിന്റിംഗ്, ബ്ലോക്ക് ചെയിൻ തുടങ്ങിയവയിൽ പരിശീലനം സാധ്യമാകുന്ന ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് ലാബുകൾ സ്കൂളുകളിൽ സംവിധാനിക്കുന്നതിനു ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നു. ഇതിനായി ആദ്യ ഘട്ടത്തിൽ **3 കോടി രൂപ** നീക്കി വെക്കുന്നു.

**<u>സ്കൂളുകളിൽ സോളാർ പവർ പ്ലാന്റ് – 1 കോടി</u>**

ഊർജ്ജോൽപ്പാദന രംഗത്ത് സുപ്രധാന കാൽവെപ്പ് എന്ന നിലയിൽ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഹൈസ്കൂൾ/ഹയർസെക്കണ്ടറി

സ്കൂളുകളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നു. വൈദ്യുതി ഇനത്തിൽ വരുന്ന ഭീമമായ ചിലവുകൾ നിയന്ത്രിക്കുന്നതിനും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ക്ലാസ്സ് മുറികളിലും പ്രാക്ടിക്കൽ റൂമുകളിലും തടസ്സങ്ങളില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ച് കൊണ്ടാണ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ആദ്യ ഘട്ടത്തിൽ 10 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് **1 കോടി രൂപ** വകയിരുത്തുന്നു.

**<u>അന്താരാഷ്ട്ര ഫുട്ബോൾ അക്കാദമി – 1 കോടി</u>**

മലപ്പുറത്തിന്റെ ഫുട്ബോൾ പ്രേമം പുകൾ പെറ്റതാണ്. സന്തോഷ് ട്രോഫിയിലും , സുബ്രതോ കപ്പിലുമൊക്കെ നേരത്തെ മലപ്പുറത്തിന്റെ നിരവധി കളിക്കാർ മാറ്റുരച്ചിരുന്നു ക്രിക്കറ്റിലും ഹോക്കിയിലും, ടെന്നീസിലുമെല്ലാം ഇന്ത്യൻ കളിക്കാർ തിളങ്ങുമ്പോഴും മികച്ച കളിക്കാർ ഉണ്ടായിട്ട് പോലും ഇത് വരെയും ലോക കപ്പ് ഫുട്ബോളിലേക്ക് ഇന്ത്യൻ ടീം യോഗ്യത നേടിയിട്ടില്ല. സ്കൂൾ പഠന കാലം മുതലേ പ്രൊഫഷണലായി ഫുട്ബോൾ പരിശീലനം നൽകി മലപ്പുറത്ത് നിന്നും മികച്ച കളിക്കാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഇന്റർനാഷണൽ ഫുട്ബോൾ അക്കാഡമിയും സ്പോർട്സ് സ്കൂളും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഈ വർഷം **1 കോടി രൂപ** നീക്കി വെക്കുന്നു.

**<u>ഫിസിക്കൽ ലിറ്ററസി മിഷൻ പദ്ധതി – 5 കോടി</u>**

വരും വർഷം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന ഏറ്റവും ശ്രദ്ധേയവും സമീപ ഭാവിയിൽ തന്നെ ജില്ലയുടെ ആരോഗ്യ കായിക മേഖലകളിൽ വലിയ മുന്നേറ്റത്തിന് കാരണമായേക്കാവുന്നതുമായ പദ്ധതിയാണ് ഫിസിക്കൽ ലിറ്ററസി മിഷൻ.

മലപ്പുറം ജില്ലയെ സമ്പൂർണ്ണ കായിക സാക്ഷരതയും കായിക ക്ഷമതയും നേടുന്ന കേരളത്തിലെ ആദ്യത്തെ ജില്ലയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ

എൽ. പി. സ്കൂൾ തലം മുതൽ തുടങ്ങുന്ന സമഗ്ര ജീവിത ശൈലീ പരിശീലന പദ്ധതിയാണിത്.

ആരോഗ്യകരമായ ജീവിതത്തിനും പുതിയ തലമുറക്ക് ഏറ്റവും മികച്ച കായിക ക്ഷമത കൈവരിക്കുന്നതിനും എൽ.പി തലം മുതൽ കുട്ടികൾക്ക് കൃത്യമായതും ശാസ്ത്രീയവുമായ പരിശീലനം പദ്ധതിയിലൂടെ നൽകുന്നു. ഒരോ പഞ്ചായത്തിലും ഇതിനായി പ്രത്യേക ട്രൈനർമാരെ നിയോഗിക്കുകയും അതിനൂതനമായ മോണിറ്ററിംങ്ങ് സംവിധാനത്തിലൂടെ ഒരോ കുട്ടിയുടെയും കഴിവുകളെയും അഭിരുചിയേയും പ്രത്യേകം വേർ തിരിച്ച് മനസ്സിലാക്കി ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുന്നതിനും പദ്ധതിയിലൂടെ കഴിയും. ഇങ്ങനെ എട്ടാം ക്ലാസ്സ് മുതൽ തന്നെ ഓരോ കുട്ടിക്കും സ്പോർട്സ്, ഗെയിംസ് രംഗത്തെ അഭിരുചി മനസ്സിലാക്കി സ്പെഷ്യലൈസഷൻ നൽകുകയും ചെയ്യുന്ന ശാസ്ത്രീയമായ പദ്ധതിയാണിത്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം തലവൻ ഡോ. സകീർ ഹുസൈൻ കോ ഓർഡിനേറ്ററായി നടപ്പിലാക്കുന്ന പദ്ധതി ചുരുങ്ങിയത് 5 മുതൽ 10 വർഷങ്ങൾക്കുള്ളിൽ തന്നെ കൃത്യമായ റിസൾട്ട് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന അതിനൂതനവും ആഗോള നിലവാരത്തിലുള്ളതുമായ വേറിട്ട പദ്ധതിയാണിത്. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ചു കൊണ്ട് നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതി പൂർണ്ണ തോതിൽ നടപ്പാവുന്നതോടെ ഭാവിയിൽ മലപ്പുറത്ത് നിന്നുള്ള താരങ്ങൾ ഇന്ത്യൻ സ്പോർട്സിന്റെ ഗതി വിഗതികൾ നിയന്ത്രിക്കുന്നവരായി മാറുമെന്ന് പരത്യാശിക്കാം. ഈ പദ്ധതിക്കായി **5 കോടി രൂപ** നീക്കി വെക്കുന്നു.

## <u>ജില്ലാ സിവിൽ സർവീസ് അക്കാദമി – 1 കോടി</u>

സിവിൽ സർവീസ് മേഖലയിലേക്ക് ജില്ലയിലെ വിദ്യാർത്ഥികളെ കൈ പിടിച്ചുയർത്തുന്നതിനും പി.എസ്.സി, യു.പി.എസ്.സി, കെ.എ.എസ് പരീക്ഷകൾ ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനും ഇന്ത്യയിലെ മികച്ച ഐ. എ. എസ് അക്കാഡമികളുമായി സഹകരിച്ചു കൊണ്ടും,

സിവിൽ സർവീസ് രംഗത്തെ പ്രമുഖരുടെ സഹായം ഉപയോഗപ്പെടുത്തി കൊണ്ടും ജില്ലയിൽ ഒരു സിവിൽ സർവീസ് അക്കാഡമി സ്ഥാപിക്കുന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് നേരത്തെ ആലോചിച്ചിരുന്നതാണ്. ഇതിനായി ആദ്യ ഘട്ടത്തിൽ 1 **കോടി രൂപ** നീക്കി വെക്കുന്നു.

**ആരോഗ്യമുള്ള മലപ്പുറം സമഗ്ര പദ്ധതിക്ക് – 15 കോടി**

തിരൂർ, നിലമ്പൂർ, പെരിന്തൽമണ്ണ എന്നീ മൂന്ന് കേന്ദ്രങ്ങളിൽ ജില്ലാ അലോപ്പതി ആശുപത്രികളും, വളവന്നൂരിൽ ജില്ലാ ആയുർവേദ ആശുപത്രിയും, മലപ്പുറം മുണ്ടുപ്പറമ്പിൽ ജില്ലാ ഹോമിയോ ആശുപത്രിയും വണ്ടൂരിൽ 'ചേതന' ഹോമിയോ കാൻസർ ആശുപത്രിയും ഉൾപ്പെടെ 6 മികച്ച ആതുരാലയങ്ങൾ ജില്ലയിലെ സാധാരണക്കാർക്ക് വേണ്ടി ജില്ലാ പഞ്ചായത്തിന് കീഴിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഇവിടങ്ങളിൽ നിന്ന് സൗജന്യവും ചെലവ് കുറഞ്ഞതുമായ ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനും രോഗ നിർണ്ണയത്തിന് വേണ്ടിയുള്ള ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും, മറ്റു അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുമായി 15 കോടി വകയിരുത്തുന്നു.

ഇത് കൂടാതെ കിഡ്നി രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിന് 2 കോടി രൂപയും കരൾ മാറ്റ ശസ്ത്ര ക്രിയയ്ക്ക് വിധേയമായ മുഴുവൻ പേർക്കും തുടർന്നുള്ള മരുന്ന് സൗജന്യമായി നൽകുന്നതിന് 1 **കോടി രൂപയും** നീക്കി വെച്ചിട്ടുണ്ട്.

**ജീവിത ശൈലീ രോഗ വിമുക്ത ജില്ല – 75 ലക്ഷം**

പുതിയ നൂറ്റാണ്ടിൽ മനുഷ്യനെ ഏറെ അലട്ടുന്നതും കുട്ടികൾ മുതൽ മുതിർന്നവരിൽ വരെ പ്രായ ഭേദമില്ലാതെ പടർന്നു പിടിക്കുകയും ചെയ്ത് കൊണ്ടിരിക്കുന്ന ഏറ്റവും വലിയ ആരോഗ്യ പ്രശ്നമാണ് ജീവിത ശൈലീ രോഗങ്ങൾ.

പ്രമേഹം, കൊളെസ്റ്റ്രോൾ, രക്ത സമ്മർദ്ദം, അസിഡിറ്റി, തുടങ്ങിയ നിരവധി രോഗങ്ങൾ കാലേ കൂട്ടി കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനുമായി

പത്തോളജി സെന്ററുകൾ ഓപ്പൺ ജിംനേഷ്യം എന്നിവ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സമഗ്ര പദ്ധതിക്കായി 50 ലക്ഷം രൂപ നീക്കി വെക്കുന്നു.

കൂടാതെ ജില്ലയിലെ എയ്ഡ്സ് രോഗികൾക്ക് പോഷകാഹാര വിതരണത്തിന് **25 ലക്ഷം രൂപയും** വകയിരുത്തുന്നു.

**<u>ഹാപ്പിനെസ്സ് പാർക്കുകൾ – 50 ലക്ഷം</u>**

സ്കൂളുകളിലും, പൊതു ഇടങ്ങളിലും വിദ്യാർത്ഥികൾക്കും പൊതു ജനങ്ങൾക്കും മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിനും ഒഴിവ് സമയത്ത് വിശ്രമിക്കുന്നതിനും കഴിയുന്ന വിധത്തിലുള്ള ഹാപ്പിനെസ്സ് പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം ബജറ്റ് പ്രത്യേകം പരിഗണിക്കുന്നുണ്ട്. ആദ്യ ഘട്ടം എന്ന നിലയിൽ ആതവനാട് മാട്ടുമ്മൽ ഹൈ സ്കൂളിൽ ജില്ലാ പഞ്ചായത്ത് മെമ്പറായിരുന്ന മൂർക്കത്ത് ഹംസ മാസ്റ്ററുടെ സ്മരണാർത്ഥം ഹാപ്പിനെസ്സ് പാർക്ക് സ്ഥാപിക്കും. സ്ഥലം ലഭ്യമാവുന്ന മുറക്ക് മറ്റു കേന്ദ്രങ്ങളിൽ കൂടി ഹാപ്പിനെസ്സ് പാർക്കുകൾ സ്ഥാപിക്കുന്നതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**<u>'ചിറക്' അനാഥ വിദ്യാർത്ഥി സമുദ്ധാരണ പദ്ധതി – 20 ലക്ഷം</u>**

മാതാപിതാക്കൾ നഷ്ടപ്പെട്ട അനവധി കുട്ടികൾ അനാഥ ശാലകളിലും അല്ലാതെയുമായി മാതൃ-പിതൃ വാത്സല്യം അറിയാനും അനുഭവിക്കാനും കഴിയാതെ മനപ്രയാസത്തിൽ കഴിയുന്നുണ്ട്. ഇവർക്ക് മാതൃ സംരക്ഷണത്തിന്റെ ചിറക് വിരിച്ച് കൊടുക്കുന്നതിനും അവർക്ക് മനോ ധൈര്യവും ആത്മ വിശ്വാസവും പകർന്ന് നൽകി ഉന്നതങ്ങളിലേക്ക് ചിറകടിച്ചുയരുന്നതിനും പ്രാപ്തരാക്കുന്നതിന് വേണ്ടിയുള്ള പ്രത്യേക പദ്ധതിയാണിത്. ഇതിനായി പ്രത്യേകം വനിതകളായ റിസോഴ്സ് പേഴ്സൺമാരെ തെരെഞ്ഞെടുത്ത് അനാഥ മക്കൾക്ക് മോട്ടിവേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനും പ്രത്യേകമായ കൗൺസിലിംങ്ങ് സംവിധാനങ്ങൾ ഒരുക്കുന്നതിനും അനാഥ മന്ദിരങ്ങളിൽ കഴിയുന്ന കുട്ടികളുടെ ക്ഷേമവും, മാനസിക ആരോഗ്യവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിന്

പ്രത്യേകം മെന്റർമാരെ ചുമതലപ്പെടുത്തുന്നതിനുമുള്ള പദ്ധതിക്കായി 20 **ലക്ഷം** രൂപ വകയിരുത്തുന്നു.

**<u>'ജീവനം' – ഹാർട്ട് ബേസിക് ലൈഫ് സപ്പോർട്ട് പ്രോഗ്രാം – 30 ലക്ഷം</u>**

പെട്ടെന്നുള്ള മരണങ്ങളും അപകട മരണങ്ങളും വർദ്ധിച്ചു കൊണ്ടിരിക്കുന്ന ആധുനിക യുഗത്തിൽ ശരിയായ രീതിയിലുള്ള ഫസ്റ്റ് എയ്ഡും, കൃത്യവും ശാസ്ത്രീയവുമായ എമർജൻസി കാർഡിയാക് കെയറും നൽകുകയാണെങ്കിൽ പല ജീവനുകളും മരണത്തിന് വിട്ടു കൊടുക്കാതെ രക്ഷപ്പെടുത്താനാവും എന്നത് തെളിയിക്കപ്പെട്ട യഥാർത്ഥ്യമാണ്.

പെട്ടെന്നുള്ള ഹൃദയ സ്തംഭനത്തിനും അത്യാഹിതങ്ങൾക്കും ഇരയായവരെ മെഡിക്കൽ പ്രൊഫഷനലുകളുടെയോ ആതുരാലയങ്ങളുടെ സേവനമോ ലഭ്യമാവുന്നത് വരെ അവരെ ജീവനോടെ നിലനിർത്താനും മസ്തിഷ്ക ക്ഷതം തടയാനും ഉപയോഗിക്കുന്ന രക്ഷാ പ്രവർത്തനമാണ് കാർഡിയോ പൾമണറി റെസസിറ്റേഷൻ (സി. പി. ആർ ). ഇതോടൊപ്പം ചെസ്റ്റ് കമ്പ്രഷൻ രീതികളും ശാസ്ത്രീയമായി അഭ്യസിപ്പിക്കുന്ന പദ്ധതിയാണിത്. കുടുംബശ്രീ ജില്ലാ മിഷനുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ 300 മാസ്റ്റർ ട്രെയിനികൾക്ക് പരിശീലനം നൽകുകയും ഇവർ മുഖേന ആദ്യം 30000 കുടുംബശ്രീ വളണ്ടിയർമാർക്കും പിന്നീട് പൊതു ജനങ്ങൾക്കും ശാസ്ത്രീയമായ പ്രഥമ ശുശ്രൂഷയും സി. പി. ആറും പരിശീലിപ്പിക്കും. ഇതിനായി 30 **ലക്ഷം** രൂപ വകയിരുത്തുന്നു.

**<u>തിരൂർ, നിലമ്പൂർ, പെരിന്തൽമണ്ണ ജില്ലാ ആശുപത്രികളുടെ വികസനത്തിന് പുതിയ ഭൂമി വാങ്ങുന്നതിന് 3 കോടി</u>**

തിരൂർ ജില്ലാ ആശുപത്രിയിൽ 100 വർഷത്തിലധികം പഴക്കമുള്ള കെട്ടിടം ഉൾപ്പെടെ വിവിധ കാലഘട്ടങ്ങളിൽ ആവശ്യമായ ആസൂത്രണമില്ലാതെ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതിനാൽ പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇവിടെ നന്നേ പരിമിതമാണ്. പുതിയ ഓങ്കോളജി ബ്ലോക്ക് പ്രവർത്തനം

ആരംഭിക്കുന്നത്തോടെ ഇവിടം സ്ഥലപരിമിതി കൊണ്ട് കൂടുതൽ വീർപ്പ മുട്ടും. നിലമ്പൂർ, പെരിന്തൽമണ്ണ ജില്ലാ ആശുപത്രികളും സ്ഥല പരിമിതി കൊണ്ട് പ്രയാസപ്പെടുന്നുണ്ട്.

ആയത് കൊണ്ട് തന്നെ ആശുപത്രികളോട് ചേർന്ന് ലഭ്യമാവുന്ന ഭൂമി തിരൂർ ജില്ലാ ആശുപത്രിക്കും നിലമ്പൂർ, പെരിന്തൽമണ്ണ ജില്ലാ ആശുപത്രികൾക്കും സർക്കാർ അനുമതി ലഭ്യമാവുന്ന പക്ഷം വില നൽകി ഏറ്റെടുക്കുകയല്ലാതെ മാർഗമില്ല. ആയതിനു ആദ്യ ഘട്ടത്തിൽ **3 കോടി** രൂപ വകയിരുത്തുന്നു.

**ആശുപത്രികളിൽ മോഡുലാർ ഓപ്പറേഷൻ തിയേറ്റർ – 1 കോടി**

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള മൂന്ന് ജില്ലാ അലോപ്പതി ആശുപത്രികളിൽ ദിവസവും നിരവധി സാധാരണക്കാരായ രോഗികളാണ് ഓപ്പറേഷന് വിധേയരാവുന്നത്. കൂടുതൽ പേർക്ക് ഒരേ സമയം സർജറി ചെയ്യുന്നതിനും കാര്യക്ഷമമായി സർജറി നടത്തുന്നതിനും ഘട്ടം ഘട്ടമായി അത്യാധുനിക സൗകര്യങ്ങളോടെയുള്ള മോഡുലാർ ഓപ്പറേഷൻ തീയേറ്റർ സജ്ജീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ആയതിനു **1 കോടി** രൂപ വകയിരുത്തുന്നു.

**തിരൂർ ജില്ലാ ആശുപത്രിയിൽ പുതിയ മോർച്ചറി – 2 കോടി**

അസൗകര്യങ്ങൾ കൊണ്ട് വീർപ്പ മുട്ടുന്ന തിരൂർ ജില്ലാ ആശുപത്രിയിലെ മോർച്ചറി നവീകരിക്കണമെന്നത് ഏറെ നാളത്തെ ആവശ്യമാണ്. ദിവസേന നിരവധി മൃത ദേഹങ്ങൾ പോസ്റ്റ് മോർട്ടത്തിനും, സൂക്ഷിക്കുന്നതിനുമായി എത്തുന്ന ഇവിടെ സ്ഥല പരിമിതിയും നൂതനമായ സാങ്കേതിക സൗകര്യങ്ങളുടെ കുറവും വലിയ പ്രശ്നമാണ്. പുതിയ ഓങ്കോളജി ബ്ലോക്ക് പ്രവർത്തനമാരംഭിക്കുന്നതോടെ മോർച്ചറി നിൽക്കുന്ന പരിസരത്ത് കൂടുതൽ അസൗകര്യം അനുഭവപ്പെടും. അത് കൊണ്ട് വിശാലമായ മറ്റൊരു സ്ഥലം കണ്ടെത്തി മോർച്ചറി മാറ്റി സ്ഥാപിക്കുന്നതിന് ഈ ബജറ്റിൽ 2 കോടി രൂപ നീക്കി വെക്കുന്നു.

## കാർബൺ ന്യൂട്രൽ മലപ്പുറം – 20 ലക്ഷം

ലോക രാജ്യങ്ങൾ ഏറെ ശ്രദ്ധയോടെ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് കാർബൺ ന്യൂട്രാലിറ്റി. ആഗോള താപനത്തിന് കാരണമാകുന്ന അന്തരീക്ഷത്തിലെ താപ നിലയുടെ വർദ്ധനവ് തടയുന്നതിനായി C02 ന്റെ ഉദ്‌വമനം സന്തുലിതമാക്കുന്നതിലൂടെ ഉണ്ടാവുന്ന നെറ്റ്-സീറോ കാർബൺ ഡൈ ഓക്സൈഡ് (C02) ആണിത്. 124 രാജ്യങ്ങൾ 2050 ലോ 2060 ന് മുൻപായോ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുമെന്ന് ഇതിനകം പ്രതിജ്ഞയെടുത്തു കഴിഞ്ഞു.

സമീപകാലത്തെ താപനം നമ്മുടെ ജീവിത പരിസ്ഥിതിയെ ഭീമാകാരമായ തോതിൽ ഇതിനകം തന്നെ തകർത്തു കഴിഞ്ഞിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, കാട്ടുതീ, ജീവജാലങ്ങളുടെ വംശനാശം, ജൈവവൈവിധ്യ നഷ്ടം, സമുദ്രത്തിലെ അമ്ലീകരണം, ഹിമാനി പിൻവാങ്ങൽ, ആർട്ടിക്, അന്റാർട്ടിക്ക് മഞ്ഞ് ഉരുകൽ. , സമുദ്രനിരപ്പിലെ വർദ്ധനവ് മുതലായ പ്രകൃതി പ്രതിഭാസങ്ങൾ മനുഷ്യന്റെ നിലനിൽപ്പിനു തന്നെ വലിയ ഭീഷണിയാണ്. 2020 ൽ അന്തരീക്ഷത്തിലെ C02 വിന്റെ ആഗോള ശരാശരി സാന്ദ്രത 415 പി.പി.എമ്മിൽ എത്തിയിട്ടുണ്ട്. 1850–2020 കാലയളവിൽ ആഗോള ശരാശരി ഉപരിതല താപനില 1.2 C ആണ് വർദ്ധിച്ചത്.

കാർബൺ ഉദ്‌വമനം ഉടനടി നിർത്തിയാലും ഭൂമി കൂടുതൽ ചൂടാകുന്ന പ്രതിഭാസം പിന്നെയും നില നിൽക്കും .അതിന് വേണ്ടത് അന്തരീക്ഷത്തിലെ C02 സൃഷ്ടിക്കുന്ന ഹരിതഗൃഹ പ്രഭാവമാണ്. 2050-ഓടെ കാർബൺ ന്യൂട്രാലിറ്റിയുടെ ലക്ഷ്യം വ്യാവസായിക കാലത്തെ താപനിലയിൽ നിന്ന് 1.5 ഡിഗ്രി സെൽഷ്യസിനും 2.0 ഡിഗ്രി സെൽഷ്യസിനുമിടയിലേക്ക് പരിമിതപ്പെടുത്തുക എന്നതാണ്.

ഇതിന് ആവശ്യമായ കാർബൺ ന്യൂട്രൽ ഓഡിറ്റും ബോധവൽക്കരണവും ഭൂമിക്ക് കൂടുതൽ സംരക്ഷണം നൽകുന്നതിന് ആവശ്യമായ ആസൂത്രണത്തോടെയുള്ള ഹരിത വത്കരണവും അനിവാര്യമാണ്. ദീർഘ

കാലാടിസ്ഥാനത്തിലുള്ള ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **20 ലക്ഷം** രൂപ നീക്കി വെക്കുന്നു.

**<u>ഹരിത വിദ്യാലയം ശുചിത്വ പദ്ധതി – 30 ലക്ഷം</u>**

സമൂഹത്തിൽ ശുചിത്വ ശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ സ്കൂളുകൾ കേന്ദ്രീകരിച്ചു കൊണ്ട് ഹരിത വിദ്യാലയങ്ങൾ എന്ന ആശയം പ്രയോഗവൽക്കരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നു. ഓരോ ക്ലാസ്സിലും പേപ്പർ വേസ്റ്റ്, ഫുഡ് വേസ്റ്റ്, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവക്കായി മൂന്ന് വ്യത്യസ്ത ബിന്നുകൾ സ്ഥാപിക്കുകയും വിദ്യാർത്ഥികൾ തങ്ങളുടെ ജൈവവും അജൈവവുമായ പാഴ് വസ്തുക്കൾ ബിന്നിൽ തന്നെ നിക്ഷേപിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് അതാത് ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ ഒരു ബോയ് ലീഡേർക്കും ഒരു ഗേൾ ലീഡർക്കും ചുമതല നൽകും. ഈ വേസ്റ്റുകൾ ഹരിത കർമ്മ സേന ഏറ്റെടുക്കുകയും ഏറ്റവും കൂടുതൽ കളക്ട് ചെയ്ത ക്ലാസ്സിന് പാരിതോഷികം നൽകുകയും ചെയ്യും. ഓരോ സ്കൂളിലും ഒരു മിനി എം.സി.എഫും, ഒരു സ്വാപ് ഷോപ്പും സ്ഥാപിക്കും. ഈ പദ്ധതിക്കായി **30 ലക്ഷം** രൂപ നീക്കി വെക്കുന്നു.

**<u>വനിതാ ശാക്തീകരണത്തിന് – 10 കോടി</u>**

സ്ത്രീകളുടെ സാമൂഹ്യമായ പദവിയും സാമ്പത്തികമായ പര്യാപ്തതയും വർധിപ്പിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സ്ത്രീകളെ കൂടുതൽ ഉയർത്തിക്കൊണ്ട് വരുന്നതിനും വേണ്ടിയുള്ള പദ്ധതി കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.

**<u>'സ്ത്രീ ശക്തി' മഹിളാ കേന്ദ്രങ്ങൾ – 3 കോടി</u>**

വിദേശ രാജ്യങ്ങളിലെ പോലെ സ്ത്രീകൾക്ക് ഭയപ്പാടില്ലാതെ ഏത് സമയത്തും പുറത്തിറങ്ങാനും തങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കാനും കഴിയുന്ന വിധം ഉയർന്ന സാമൂഹ്യ ബോധം സൃഷ്ടിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഈ ബജറ്റ് പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. രാത്രി

കാലങ്ങളിൽ തനിച്ച് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായും കുറഞ്ഞ ചെലവിലും താമസിക്കാൻ കഴിയുന്ന മഹിളാ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് കഴിഞ്ഞ വർഷം ബജറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതിയുടെ നിർവ്വഹണം നടന്നിട്ടില്ല. ഈ വർഷം ഇത്തരമൊരു പദ്ധതി 'സ്ത്രീ ശക്തി' മഹിളാ കേന്ദ്രങ്ങളെന്ന പേരിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിക്കായി **3 കോടി രൂപ** വകയിരുത്തുന്നു.

സ്ത്രീകൾക്ക് മാത്രമായിട്ടുള്ള ജിംനേഷ്യം, അംഗനവാടികളോട് ചേർന്ന് വെൽനെസ് സെന്ററുകൾ, സ്ത്രീകളുടെ തൊഴിൽ നൈപ്പുണി വർധിപ്പിക്കുന്നതിനായി ഫിനിഷിങ് സ്കൂളുകൾ എന്നിവ സ്ഥാപിക്കുന്നതിനും, പൊതു ഇടങ്ങളിൽ സ്ത്രീകൾക്ക് മാത്രമായിട്ടുള്ള റസ്റ്റ് റൂമുകൾ നിർമ്മിക്കുന്നതിനുമായി **5.70 കോടി രൂപ** വകയിരുത്തുന്നു.

**<u>കുടുംബശ്രീ അയൽ കൂട്ടങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പ്രോഗ്രാം – 30 ലക്ഷം</u>**

ലോകം സമ്പൂർണ ഡിജിറ്റലൈസേഷനിലേക്ക് മാറിക്കൊണ്ടിരിക്കുമ്പോൾ കയ്യിൽ സ്മാർട്ട് ഫോൺ ഉണ്ടായിട്ടും ഒരു മിനി കമ്പ്യൂട്ടറിന്റെ മുഴുവൻ ഉപയോഗവും ലഭിക്കുന്ന ഫോണുകളുടെ മുഴുവൻ പ്രവർത്തനങ്ങളും അറിയാത്തവരാണ് പലരും. ബാങ്കിംഗ് സേവനങ്ങൾ, ഇ–ഷോപ്പിംഗ്, ഇ ബുക്കിങ് തുടങ്ങിയവയും വൈദ്യുതി, ഫോൺ ബില്ലുകൾ വെള്ളക്കരം മറ്റു സാമ്പത്തിക ഇടപാടുകൾ, സ്റ്റാർട്ട് അപ്പ്, ഓൺലൈൻ ബിസിനസ്, തുടങ്ങിയ കാര്യങ്ങളിൽ ഡിജിറ്റൽ ലോകം മുന്നോട്ട് വെക്കുന്ന അനന്ത സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് അയൽ കൂട്ട അംഗങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതിയാണിത്.

ഡിജിറ്റൽ ലോകത്തെ തട്ടിപ്പുകൾ ഒരു പരിധി വരെ തടയുന്നതിനും ഡിജിറ്റൽ ലിറ്ററസി കൈവരിക്കുന്നതിലൂടെ കഴിയും. കുടുംബശ്രീ ജില്ലാ മിഷനുമായി ചേർന്ന് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

## പൊതു സേവകരായ വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം – 1 കോടി

ആർത്തവ സമയത്ത് സ്ത്രീകൾ ഉപയോഗിക്കുന്ന സാനിറ്ററി പാഡുകൾ സൃഷ്ടിക്കുന്ന മാലിന്യ പ്രശ്നങ്ങൾ വളരെ വലുതാണ്. വീടുകൾ, സ്കൂളുകൾ, ഓഫീസുകൾ തുടങ്ങിയ ഇടങ്ങളിൽ നിരന്തരം ഇടപഴകേണ്ടി വരുന്ന സ്ത്രീകൾക്ക് മാസമുറ സമയത്ത് സാനിറ്ററി പാഡുകൾ ഡിസ്പോസ് ചെയ്യുന്നത് വലിയ കടമ്പയാണ്. കൂടുതൽ സുരക്ഷിതവും കഴുകി ഉപയോഗിക്കാൻ കഴിയുന്നതുമായ മെൻസ്ട്രുവൽ കപ്പിന്റെ ഉപയോഗം ആരോഗ്യ വിദഗ്ദർ കൂടുതലായി നിർദ്ദേശിക്കപ്പെടുന്നുണ്ട്. ഇക്കാര്യത്തിൽ പ്രാഥമിക ഘട്ടത്തിലുള്ള പ്രോത്സാഹനമെന്ന നിലക്ക് കുടുംബശ്രീ പ്രവർത്തകർ, ആശ വളണ്ടിയർമാർ, അംഗനവാടി വർക്കർമാർ, ഹെൽപ്പർമാർ തുടങ്ങിയ പൊതു സേവന രംഗത്ത് പ്രവർത്തിക്കുന്ന 20,000 വനിതകൾക്ക് ഈ വർഷം കുടുംബശ്രീ ജില്ലാ മിഷൻ മുഖന സൗജന്യമായി മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിന് **1 കോടി രൂപ** വകയിരുത്തുന്നു.

## ബാല സൗഹൃദ ജില്ല – 50 ലക്ഷം

ജില്ലയെ സമ്പൂർണ്ണ ബാല സൗഹൃദ ജില്ലയാക്കുന്ന പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് നേരത്തെ തുടക്കം കുറിച്ചിരുന്നു.

കുട്ടികളുടെ മാനസികവും ശരീരികവുമായ വളർച്ചയും വികസനവും, സുരക്ഷിതത്വവും അതിജീവനവും ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികൾക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

സ്കൂളുകളിൽ മതിയായ ടോയ്ലറ്റ് സംവിധാനം ഒരുക്കുന്നതിനും കെട്ടിടം ഉൾപ്പെടെ ഭൗതിക സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി വിപുലപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കും.

ജില്ലയിലെ സ്വന്തം കെട്ടിടമുള്ള അംഗനവാടികൾ സ്മാർട്ടാക്കുന്നതിന് 50 ലക്ഷം രൂപയും, അംഗനവാടികളിൽ ഉച്ചയുറക്കത്തിന് കുഞ്ഞുങ്ങൾക്ക് പായ

ഉപയോഗിക്കുന്നതിനു പകരം ബേബി ബെഡുകൾ വിതരണം ചെയ്യുന്നതിന് 10 **ലക്ഷം രൂപയും** വകയിരുത്തുന്നു.

<u>**ഭിന്നശേഷി സൗഹൃദ ജില്ല – 10 കോടി**</u>

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മുന്തിയ പരിഗണനയും പിന്തുണയും നൽകുന്നതിന് ഈ ബജറ്റിൽ പ്രത്യേകം തുക നീക്കി വെക്കുന്നുണ്ട്.

ജില്ലയിലെ സ്പെഷ്യൽ സ്കൂളുകൾക്കും ബഡ്സ് ആൻഡ് റീഹാബിലിറ്റേഷൻ സെന്ററുകൾക്കും, പ്രതീക്ഷാലയങ്ങൾക്കും കെട്ടിടങ്ങൾ, വാഹനങ്ങൾ, ഫർണിച്ചറുകൾ എന്നിവ നൽകുന്നതിനും വിദ്യാലയങ്ങളിൽ ഐ.ഇ.ഡി ക്ലാസ്സ് മുറികളിലേക്ക് ഉപകരണങ്ങൾ, ഓഫീസുകൾ ഭിന്ന ശേഷി സൗഹൃദമാക്കൽ തുടങ്ങിയ പരിപാടികളാണ് നടപ്പിലാക്കുക.

ഭിന്നഷേശിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 4 **കോടി രൂപയും,** അംഗ പരിമിതർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ നൽകുന്നതിന് 1 **കോടി രൂപയും** 18 വയസ്സിനു താഴെയുള്ള ബധിരരായ കുട്ടികൾക്ക് ഹിയറിങ്ങ് എയ്ഡ് നൽകുന്നതിന് 20 **ലക്ഷം രൂപയും** പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന ഭിന്ന ശേഷിക്കാർക്ക് ലാപ്ടോപ് നൽകുന്നതിന് **50 ലക്ഷം രൂപയും** നീക്കി വെച്ചിട്ടുണ്ട്.

അരക്ക് താഴെ തളർന്നു വീടുകങ്ങളിൽ ഒറ്റപ്പെട്ടവർക്കായി നടപ്പ് വർഷം വിതരണം ചെയ്ത ഇലക്ട്രിക് വീൽ ചെയർ 80ശതമാനത്തിന് മുകളിൽ വൈകല്യമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും അടുത്ത വർഷം വിതരണം ചെയ്യുന്നതിന് ബജറ്റിൽ തുക വകയിരുത്തുന്നുണ്ട്, കൂടാതെ ഭിന്ന ശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് സ്കൂട്ടി വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതിക്ക് വിധേയമായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**അംഗ പരിമിതർക്ക് തൊഴിൽ യൂണിറ്റ് – 50 ലക്ഷം**

സ്വയം തൊഴിൽ ചെയ്തും കച്ചവടം ചെയ്തും ജീവിതോപാധി കണ്ടെത്താൻ തയ്യാറുള്ള അംഗ പരിമിതർക്ക് ആദ്യ ഘട്ടത്തിൽ 50 തൊഴിൽ യൂണിറ്റുകൾ സ്ഥാപിച്ചു നൽകുന്നതിന് കഴിഞ്ഞ വർഷം വിഭാവനം ചെയ്തിരുന്ന പദ്ധതിക്കായി **50 ലക്ഷം രൂപ** നീക്കി വെക്കുന്നു.

**ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലന കേന്ദ്രം – 50 ലക്ഷം**

ഭിന്ന ശേഷിക്കാരായ ചെറുപ്പക്കാരുടെ മാനസിക ഉല്ലാസവും ചെറിയ രീതിയിലുള്ള വരുമാനവും ലക്ഷ്യമിട്ടു കൊണ്ടും അവരെ തൊഴിലിൽ വ്യാപൃതരാക്കുന്നതോടെ ലഭിക്കാൻ പോകുന്ന മാനസിക വളർച്ച ലക്ഷ്യം വെച്ചു കൊണ്ടും ഇവർക്ക് വേണ്ടി മാത്രമുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ആദ്യം ഘട്ടത്തിൽ **50 ലക്ഷം രൂപ** നീക്കി വെക്കുന്നു.

**ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽചെയർ – 2 കോടി**

കഴിഞ്ഞ വർഷങ്ങളിൽ അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ വിതരണം ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് പ്രത്യേക പരിഗണന നൽകിയിരുന്നു. എന്നാൽ അരക്ക് താഴെ തളർന്ന് പുറം ലോകം കാണാനാകാതെ വീട്ടകങ്ങളിൽ ഒതുങ്ങി കൂടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് സ്വയം പ്രവർത്തിപ്പിക്കാവുന്ന ഇലക്ട്രിക് വീൽ ചെയറുകൾ ജില്ലാ പഞ്ചായത്ത് സൌജന്യമായി നൽകുകയുണ്ടായി. പദ്ധതിയുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് വേണ്ടി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിൽ ജില്ലയിലെ 7 കേന്ദ്രങ്ങളിലായി 400 ഓളം ഭിന്നശേഷിക്കാരാണ് പങ്കെടുത്തത്. ഇവരിൽ 60 പേർക്ക് നടപ്പ് വർഷം വീൽ ചെയർ നൽകുന്നതിന് ജില്ലാ പഞ്ചായത്തിന് കഴിഞ്ഞു. 80 ശതമാനം വൈകല്യം രേഖപ്പെടുത്തിയ മുന്നൂറിലധികം വരുന്ന ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് കൂടി ഗ്രാമ,ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ വരും വർഷം ഇലക്ട്രിക് വീൽചെയർ അനുവദിക്കുന്നതിന് 2 **കോടി രൂപ** വകയിരുത്തുന്നു.

## ഭിന്നശേഷിക്കാർക്ക് തെറാപ്പി സെന്ററുകൾ – 2 കോടി

ഭിന്ന ശേഷിക്കാരായ മക്കൾക്ക് ഏറ്റവും കൂടുതൽ ആവശ്യമായിട്ടുള്ളത് തെറാപ്പി സൗകര്യമാണ്. ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒരു തെറാപ്പി സെന്റർ എന്ന നിലയിൽ കുടുംബ ശ്രീയുമായും ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുമായും സഹകരിച്ച് കൊണ്ട് സ്ഥലം ലഭ്യമാകുന്ന മുറക്ക് ആദ്യ ഘട്ടത്തിൽ 15 തെറാപ്പി സെന്ററുകൾ തുടങ്ങുന്നതിനു 2 **കോടി** രൂപ വകയിരുത്തുന്നു.

## സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ – 5 കോടി

മലപ്പുറം ജില്ലയിൽ നിന്ന് തുടങ്ങി സംസ്ഥാനത്ത് മുഴുവൻ ഏറ്റെടുത്ത സാന്ത്വന പരിചരണത്തിന്റെ മഹാ മാതൃകയാണ് 'പരിരക്ഷ' ഗൃഹ കേന്ദ്രീകൃത സാന്ത്വന പരിചരണ പദ്ധതി. ഇത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി **5 കോടി** രൂപ വകയിരുത്തുന്നു. ഇതോടൊപ്പം ജില്ലാ ആശുപത്രികളിൽ സെക്കന്ററി തല പാലിയേറ്റീവ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ രോഗികൾക്ക് ആയുർവേദ, ഹോമിയോ ഹോം കെയറും മരുന്നും ഉറപ്പ് വരുത്തുന്നതിനുള്ള തുകയും പദ്ധതിയിൽ ഉൾക്കൊള്ളിക്കും.

## 'ആദരം' വയോജന ക്ഷേമ പദ്ധതി – 3 കോടി

വയോജനങ്ങൾ നാടിന്റെയും കുടുംബത്തിന്റെയും ഐശ്വര്യവും അലങ്കാരവുമാണെന്ന സന്ദേശം സമൂഹത്തിൽ ശക്തിപ്പെടുത്തുന്നതിനും വീട്ടിലും പൊതു ഇടങ്ങളിലും സർക്കാർ ആപ്പീസുകളിലും പൊതു സദസ്സുകളിലും വയോജനങ്ങൾക്ക് കൂടുതൽ പരിഗണനയും സ്നേഹവും സുരക്ഷയും ഉറപ്പ് വരുത്തേണ്ടത് പരിഷകൃത സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്ന ചിന്തയും സംസ്കാരവും വളർത്തി കൊണ്ട് വരുന്നതിനും വയോജനങ്ങളോട് സ്നേഹവും കരുണയും കാണിക്കുകയും അവർക്ക് സുരക്ഷ ഒരുക്കുകയും ചെയ്യേണ്ടത്

നിർബന്ധ ബാധ്യതയായി കാണുന്ന സംസ്കാരം രൂപപ്പെട്ടുത്തിയെടുക്കുന്നതിനും വേണ്ടിയുള്ള വിവിധ പരിപാടികളാണ് ആദരം പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

70 കഴിഞ്ഞ വയോജനങ്ങൾക്ക് സൗജന്യ ഉല്ലാസ യാത്ര നടത്തുന്നതിന് ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് പ്രത്യേക വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, വയോജനങ്ങൾക്കായി ഓപ്പൺ ജിംനേഷ്യം, വയോജന നടപ്പാതകൾ എന്നിവ സജ്ജീകരിക്കുന്നതിനുമായി 3 **കോടി രൂപ** നീക്കി വെക്കുന്നു.

<u>വയോജന സുരക്ഷക്ക് 'സ്നേഹ സേന' – 2 കോടി</u>

70 കഴിഞ്ഞ വയോജനങ്ങളുടെ ക്ഷേമവും മാനസിക ആരോഗ്യവും ഉറപ്പ വരുത്തുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പ വരുത്തി അവർക്ക് ആരോഗ്യകരമായ ജീവിതം പ്രദാനം ചെയ്യുന്നതിനുള്ള ഇടപെടലാണ് 'സ്നേഹ' സേനയുടെ ദൗത്യം.

വാർഡ് തലങ്ങളിൽ ഇതിനായി സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ആശാ വളണ്ടിയർമാർ എന്നിവരിൽ നിന്നും 3 അംഗങ്ങൾ വീതമുള്ള ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഇവർക്ക് പ്രത്യേകമായി പരിശീലനം നൽകി നിശ്ചിത ദിവസങ്ങളിൽ വയോജനങ്ങളുള്ള വീടുകളിലെത്തി അവരുടെ ക്ഷേമന്വേഷണങ്ങൾ നടത്തുന്നതിനും അവർക്ക് പറയാനുള്ളത് കേൾക്കുന്നതിനും ആവശ്യമായ പോഷകാഹാരങ്ങൾ മരുന്ന് എന്നിവ ഉറപ്പ വരുത്തുന്നതിനുമുള്ള ഒരു സ്ഥിരം സേനയാണിത്. സേനയുടെ പ്രവർത്തനങ്ങൾക്കും വയോജനങ്ങൾക്ക് ആയുർവേദ ഹോമിയോ മരുന്നും പോഷകാഹാരങ്ങളും നൽകുന്ന പദ്ധതിക്ക് വേണ്ടി **2 കോടി രൂപ** വകയിരുത്തുന്നു.

<u>ആഗോള നിക്ഷേപക സംഗമം – 50 ലക്ഷം</u>

വ്യവസായ വാണിജ്യ മേഖലയിൽ ജില്ലയുടെ സാധ്യതകൾ കൂടുതൽ വിപുലപ്പെടുത്തുന്നതിനും ജില്ലയിലെ പ്രവാസികൾക്കും നിക്ഷേപ തല്പരർക്കും ഏറ്റവും മികച്ച നിക്ഷേപ സാധ്യതകൾ പരിജയപ്പെടുത്തുന്നതിനും, കൂടുതൽ

നിക്ഷേപകരെ ജില്ലയിലേക്ക് ആകർഷിച്ച് ജില്ലയുടെ സാമ്പത്തിക മേഖലക്ക് പുത്തൻ ഉണർവ്വ് പകരുവാനും ലക്ഷ്യം വെക്കുന്നതാണ് നിക്ഷേപക സംഗമം.

മെയ് മാസം നടത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സംഗമം 2013 ൽ ഉമ്മൻചാണ്ടി സർക്കാർ നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റ് മാതൃകയിലാണ് രൂപം നൽകുന്നത്. ഇതോടനുബന്ധിച്ച് ഏറ്റവും പുതിയ നിർമ്മാണ രീതികളും നവീനമായ യന്ത്ര സൗകര്യങ്ങളും പരിജയപ്പെടുത്തുന്ന മെഷിനറി എക്സ്പോയും സംഘടിപ്പിക്കും.

ജില്ലയിലേക്ക് 10,000 കോടിയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന സംഗമത്തിന്റെ നടത്തിപ്പിനായി **50 ലക്ഷം രൂപ** നീക്കി വെക്കുന്നു.

**<u>സഹകരണ മേഖലയിൽ സ്ത്രീകളുടെ ബേക്കിങ് യൂണിറ്റ് – 25 ലക്ഷം</u>**

ജില്ലയിൽ ബേക്കറി വിപണന രംഗത്തെ അനന്ത സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും സഹകരണ മേഖലയിലൂടെ സ്ത്രീകളുടെ നേതൃത്വത്തിൽ ബേക്കിങ് യൂണിറ്റ് സ്ഥാപിക്കുകയും കപ്പ, നേന്ത്രപ്പഴം, ഉരുളൻകിഴങ്ങ് എന്നിവയുടെ ചിപ്സും കേക്ക്, മധുര പലഹാരങ്ങൾ തുടങ്ങിയവയും ഗുണ മേന്മയോട് കൂടി തയ്യാറാക്കി വിപണനം നടത്തുന്നതിനും കഴിയുന്ന ബേക്കിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**<u>'കൈത്താങ്ങ്' ചെറുകിട പ്രവാസി സംരംഭകർക്ക് വായ്പാ സബ്സിഡി – 1 കോടി</u>**

ജില്ലയിൽ പുതുതായി ധാരാളം പ്രവാസി സംരംഭകർ ചെറുകിട വ്യവസായങ്ങളും സ്റ്റാർട്ട് അപ്പ് സംരംഭങ്ങളും തുടങ്ങുന്നതിനു താല്പര്യം കാണിക്കുന്നുണ്ട്.

ജീവിതത്തിന്റെ സിംഹ ഭാഗവും വിദേശ രാജ്യത്ത് പണിയെടുത്ത് മിച്ചം വെക്കുന്ന പണവുമായി നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് ഇവിടുത്തെ നിയമങ്ങളും ഡോക്യുമെന്റ് ജോലികളും പലപ്പോഴും അപ്രാപ്യമാവുകയാണ്.

ഇവർക്ക് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ എം. ഐ. ഇ. ഡി മുഖേന ഉറപ്പ് വരുത്തുകയും ബാങ്ക് വായ്പ എടുത്ത് കൃത്യമായി അടച്ച് പോരുന്നവർക്ക് പലിശ സബ്സിഡിയായി അനുവദിക്കുന്നതിനുമുള്ള പദ്ധതിയാണിത്. ഇത്തരം സംരംഭകർക്ക് സൗജന്യ നിരക്കിൽ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും സമർപ്പിക്കുന്നതിനുമുള്ള എല്ലാ സഹായവും ജില്ലാ പഞ്ചായത്ത് ഒരുക്കും.

പുതുതായി കടന്നു വരുന്ന സംരംഭകർക്ക് ഏറെ ആശ്വാസമാവുന്ന ഈ പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ **1 കോടി രൂപ** വകയിരുത്തുന്നു.

## <u>സമഗ്ര ടൂറിസം വികസന പദ്ധതി (പി.പി.പി മോഡൽ) – 5 കോടി</u>

പ്രവാസി സംരംഭകരുടെ സഹായത്തോടെ ജില്ലയിൽ വിനോദ സഞ്ചാര സാധ്യതകളുള്ള പ്രദേശങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ് ടൂറിസം, സാഹസിക ടൂറിസം, പൈതൃക ടൂറിസം, സാംസ്കാരിക ടൂറിസം, തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കുകയും സ്ഥലം കണ്ടെത്തി മുതൽ മുടക്കാൻ തയ്യാറുള്ളവർക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കികൊടുക്കുന്നതിനും അതിലൂടെ ജില്ലയുടെ സാമ്പത്തിക മേഖലക്കും വിനോദ സഞ്ചാര മേഖലക്കും കൂടുതൽ ഉണർവ്വ് പകരുന്നതിനും ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നു.

തിരക്ക് പിടിച്ച ജീവിത സാഹചര്യത്തിൽ നിന്നും ഇടക്കൊക്കെ മാറി നിന്ന് മാനസിക ഉല്ലാസം തേടുന്ന ആധുനിക കാലത്ത് പുതിയ തലമുറ എപ്പോഴും ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ ആശ്രയിക്കുന്നു. ഈ സാഹചര്യം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ജില്ലയിൽ നിന്നുള്ള വിനോദ സഞ്ചാരികളുടെ ചെലവഴിക്കലുകൾ പരമാവധി ജില്ലയിലെ കച്ചവടക്കാർക്കും സംരംഭകർക്കും തന്നെ ലഭ്യമാക്കുന്നതിനും ഇത് വഴി സാധിക്കും. ഇതിനായി **5 കോടി രൂപ** വകയിരുത്തുന്നു.

## ശുദ്ധ ജല മത്സ്യ വിത്തുല്പാദന കേന്ദ്രം നിർമ്മാണം (പി.പി.പി മോഡൽ) – 2 കോടി

കേരളത്തിൽ അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന ശുദ്ധ ജല മത്സ്യ കൃഷിക്ക് വേണ്ടി മലപ്പുറം ജില്ലയിൽ ഒരു വർഷത്തിൽ ഏകദേശം ഒന്നര ക്കോടി മത്സ്യകുഞ്ഞുങ്ങളെയാണ് ആവശ്യമായി വരുന്നത്. എന്നാൽ ഇത്രയും മത്സ്യ വിത്തുൽപ്പാദിപ്പിക്കുന്നതിന് വകുപ്പ് തലത്തിലും വിവിധ ഏജൻസികളുടെ കീഴിലുമായി കേരളത്തിൽ ആകെ 19 ഹാച്ചറികളാണുള്ളത്. ഈ ഹാച്ചറികളിൽ നിന്ന് ഇത്രയും മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാവാത്തത് കൊണ്ട് തന്നെ അയൽ സംസ്ഥാനങ്ങളെയാണ് നമുക്ക് ആശ്രയിക്കേണ്ടി വരുന്നത്.

പി.പി.പി മാതൃകയിൽ ജില്ലയിൽ ഒന്നോ രണ്ടോ ഹാച്ചറി സ്ഥാപിക്കാനായാൽ ഈയിനത്തിൽ വലിയ തോതിൽ വരുമാനം ഉണ്ടാക്കുന്നതിനും ജില്ലയിൽ മത്സ്യ കൃഷി വ്യാപിപ്പിക്കുന്നതിനും കഴിയും. ഇതിനായി എല്ലാ സീസണിലും സമൃദ്ധമായി ശുദ്ധ ജലം ലഭിക്കുന്ന ഏറ്റവും ചുരുങ്ങിയത് 5 ഹെക്ടർ സ്ഥലമെങ്കിലും കണ്ടെത്താൻ കഴിയുന്ന സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിനുമായി **2 കോടി** രൂപ വകയിരുത്തുന്നു.

## ഫാമുകളിൽ ഫിഷ് ഫീഡ് മില്ലുകൾ സ്ഥാപിക്കൽ – 50 ലക്ഷം

ജില്ലയിൽ മത്സ്യ കൃഷിക്കായി ഒരു വർഷം ഏറ്റവും കുറഞ്ഞത് 200 ടൺ മത്സ്യത്തീറ്റയാണ് ആവശ്യമായി വരുന്നത്. ഇത്രയും ഫീഡ് വാങ്ങിക്കേണ്ടി വരുന്നത് അയൽ സംസ്ഥാനങ്ങളിലെ സ്വകാര്യ ഏജൻസികളിൽ നിന്നാണ്. കേരളത്തിൽ മത്സ്യ തീറ്റ ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. അത് കൊണ്ട് തന്നെ അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഫിഷ് മീൽ വാങ്ങി മത്സ്യ തീറ്റ ഉൽപ്പാദിപ്പിക്കുന്ന ഫിഷ് ഫീഡ് മില്ലുകൾ ആരംഭിക്കുന്നത് മത്സ്യ കർഷകർക്ക് കുറഞ്ഞ നിരക്കിൽ തീറ്റ ലഭ്യമാക്കുന്നതിനും ജില്ലാ പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നതിനും സഹായകമാവും.

ജില്ലാ പഞ്ചായത്തിന്റെ ഫാമുകളിൽ ഇത്തരം ഫിഷ് ഫീഡ് മില്ലുകൾ സ്ഥാപിക്കുന്നതിനും ആയതിന്റെ നടത്തിപ്പിനുമായി ആദ്യ ഘട്ടത്തിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

## 'ഗ്രീൻ ക്ലീൻ മലപ്പുറം' സമ്പൂർണ്ണ ശുചിത്വ പദ്ധതി – 2 കോടി

പുതിയ ലോകത്തിന്റെ ഏറ്റവും വലിയ ഭീഷണിയും വെല്ലുവിളിയും അനുദിനം പുറം തള്ളപ്പെട്ടു കൊണ്ടിരിക്കുന്ന ജൈവ അജൈവ മാലിന്യങ്ങളാണ്. ഇവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പുനഃചംക്രമണം ചെയ്യുന്നതിനുമുള്ള സമഗ്രമായ പദ്ധതികൾ ത്രിതല പഞ്ചായത്തുകളുമായി ചേർന്ന് നടപ്പിലാക്കും.

തെരുവോരങ്ങളും, ജലാശയങ്ങളും, അങ്ങാടികളും, മറ്റു പൊതു ഇടങ്ങളും വെടിപ്പിലും വൃത്തിയിലും സൂക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് നടപ്പിലാക്കും. ഇത്തരത്തിൽ ശുചിത്വ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി ഏറ്റെടുത്ത് നടത്തുന്ന ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 'ഗ്രീൻ വില്ലേജ് ക്ലീൻ വില്ലേജ് ' പദവി നൽകി ആദരിക്കുകയും ഈ പദവി നേടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് 10 ലക്ഷം വീതവും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 25 ലക്ഷം വീതവും അവാർഡ് തുകയായി അനുവദിക്കുകയും ചെയ്യും. ഇത്തരത്തിൽ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ മലപ്പുറം ജില്ല സമ്പൂർണ്ണമായും ശുചിത്വ പദവി കൈവരിക്കുന്ന 'ഗ്രീൻ ക്ലീൻ മലപ്പുറം' ആയി മാറുന്നതിനു ലക്ഷ്യമിടുന്ന ഈ പ്രത്യേക പദ്ധതിക്കായി **2 കോടി രൂപ** നീക്കി വെക്കുന്നു.

## ആരോഗ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.ടി.പിയും അമിനിറ്റി സെന്ററുകളും – 8 കോടി

ജില്ലാ പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രികളിലെ മലിന ജലം പുറത്തേക്ക് ഒഴുകുന്നത് തടയുന്നതിനും പാഴായി പോവുന്ന മലിന ജലം സാംസ്കരിച്ച് ആവശ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുമായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നേരത്തെ തുടങ്ങി വെച്ച

പ്രവർത്തനങ്ങൾ ഏറെ മുന്നോട്ട് നീങ്ങിയിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനും അതോടൊപ്പം തന്നെ ജില്ലാ പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്ലറ്റ് സംവിധാനം അമിനിറ്റി സെന്റർ കൂടി സ്ഥാപിക്കുന്നതിനും **8 കോടി രൂപ** വകയിരുത്തുന്നു.

<u>**കല, സംസ്കാരം, ചരിത്ര പൈതൃകം – 3 കോടി**</u>

കേരളത്തിൽ തന്നെ ഏറ്റവും വലിയ കലാ സാംസ്കാരിക ചരിത്ര പൈതൃകങ്ങൾ ഉൾക്കൊള്ളുന്ന ജില്ലയാണ് മലപ്പുറം. തുഞ്ചത്തെഴുത്തച്ഛൻ, പൂന്താനം, വള്ളത്തോൾ, ഇടശ്ശേരി, മോയിൻ കുട്ടി വൈദ്യർ, ഉറൂബ് തുടങ്ങി മലയാള സാഹിത്യത്തിന് അനശ്വര സംഭവനകളർപ്പിച്ച നിരവധി സാഹിത്യ കേസരികൾ മലപ്പുറത്തിന്റെ അഭിമാനമാണ്. മലപ്പുറത്തിന്റെ ഈ സാംസ്കാരിക പാരമ്പര്യവും ചരിത്രവും വരും തലമുറക്ക് പകർന്നു നൽകുന്നതിനും ജില്ലക്കകത്തും പുറത്തുമുള്ള സാഹിത്യ ചരിത്ര വിദ്യാർത്ഥികൾക്ക് മുതൽ കൂട്ടാവുകയും ചെയ്യുന്ന സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് **3 കോടി രൂപ** വകയിരുത്തുന്നു.

<u>**വാരിയം കുന്നൻ കുഞ്ഞഹമ്മദാജി, പൂക്കോട്ടൂർ യുദ്ധം സ്മാരകങ്ങൾ – 5 കോടി**</u>

ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ യുദ്ധമെന്ന് വിശേഷിപ്പിക്കപ്പെട്ട പൂക്കോട്ടൂർ യുദ്ധത്തിന്റെയും മലപ്പുറത്തിന്റെ മണ്ണിൽ ബ്രിട്ടീഷ് പട്ടാളത്തെ ആട്ടിയോടിച്ച് 'മലയാള രാജ്യം' എന്ന പേരിൽ സ്വയം ഭരണം പ്രഖ്യാപിച്ച ധീര രക്ത സാക്ഷി വാരിയം കുന്നൻ കുഞ്ഞഹമ്മദ് ഹാജിയുടെയും സ്മാരകം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കഴിഞ്ഞ വർഷം തുടക്കം കുറിച്ചിരുന്നു. ഇതിനായി പൂക്കോട്ടൂരിൽ സ്ഥലം കണ്ടെത്തി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുത ഗതിയിലാണ്. പദ്ധതി യഥാർഥ്യമാക്കുന്നതിന് ആദ്യ വർഷം **5 കോടി രൂപ** അനുവദിക്കുന്നു.

**മാമാങ്കം സ്മാരക സംരക്ഷണവും വ്യാപാര മേലയുടെ പുനരാവിഷ്കാരവും – 50 ലക്ഷം**

ലോക ചരിത്രത്തിൽ തന്നെ ശ്രദ്ധേയമായിട്ടുള്ള തിരുനാവായ മാമാങ്ക സ്മാരകങ്ങൾ അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ക്ഷേത്ര പരിസരം മുതൽ തിരുനാവായ വരെയുള്ള ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും വേണ്ടത്ര സംരക്ഷിക്കപ്പെടാതെ കിടക്കുകയാണ്. ഇവ സംരക്ഷിക്കുന്നതിനും വ്യാപാര മേലയുടെ പുനരാവിഷ്കാരത്തിനുമായി മുൻ വർഷം പ്രത്യേക പദ്ധതി വകയിരുത്തിയിരുന്നു.

ഈ പരിപാടി ഇന്ത്യയുടെ തന്നെ പൈതൃക മേളകളുടെ കലണ്ടറിൽ ഉൾപ്പെടുത്തുന്നതിനും അതിലൂടെ മലപ്പുറത്തിന്റെ തനതായ പൈതൃകോത്സവമായി ആഗോള ടൂറിസം മാപ്പിൽ ഇടം പിടിക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതിക്ക് വേണ്ടി **50 ലക്ഷം** രൂപ വകയിരുത്തുന്നു.

**ട്രാൻസ് ജെൻഡേഴ്സിന്റെ പുനരധിവസവും നവോത്ഥാനവും – 50 ലക്ഷം**

പരിഷകൃത സമൂഹത്തിൽ ഏറെ പരിഗണനയും ശ്രദ്ധയും സഹായവും ലഭിക്കേണ്ട ഒരു വിഭാഗമാണ് ഭിന്ന ലിംഗക്കാർ. സാമൂഹ്യമായ കാരണങ്ങളാൽ മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തിപ്പെട്ടതോ സ്വയം പാർശ്വ വൽക്കരിക്കപ്പെട്ടതോ ആയ ഒരു വിഭാഗമാണിവർ. നിരന്തരം അവഗണനകൾക്കും പരിഹാസങ്ങൾക്കും പാത്രമായിക്കൊണ്ടിരിക്കുന്ന ഇവരുടെ സ്വഭാവ സവിശേഷതകൾ അറിഞ്ഞു കൊണ്ട് തന്നെ ഇവരെ പരിഗണിക്കാനും ആവശ്യമായ പുനരധിവാസ സംവിധാനങ്ങൾ ഒരുക്കി കൊടുക്കുന്നതിനും പ്രത്യേക പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് കഴിഞ്ഞ വർഷം തുടക്കം കുറിച്ചിട്ടുള്ള ഉദ്യമത്തിന് ട്രാൻസ് ഗെൻഡേഴ്സിൽ നിന്ന് നിറഞ്ഞ പിന്തുണയാണ് ലഭിച്ചിട്ടുള്ളത്.

ഇക്കാര്യത്തിൽ അവരുടെ കൂടി യോജിച്ച അഭിപ്രായം കണക്കിലെടുത്തു പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഭിന്ന ലിംഗക്കാർക്കിടയിൽ

നവോത്ഥാന പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിനുമുള്ള സമഗ്ര പദ്ധതിക്കായി **50 ലക്ഷം** രൂപ വകയിരുത്തുന്നു.

<u>മാധ്യമ പ്രവർത്തകർക്ക് ആരോഗ്യ ഇൻഷുറൻസ് – 50 ലക്ഷം</u>

ജനാധിപത്യ സംവിധാനത്തിൽ നാലാം തൂണെന്ന് വിശേഷിപ്പിക്കുന്ന മാധ്യമ പ്രവർത്തന രംഗം ഇന്ന് ഏറെ വെല്ലുവിളികളും സാഹസവും നിറഞ്ഞതാണ്. സമൂഹത്തിന് വാർത്തകളും അന്വേഷണാത്മക വിവരങ്ങളും സമയ ബന്ധിതമായും സത്യ സന്ധമായും എത്തിക്കുന്നതിന് ഒരു കേന്ദ്രത്തിൽ നിന്നും മറ്റൊരിടത്തേക്ക് നിരന്തരം ജീവൻ പണയപ്പെടുത്തിയും യാത്ര ചെയ്യേണ്ടി വരുന്ന മാധ്യമ പ്രവർത്തകർക്ക് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കി കൊടുക്കേണ്ടത് ഭരണകൂടത്തിന്റെ കടമ തന്നെയാണ്. ഈ കാഴ്ചപ്പാടിൽ നിന്നു കൊണ്ട് തന്നെ ജോലിക്കിടയിൽ അപകടത്തിൽ പെടുന്ന മാധ്യമ പ്രവർത്തകർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ അനുമതിക്ക് വിധേയമായി **50 ലക്ഷം** രൂപ വകയിരുത്തുന്നു.

<u>തദ്ദേശ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ആരോഗ്യ ഇൻഷുറൻസ് – 1 കോടി</u>

പൊതു സേവനത്തിനിടയിൽ പലപ്പോഴും സ്വയം ജീവിക്കാൻ മറന്നു പോയവരാണ് ജന പ്രതിനിധികൾ. ത്രിതല പഞ്ചായത്ത് മെമ്പർമാരെ സംബന്ധിച്ചിടത്തോളം നാമമാത്രമായ തുക മാത്രം ഓണറേറിയം ലഭിക്കുകയും എന്നാൽ രാവും പകലും ഒരു പോലെ പൊതു പ്രവർത്തന രംഗത്ത് കർമ്മ നിരതരാവുകയും ചെയ്യുന്നവരാണ്.

തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നല്ല നിലയിൽ മുന്നോട്ട് കൊണ്ട് പോവുന്നതിന് പലപ്പോഴും ഉദ്യോഗസ്ഥരേക്കാൾ പ്രയത്നം എടുക്കേണ്ടി വരുന്നതും മെമ്പർമാർക്കാണ്. ഇവർക്കാവട്ടെ താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് പോലും ലഭിക്കുന്ന യാതൊരു വിധ ആരോഗ്യ പരിരക്ഷയും ലഭിക്കുന്നില്ല.

ഇങ്ങനെ തങ്ങളുടെ നല്ല കാലം മുഴുവൻ ജന സേവന രംഗത്ത് സജീവമായി ഇപ്പോൾ സാധാരണ ജീവിതം നയിക്കുന്ന നിരവധി മുൻ ജന പ്രതിനിധികൾ ജില്ലയിലുണ്ട്. ഇവർക്ക് വേണ്ടി പ്രത്യേക ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതിക്ക് വിധേയമായി 1 **കോടി** രൂപ വകയിരുത്തുന്നു.

**'ന്യൂ ജെൻ മലപ്പുറം, നോ ഡ്രഗ്ഗ് മലപ്പുറം'**

**ലഹരി നിർമ്മാർജ്ജന പദ്ധതി – 20 ലക്ഷം**

ചെറുപ്പക്കാർക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും ലഹരി ഉപയോഗം വർദ്ധിക്കുന്നത് പുതിയ കാലത്തെ ഏറ്റവും വലിയ വെല്ലുവിളിയാണ്. പുതിയ തലമുറക്കിടയിൽ പിടി മുറുക്കി കൊണ്ടിരിക്കുന്ന ലഹരി മാഫിയക്കെതിരെ അതി ശക്തമായ ജാഗ്രതയും ബോധവൽക്കരണവും അനിവാര്യമാണ്. സ്കൂളുകൾ, കോളേജുകൾ, കോളനികൾ എന്നിവ കേന്ദ്രീകരിച്ച് 'ന്യൂജെൻ മലപ്പുറം, നോ ഡ്രഗ്ഗ് മലപ്പുറം' എന്ന പേരിൽ പ്രത്യേക ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

സ്കൂളുകളും, കോളേജുകളും കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് കായികവും കലാപരവുമായ പ്രോത്സാഹന പ്രവർത്തനങ്ങളിലൂടെ ലഹരിക്കെതിരായ ന്യൂ ജെൻ കൂട്ടായ്മ ശക്തിപ്പെടുത്തുകയും വിദ്യാർത്ഥികളെ ജില്ലയിലെ മൊത്തത്തിലുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനുള്ള സ്റ്റുഡന്റ് അമ്പാസഡർമാരായി പരിവർത്തിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയാണ് ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്യുന്നത്. ഇതിനായി 10 **ലക്ഷം** രൂപ വകയിരുത്തുന്നു. അതോടൊപ്പം 'കാൽപന്ത് ലഹരി' എന്ന പേരിൽ നേരത്തെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചിരുന്ന ജനകീയ ഫുട്ബോൾ മേള ഈ വർഷം സംഘടിപ്പിക്കുന്നതിനും ഇതിലൂടെ ജീവിതമാണ് ലഹരി എന്ന ചിന്തയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിക്കായി 10 **ലക്ഷം** രൂപ വേറെയും വകയിരുത്തുന്നു.

# പശ്ചാത്തല വികസനം

## റോഡുകളുടെ പുനരുദ്ധാരണത്തിന് – 10 കോടി

കഴിഞ്ഞ വർഷങ്ങളിൽ റോഡ് മെയ്ന്റനൻസ് ഇനത്തിൽ സർക്കാർ അനുവദിച്ചുകൊണ്ടിരുന്നതും ജില്ലക്ക് അവകാശപ്പെട്ടതുമായ ഗ്രാന്റിന്റെ നാലിൽ ഒന്ന് മാത്രമാണ് ഈ വർഷം അലോക്കേഷനായി ലഭിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകളിലെ ആസ്തി രജിസ്റ്ററുകൾ കാലികമാക്കുന്നത് സംബന്ധിച്ച് സർക്കാർ നൽകിയ നിർദ്ദേശങ്ങളിലെ സാങ്കേതിക പിഴവുകളും പരിശോധനാ സംവിധാനങ്ങളിലെ വീഴ്ച്ചയുംമൂലം മലപ്പുറം ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ കേരളത്തിലെ മുഴവൻ ജില്ലാപഞ്ചായത്തുകൾക്കും ഭീമമായ തുകയാണ് നഷ്ടമായിട്ടുള്ളത്. കഴിഞ്ഞ വർഷവും സർക്കാരിന് ഇതേ പിഴവ് സംഭവിച്ചിരുന്നുവെങ്കിലും പിന്നീട് തിരുത്തുകയുണ്ടായി. എന്നാൽ ഈ വർഷം ഇത് വരെയും വെട്ടിക്കുറച്ച മെയ്ന്റനൻസ് ഗ്രാന്റ് പുനസ്ഥാപിക്കാൻ സർക്കാർ സന്നദ്ധമായിട്ടില്ല.

ആയതിനാൽ ലഭ്യമായ ഗ്രാന്റും പ്രതീക്ഷിക്കുന്ന തനത് വിഹിതവും ഉൾപ്പെടുത്തി ജില്ലയിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് **10 കോടി രൂപ** വകയിരുത്തുന്നു. 6 മീറ്ററും അതിലധികവും വീതിയുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്നത്. ഗ്രാമ പഞ്ചായത്തുകളുടെ അഭ്യർത്ഥന പ്രകാരം 6 മീറ്ററോ അതിലധികമോ വീതിയുള്ളതും PWD റോഡുകളെ തമ്മിലോ, രണ്ട് പഞ്ചായത്തുകളെ തമ്മിലോ ബന്ധിപ്പിക്കുന്നതുമായ ചുരുങ്ങിയത് 1 കിലോ മീറ്ററെങ്കിലും നീളമുള്ള പ്രാദേശിക റോഡുകൾ ഏറ്റെടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിരുന്നു. ഇത്തരം റോഡുകളുടെ നവീകരണത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററുകളിൽ നിന്നും പ്രസ്തുത റോഡുകൾ ഒഴിവാക്കേണ്ടതുണ്ട്. അതോടൊപ്പം ഇക്കാര്യം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്ന മുറക്ക് മാത്രമാണ് കൂടുതൽ ഗ്രാന്റ് മെയ്ന്റനൻസ് റോഡ് വിഭാഗത്തിൽ സർക്കാരിൽ നിന്നും ജില്ലാ പഞ്ചായത്തിന് ലഭിക്കുക എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

## പ്രത്യേക ഘടക പദ്ധതികൾ

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര പുരോഗതിക്കായി – 26 കോടി**

സാമൂഹ്യമായ കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ടവരും പിന്നോക്കാവസ്ഥയിൽ കഴിയുന്നവരുമായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പുരോഗതിക്കായി മുൻവർഷങ്ങളിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ വർഷവും പട്ടികജാതി വിഭാഗക്കാരുടെ സർവ്വതോന്മുഖമായ വികസനവും ക്ഷേമവും ലക്ഷ്യംവെച്ച് കൊണ്ട് **24 കോടി രൂപയും**, പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനായി **2 കോടിയും** ഉൾപ്പെടെ പ്രത്യേക ഘടക പദ്ധതിക്കായി **26 കോടി രൂപ** ജില്ലാ പഞ്ചായത്തിന്റെ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**വീടും സ്ഥലവും ഇല്ലാത്തവർക്കായി – 5 കോടി**

സ്വന്തമായൊരു സ്ഥലവും വീടും എന്നത് ഏതൊരാളുടെയും സ്വപ്നമാണ്. ഈ സ്വപ്ന സാക്ഷാത്കാരത്തിനായി ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗർക്ക് സ്ഥലവും, വീടും നൽകുന്നതിനായി **5 കോടി രൂപ** ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ഭവന സുരക്ഷക്കായി – 5 കോടി രൂപ**

ജില്ലയിലെ ഭൂരിഭാഗം വരുന്ന പട്ടികജാതി കുടുംബങ്ങളും താമസിക്കുന്നത് മണ്ണൊലിപ്പ് അനുഭവപ്പെടുന്നതും അപകട സാധ്യത ഏറെയുള്ളതുമായ ഉയർന്ന പ്രദേശങ്ങളിലുമാണ്. ഇത് പരിഹരിക്കുന്നതിനായി ഇവരുടെ വീടും പരിസരവും കലോചിതമായി സംരക്ഷിച്ച് സുരക്ഷിതത്വം ഉറപ്പാക്കുകയാണ് ലക്ഷ്യം. ഇതിനായി **5 കോടി രൂപയാണ്** നീക്കിവെക്കുന്നത്.

**കോളനികളുടെ സമഗ്ര വികസനം – 3.5 കോടി**

പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളിൽ അധികവും ശോചനീയാവസ്ഥയിലാണ്. ഇവിടങ്ങളിലെ അടിസ്ഥാന സൌകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിനായി 3.5 **കോടി രൂപയാണ്** ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

**<u>കുടിവെള്ള പദ്ധതികൾക്കായി – 3 കോടി</u>**

പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അധികവും കുടിവെള്ള ക്ഷാമം നേരുടന്നവരാണ്. ശുദ്ധജല ദൌർലഭ്യം ഇവിടത്തുകാരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് വലിയ തോതിൽ കാരണമാവുന്നു. ഇവരുടെ ജലക്ഷാമം പരിഹരിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനുമായി 3 **കോടി രൂപ**യുടെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

**<u>കറവമാടുകൾക്കായി – 2 കോടി</u>**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സാധാരണക്കാർക്ക് ജീവിതോപാധി കണ്ടെത്തുന്നതിനായി അവർക്കിടയിലെ സ്വയം സഹായ സംഘങ്ങൾക്ക് കറവ മാടുകളെ നൽകുന്ന പദ്ധതി. 2 **കോടി രൂപ**യാണ് ഈ പദ്ധതിക്കായി വകയിരുത്തിയത്. ഇതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നത്.

**<u>ഗോത്രാമൃതം – 35 ലക്ഷം</u>**

വനങ്ങൾക്കിടയിൽ സ്ഥിരതാമസം നടത്തുന്ന പട്ടികവർഗ്ഗക്കാർക്ക് വനത്തിൽ നിന്നും ലഭിക്കുന്ന തേനും, മറ്റ് ഔഷധ വസ്തുക്കളും ശേഖരിക്കുന്നതിനും, ശുദ്ധീകരിക്കുന്നതിനും ആവശ്യമായ മെഷനറികളും മറ്റും നൽകുന്ന പദ്ധതിയാണ് ഗോത്രാമൃതം. നടപ്പ് വർഷത്തിൽ തുടക്കം കുറിച്ച ഈ പദ്ധതിയുടെ തുടർ നടത്തിപ്പിനായി **35 ലക്ഷം രൂപ** മാറ്റി വെച്ചിട്ടുണ്ട്. ശുദ്ധമായ ഔഷധ വീര്യമുള്ള വസ്തുക്കൾ വിപണിയിൽ എത്തിക്കാനും അവരുടെ ധനാഗമനം മാർഗ്ഗങ്ങൾ സമ്പുഷ്ടമാക്കാനും, **100 പേർക്ക് തൊഴിൽ** നൽകുന്നതിനു ഈ പദ്ധതിയിലൂടെ സാധ്യമാകും.

**ഗർഭിണികൾക്ക് പോഷകാഹാരം – 50 ലക്ഷം**

അജ്ഞത കൊണ്ടും പോഷകാഹാരക്കുറവ്മൂലവും പട്ടിക വർഗ്ഗക്കാർക്കിടയിൽ ആരോഗ്യ പ്രശ്നങ്ങൾ ഏറെയാണ്. മതിയായ പോഷകാഹാരം ലഭ്യമല്ലാത്തതിനാൽ ഗർഭണികൾ വലിയ പ്രയാസങ്ങൾ നേരിടുന്നുണ്ട്. വരും തലമുറ ആരോഗ്യമുള്ളതായി തീരണമെങ്കിൽ നല്ല രീതിയിലുള്ള പോഷകാഹാരം അമ്മമാർക്ക് ലഭിക്കേണ്ടതുണ്ട്. ഇതിനുള്ള ശ്രമമായാണ് ജില്ലാ പഞ്ചായത്ത് **50 ലക്ഷം** രൂപ വകയിരുത്തി ഗർഭിണികൾക്ക് പോഷകാഹാരം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**പി.എസ്.സി/യു.പി.എസ്.സി പരീക്ഷാ കോച്ചിംഗിന് – 20 ലക്ഷം**

കേന്ദ്ര/സംസ്ഥാന സർവ്വീസുകളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും ജോലി ലഭ്യമാവുകയെന്നത് പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് ഏറെ സഹായമാവും. എസ്.സി വിഭാഗക്കാർക്ക് അത്തരം പരീക്ഷകൾക്ക് പ്രത്യേകമായ കോച്ചിംങ്ങ് സൌജന്യമായി നൽകുന്ന പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് തുടക്കം കുറിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരെ പൊതു സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സഹാകരമാവുന്ന വിധത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൌജന്യമായി പി.എസ്.സി/യു.പി.എസ്.സി പരീക്ഷകൾക്കായുള്ള പ്രത്യേക കോച്ചിംഗ് നൽകുന്നതിനുമായി **20 ലക്ഷം** രൂപയാണ് വകയിരുത്തിയത്.

**മെറിറ്റോറിയസ് സ്കോളർഷിപ്പ് – 2 കോടി**

ഡിഗ്രി തലം തൊട്ട് വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന പ്രോത്സാഹനമായി **2 കോടി** രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധിമൂലം പഠനം പാതി വഴി ഉപേക്ഷിക്കേണ്ടി വരുന്ന പിന്നോക്ക വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് വലിയ ആശ്വാസമാവും ഈ പദ്ധതി.

## വിദേശത്ത് തൊഴിൽ നേടാൻ ധനസഹായം – 50 ലക്ഷം

വിദേശ രാജ്യങ്ങളിൽ ജോലി നേടുകയെന്നത് പുതിയ കാലത്തെ യുവാക്കളുടെ വലിയ സ്വപ്നവും പ്രതീക്ഷയുമാണ്. എന്നാൽ സാമ്പത്തിക പ്രതിസന്ധിമൂലം എസ്.സി.പി/ടി.എസ്.പി വിഭാഗത്തിലെ തൊഴിൽ രഹിതർക്ക് വിദേശ ജോലി എന്നത് ഇന്നും അന്യമാണ്. ഇതിനൊരു പരിഹാരമെന്നോണം വിദേശ ജോലി തേടിപ്പോവുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് **50 ലക്ഷം** രൂപയാണ് മാറ്റി വെച്ചിട്ടുള്ളത്.

## ഹൈസ്കൂൾ കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് – 10 ലക്ഷം

പഠന പിന്നോക്കാവസ്ഥയിലുള്ള ഹൈസ്കൂൾ തലത്തിലെ എസ്.സി.പി/ടി.എസ്.പി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതിയാണ് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതെ പുറം തള്ളപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കൂളുകൾ കേന്ദ്രീകരിച്ച് വിവിധ വിഷയങ്ങളിൽ കോച്ചിംഗ് നടക്കുന്നതിനായി **10 ലക്ഷം** രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## സമ്പൂർണ്ണ പത്താംതരം തുല്യതാ പദ്ധതി – 10 ലക്ഷം

ജില്ലയിലെ 18 നും 50 വയസ്സിനുമിടയിലുള്ള പത്താംതരം തുല്യതയില്ലാത്തവരെ കണ്ടെത്തി ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സഹകരണത്തോടെ അവരെ സാക്ഷരതാ മിഷന്റെ പത്താം ക്ലാസ്സ് തുല്യത പരീക്ഷ എഴുതിക്കുകയും ജില്ലയെ സമ്പൂർണ്ണ പത്താംതരം തുല്യതയുള്ളവരുടെ ജില്ലയായി പ്രഖ്യാപിക്കുന്നതിനുള്ള പദ്ധതിയാണ് സമ്പൂർണ്ണ പത്താം തരം തുല്യത പദ്ധതി. ഇതിനായി **10 ലക്ഷം** രൂപ വകയിരുത്തുന്നു.

## എസ്.സി/എസ്.ടി യുവതീ-യുവാക്കൾക്ക് തൊഴിൽ പരിശീലനം – 25 ലക്ഷം.

തൊഴിൽ രഹിതരായ പട്ടികജാതി യുവതീ-യുവാക്കൾക്ക് സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലും സ്വകാര്യ കമ്പനികളിലും തൊഴിൽ ലഭിക്കുന്നതിന് അസാപ്പ്, ജെഎസ്എസ് തുടങ്ങിയ സർക്കാർ ഏജൻസികളുമായി സഹകരിച്ച് മികച്ച തൊഴിൽ പരിശീലനവും സർട്ടിഫിക്കറ്റും അഭിമുഖ പരീക്ഷ നൈപുണിയും നൽകി തൊഴിൽ നേടുന്നതിന് സഹായിക്കുന്ന പ്രത്യേക പദ്ധതിക്കായി **25 ലക്ഷം** രൂപ വകയിരുത്തുന്നു.

## പഠനമുറി – 1 കോടി

പഠന സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് കാല ഘട്ടത്തിന്റെ അനിവാര്യതയാണ്. മതിയായ സൌകര്യങ്ങൾ ഇല്ലാത്ത ഒട്ടേറെ എസ്.സി.പി/ടി.എസ്.പി വീടുകൾ ഇന്ന് ജില്ലയിലുണ്ട്. മെച്ചപ്പെട്ട ഭൌതിക സൌകര്യങ്ങളോടെയുള്ള പഠന മുറികൾക്കായി **1 കോടി** രൂപയാണ് വകയിരുത്തിയത്.

**ലാപ്പ്ടോപ്പ് – 50 ലക്ഷം**

വർത്തമാന കാലത്ത് വിവര സാങ്കേതിക വിദ്യയുടെ പ്രാധാന്യം വളരെയോറെയാണ്.കമ്പ്യൂട്ടർ പഠനവും ഉപയോഗവും ഇന്നത്തെ വിദ്യാഭ്യാസ രീതിയുടെ അവിഭാജ്യഘടകവുമാണ്. ഇത് മനസ്സിലാക്കി കൊണ്ടാണ് ജില്ലാ പഞ്ചായത്ത് എസ്.സി.പി/ടി.എസ്.പി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചത്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ച് കൊണ്ട് നടത്തുന്ന പദ്ധതിക്കായി **50 ലക്ഷം** രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**പട്ടികവർഗ്ഗ ഭവന പുനരുദ്ധാരണവും കുടിവെള്ളവും – 1.25 കോടി**

ആദിവാസികൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിനും ഭവന പുനരുദ്ധാരണത്തിനുമായി **85 ലക്ഷം രൂപയും** പൊതുഗതാഗത സംവിധാനവും കുടിവെള്ള പദ്ധതികൾക്കുമായി 40 **ലക്ഷം** രൂപയുമാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

**********************

## ഉപസംഹാരം

ആസൂത്രണ മികവിന്റെ മിന്നുന്ന മാതൃകകളിലൂടെ വികസന മുന്നേറ്റങ്ങളുടെ വിജയ ഗാഥ രചിച്ച മലപ്പുറം ജില്ലയുടെ പുതിയ കാല അഭിലാഷങ്ങൾക്കും പുരോയാന ചിന്തകൾക്കും ഒപ്പം നിൽക്കുന്നതിന് പരമാവധി പരിശ്രമിച്ച് കൊണ്ടാണ് 2023-24 വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമ സ്വരാജിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും മുഖ്യ സങ്കൽപ്പങ്ങൾ പ്രയോഗതലത്തിൽ കൊണ്ട് വരുമ്പോൾ സർക്കാർ മാർഗ്ഗ രേഖകൾ തീർക്കുന്ന സാങ്കേതികത്വങ്ങൾ നമ്മെ അലോസരപ്പെടുത്തുന്നത് ചെറിയ തോതിലൊന്നുമല്ല. എങ്കിലും ലഭ്യമായ അധികാരങ്ങളെ ചായ്ച്ചും ചെരിച്ചും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും, സർക്കാറിന്റെ പ്രത്യേക

അനുമതി വാങ്ങിയുമൊക്കെ നടപ്പിലാക്കാം എന്ന പ്രതീക്ഷയാണ് ബജറ്റ് പ്രഖ്യാപനത്തിലൂടെ നെയ്തെടുത്ത സ്വപ്നങ്ങളത്രയും.

മുൻ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി അർഹമായ ഫണ്ടിന്റെ നാലിലൊന്ന് മാത്രമായി വെട്ടിക്കുറച്ച മെയിന്റെനൻസ് ഗ്രാന്റും, ആനുപാതിക വർദ്ധനവ് ലഭിക്കുന്നതിന് പകരം, അർഹമായ വിഹിതം പോലും കുറഞ്ഞു പോയ പ്ലാൻ ഫണ്ടുമാണ് ഇത്തവണ ജില്ലാ പഞ്ചായത്തിന്റെ വിഭവ സ്രോതസ്സ്. അത് കൊണ്ട് തന്നെ പരിമിതികളുടെ പത്മവ്യൂഹം പ്രതീക്ഷകൾ കൊണ്ട് ഭേദിക്കുന്നതിനുള്ള വലിയ ശ്രമമാണ് നടത്തിയിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും സ്റ്റേക്ക് ഹോൾഡേഴ്സ് യോഗങ്ങളിലും, വികസന സെമിനാറിലുമെല്ലാം ഉയർന്നു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മുഖവിലക്കെടുത്ത് കൊണ്ടും വിദഗ്ദരുമായി ചർച്ച ചെയ്ത് സമാഹരിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയും ജില്ലയുടെ സാമൂഹ്യ വ്യവഹാരത്തിന്റെ നിഖില മേഖലകളെയും അഭിസംബോധന ചെയ്യുന്നതിന് ബജറ്റ് ശ്രമിച്ചിട്ടുണ്ട്.

സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ഭിന്ന ലിംഗക്കാർ, കിടപ്പ് രോഗികൾ, കാൻസർ, കിഡ്നി, കരൾ രോഗികൾ, കർഷകർ, മത്സ്യ തൊഴിലാളികൾ, തൊഴിൽ സംരംഭകർ, അധ്യാപകർ, വിദ്യാർത്ഥികൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ, മാധ്യമ പ്രവർത്തകർ, പൊതു പ്രവർത്തകർ തുടങ്ങി എല്ലാ വിഭാഗങ്ങൾക്കും പ്രത്യക്ഷമായോ പരോക്ഷമായോ പ്രയോജനം ലഭിക്കുന്ന വിവിധോന്മുഖമായ പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ജില്ലയുടെ വികസന സ്വപ്നങ്ങൾക്കായി പ്രതീക്ഷിത വരുമാനത്തിന്റെയും സർക്കാർ വിഹിതത്തിന്റെയും വിഭവ സ്രോതസ്സുകൾ കണക്കു കൂട്ടി വരവു ചെലവുകളുടെ നൂലിഴ കീറിയുള്ള പഠനങ്ങൾക്കും പരിശോധനകൾക്കും ശേഷം തയ്യാറാക്കിയ **232,26,23,528/- രൂപ (ഇരുന്നൂറ്റി മുപ്പത്തി രണ്ട് കോടി ഇരുപത്തി ആറു ലക്ഷത്തി ഇരുപത്തി മൂവ്വായിരത്തി അഞ്ഞൂറ്റി ഇരുപത്തി എട്ട് ) രൂപ വരവും, 228,57,35,000/- രൂപ**

(ഇരുന്നൂറ്റി ഇരുപത്തി എട്ട് കോടി അമ്പത്തി ഏഴ് ലക്ഷത്തി മുപ്പത്തി അയ്യായിരം) രൂപ ചെലവും 3,68,88,528/- രൂപ (മൂന്ന് കോടി അറുപത്തി എട്ട് ലക്ഷത്തി എൺപത്തി എണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തി എട്ട്) കോടി രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

കക്ഷി രാഷ്ട്രീയ മത ചിന്തകൾക്കതീതമായി മാനവിക ഐക്യത്തിന്റെയും വികസന മുന്നേറ്റത്തിന്റെയും മഹിതമായ പാരമ്പര്യം എക്കാലവും കാത്തു സൂക്ഷിച്ച മലപ്പുറത്തിന്റെ ഒരുമയും പെരുമയും പുതിയ വികസന നിർദ്ദേശങ്ങളിലും പ്രതിഫലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

"ഹം ആഹങ്ക്കീ സെ ഹെ മെഹ്ഫി□ ജഹാ□ കീ..

ഇസീ സെ ഹെ ബഹാ□ ഇസ് ബോസ്താ□ കീ"

**(കൂട്ടായ്മയാണ് ലോകമെന്ന സദസ്സിന്റെ തന്നെ നിലനിൽപ്പിന്റെ അടിസ്ഥാനം..**

**ഈ പൂന്തോപ്പിന്റെ വസന്തം ഇത് കൊണ്ട് മാത്രമാണ്...)**

**എന്ന അല്ലാമ സർ മുഹമ്മദ് ഇക്ബാലിന്റെ വരികൾ ഉദ്ധരിച്ചു കൊണ്ട്**

അസഹിഷ്ണുതയുടെയും സ്വേഛാധിപത്യപരമായ ഭരണ കൂട നീക്കങ്ങളുടെയും പുതിയൊരു നയപരിപ്രേക്ഷ്യം രൂപപ്പെട്ടു കൊണ്ടിരിക്കുന്ന വർത്തമാന കാല ഇന്ത്യയിൽ പരസ്പര സഹകരത്തിന്റെയും സൗഹൃദത്തിന്റേതുമായ വേറിട്ടൊരു വികസന വസന്തം പൂവണിയിക്കാൻ കഴിയുന്ന മലപ്പുറം മോഡൽ മുന്നേറ്റത്തിനായി നമുക്ക് ഐക്യപ്പെടാം എന്ന പ്രതീക്ഷ പങ്കു വെച്ചു കൊണ്ട് 2023-24 വർഷത്തേക്കുള്ള മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക ബജറ്റ് സഹൃദയ സമക്ഷം സമർപ്പിക്കുന്നു.........

********************

| ബജറ്റ് 2023–24 സംഗ്രഹം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | | ഇനം | വരവ് | ആകെ വരവ് | ചെലവ് |
| 1 | | **വികസന ഫണ്ട്** | | | |
| | i | ജനറൽ | 528578000 | 997762000 | 997762000 |
| | ii | എസ്. സി.പി. | 232682000 | | |
| | iii | ടി.എസ്.പി | 17687000 | | |
| | iV | ബേസിക് ഗ്രാന്റ് | 87526000 | | |
| | V | ടൈഡ് ഗ്രാന്റ് | 131289000 | | |
| | | | | | |
| 2 | | നഗര സഞ്ചയ പദ്ധതി | 400000000 | 400000000 | 400000000 |
| | | | | | |
| 3 | | **മെയിന്റനൻസ് ഗ്രാന്റ്** | | | |
| | i | റോഡ് | 81473000 | 406815000 | 406815000 |
| | ii | റോഡിതരം | 325342000 | | |
| | | | | | |
| 4 | | സംസ്ഥാനാവിഷ്കൃത പദ്ധതി (മറ്റു വകുപ്പുകളുടെ ഫണ്ട് ) | 50000000 | 50000000 | 50000000 |
| | | | | | |
| 5 | | കേന്ദ്രാവിഷ്കൃത ഫണ്ട് | 50000000 | 50000000 | 50000000 |
| | | | | | |
| 6 | | മറ്റു വരവുകൾ (സംയുക്ത പദ്ധതി, ഘടകസ്ഥാപനങ്ങൾക്കുള്ളവ etc) | 45457700 | 45457700 | 45457700 |
| | | | | | |
| 7 | | **തനത്ഫണ്ട്** | | | |
| | i | നീക്കിയിരുപ്പ് | 255202828 | 372588828 | 335700300 |
| | ii | ജനറൽ പർപ്പസ് ഫണ്ട് | 53968000 | | |
| | iii | മറ്റു തനതുഫണ്ട് വരവുകൾ | 63418000 | | |
| | | | | | |
| 8 | | ആകെ | **2322623528** | **2322623528** | **2285735000** |
| 9 | | മിച്ചം | | | **36888528** |

| മലപ്പുറം ജില്ലാ പഞ്ചായത്ത് – 2023-24 വർഷത്തെ ബജറ്റ് | | | | | |
|---|---|---|---|---|---|
| BUDGET STATEMENT | | | | | |
| | PARTICULARS | | Actuals for the year 2021-22 | Budget for the year 2022-23 (പരിഷ്കരിച്ച ബജറ്റ് 2022-23 | Budget for the Year 2023-24 (ബജറ്റ് 2023-24 |
| A | Opening balance(net) | ws-1 | 59440751 | 259363828 | 255202828 |
| B | a) Tax revenue-നികുതി വരുമാനം | BS-1 | | | |
| C | b) Non tax revenue-നികുതിയിതര വരുമാനം | BS-2 | 34976725 | 54113000 | 63418000 |
| D | **Total Own Fund-ആകെ തനത് ഫണ്ട്** | (B+C) | 34976725 | 54113000 | 63418000 |
| E | c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് | BS-3 | 43023000 | 48186000 | 53968000 |
| F | **Total -ആകെ** | (D+E) | 77999725 | 102299000 | 117386000 |
| G | d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് | BS-4 | 1178328807 | 1791875000 | 1759577000 |
| H | e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 28000 | 50000000 | 50000000 |
| I | **Toal Revenue Income -ആകെ റവന്യൂ വരവുകൾ** | (F+G+H) | 1256356532 | 1944174000 | 1926963000 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | | | |
| K | Capital Income other than loans -വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 170000000 | 142500000 | 140457700 |

| | | | | | |
|---|---|---|---|---|---|
| L | **Total Capital Income–ആകെ മൂലധന വരവുകൾ** | (J+K) | 170000000 | 142500000 | 140457700 |
| M | **Total Income –ആകെ വരവുകൾ** | (I+L) | 1426356532 | 2086674000 | 2067420700 |
| N | **Total Income+Net opening balance–ആകെ വരവുകളും പ്രാരംഭ ബാക്കിയും** | (M+A) | 1485797283 | 2346037828 | 2322623528 |
| O | Revenue Expenditure–Statutory functions–റവന്യൂ ചെലവുകൾ–അനിവാര്യ ചുമതലകൾക്ക് | BS–8 | 53866487 | 45610000 | 75335000 |
| P | Revenue Expenditure–Plan–റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS–9 | 982921529 | 1818725000 | 1972900000 |
| Q | Revenue Expenditure–Non–Plan–റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS–10 | 20989900 | 50000000 | 50000000 |
| R | **Total Revenue Expenditure –ആകെ റവന്യൂ ചെലവുകൾ** | (O+P+Q) | 1057777916 | 1914335000 | 2098235000 |
| S | Capital Expenditure –Loan repayments–മൂലധന ചെലവുകൾ–വായ്പ തിരിച്ചടവ് | BS–11 | | | |
| T | Capital expenditure other than loan repayments –മറ്റ് മൂലധന ചെലവുകൾ | BS–12 | 168655539 | 176500000 | 187500000 |
| U | **Total Capital Expenditure –ആകെ മൂലധന ചെലവുകൾ ചെലവുകൾ** | (S+T) | 168655539 | 176500000 | 187500000 |
| V | **Total Expenditure –ആകെ ചെലവുകൾ** | (R+U) | 1226433455 | 2090835000 | 2285735000 |
| W | **Closing Balance–നീക്കി ബാക്കി** | (N–V) | 259363828 | 255202828 | 36888528 |

# മലപ്പുറം ജില്ലാ പഞ്ചായത്ത് - 2023-24 വർഷത്തെ ബജറ്റ്

## BUDGET SCHEDULES

| DETAILED HEAD CODE | PARTICULARS(ഇനവിവരം) | Actuals for the year 2021-22 | Budget for the year 2022-23(including all revisions) (പരിഷ്കരിച്ച ബജറ്റ് 2022-23 | Budget for the Year 2023-24 (ബജറ്റ് 2023-24 |
|---|---|---|---|---|
| BS-1-REVENUE INCOME-TAXES-(നികുതി വരവുകൾ ) | | | | |
| 110 | Total-Tax Revenue-ആകെ നികുതി വരവ് | 0 | 0 | 0 |
| BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ ) | | | | |
| 130 | Rental Income from Panchayat Properties | | | |
| 130 10 01 | Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 509802 | 500000 | 550000 |
| 130 20 01 | Rent from Staff Quarters-സ്റ്റാഫ് ക്വാർട്ടേഴ്സ് വാടക | | | |
| 130 30 01 | Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക | | | |
| 130 40 01 | Daily Rentals from Panchayat Properties-പഞ്ചായത്ത് സ്വത്തുകളുടെ ദിവസ വാടക | | | |
| 130 80 01 | Other Rents- മറ്റ് വാടകകൾ | | | |
| 130 | Total-Rental Income from Panchayat Properties | 509802 | 500000 | 550000 |

| | | | | |
|---|---|---|---|---|
| **140** | **Fees & User Charges** | | | |
| 140 10 01 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | | | |
| 140 11 01 | Licence Fees-ലൈസൻസ് ഫീസ് | | | |
| 140 12 01 | Fee for Grant of Permit-പെർമിറ്റ് ഫീസ് | | | |
| 140 13 01 | Fees for Certificate or Extract-സർട്ടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 702 | 3000 | 3000 |
| 140 20 01 | Penalties and Fines-ഫൈൻ | 3513547 | 2000000 | 3000000 |
| 140 40 01 | Miscellaneous Fees-മറ്റ് ഫീസുകൾ | | | |
| 140 50 01 | User Charges Collected-യൂസർ ചാർജ് | 65000 | 5500000 | 5000000 |
| 140 70 01 | Service/ Administrative Charges-സർവീസ്/അഡ്മിനിസ്ട്രേറ്റിവ് ചാർജുകൾ | 414796 | 1000000 | 1000000 |
| **140** | **Total-Fees & User Charges-** | **3994045** | **8503000** | **9003000** |
| **150** | **Sale & Hire Charges** | | | |
| 150 10 01 | Sale of Products-ഉൽപ്പന്നങ്ങളുടെ വില | 19088151 | 30000000 | 35000000 |
| 150 11 01 | Sale of Forms-ഫാറം വില | 2554950 | 5500000 | 5500000 |
| 150 12 01 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 956414 | 900000 | 1000000 |
| 150 30 01 | Miscellaneous Sales--മറ്റ് വസ്തുക്കളുടെ വിൽപ്പന | | | |
| 150 40 01 | Hire Charges of Vehicles-വാഹന വാടക | | | |
| 150 41 01 | Hire Charges of Tools, Machinery and Equipment-ഉപകരണങ്ങളുടെ വാടക | 729548 | 750000 | 800000 |
| **150** | **Total-Sale & Hire Charges** | **23329063** | **37150000** | **42300000** |
| **151** | **Receipts from Transferred Institutions** | | | |

| | | | | |
|---|---|---|---|---|
| 151 10 01 | Receipts from Transferred Institutions | 32600 | 50000 | 60000 |
